

''നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ''

*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

**വാല്യം 90 ലക്കം 05 നവംബർ 2017**

ഉള്ളടക്കം


മാർപാപ്പായുടെ ലോകസാധുജനദിന സന്ദേശം ................ 5
സർക്കുലർ (17 Ch.184-259) ........................................ 11
സർക്കുലർ (17 Ch.185-260) .................................... 14
FABC ബാങ്കോക്ക് സമ്മേളനം ...................................... 17
കച്ചേരിക്കാര്യം ........................................................... 20
പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ ...... 24
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ............................. 27
പ്രവാസി അപ്പോസ്തലേറ്റ് ........................................... 29
സന്ദേശനിലയം ............................................................ 31
ചെറുപുഷ്പ മിഷൻലീഗ് .............................................. 34
ഫാമിലി അപ്പോസ്റ്റലേറ്റ്. ................................................ 37
യുവദീപ്തി ................................................................. 40
കെ.സി.എസ്.എൽ. .................................................... 42
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........... 43
ആത്മതാകേന്ദ്രം ......................................................... 45
ചാസ് ........................................................................ 47
എൽഡേഴ്സ് ഫ്രാറ്റേണിറ്റി............................................. 55
കരിസ്മാറ്റിക് നവീകരണവാർത്തകൾ ........................... 56
ചാരിറ്റി വേൾഡ് ട്രസ്റ്റ് .................................................. 58
ജീവകാരുണ്യനിധി ട്രസ്റ്റ് ............................................... 61
ദലിത് കത്തോലിക്കാ മഹാജനസഭ ............................... 67
കത്തോലിക്കാ കോൺഗ്രസ് ......................................... 68
വിൻസെൻഷ്യൻ വേദി ................................................. 69
ഫ്രാൻസിസ്കൻ അല്മായസഭ ...................................... 71
ആവേമരിയ ................................................................ 74
പൗരോഹിത്യ ആദ്ധ്യാത്മികത ....................................... 76
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ................................ 82
*Engagements*. ............................................................. 87



Annual Subscription: Rs. 120/-



*ARCHBISHOP'S HOUSE*
*P.B. No. 20, CHANGANACHERRY - 686 101*
*Tel: 0481 - 2420040, 2420379, 2420614*
*Fax: 2422540 E-mail: bpjperumthottam@yahoo.co.in*
*Website: www.archdiocesechanganacherry.org*

MESSAGE OF HIS HOLINESS POPE FRANCIS

# *FIRST WORLD DAY OF THE POOR*

*33rd Sunday in Ordinary Time*

*19 November 2017*

## *Let us love, not with words but with deeds*

1. "Little children, let us not love in word or speech, but in deed and in truth" (*1 Jn* 3:18). These words of the Apostle John voice an imperative that no Christian may disregard. The seriousness with which the "beloved disciple" hands down Jesus' command to our own day is made even clearer by the contrast between the *empty words* so frequently on our lips and the *concrete deeds* against which we are called to measure ourselves. Love has no alibi. Whenever we set out to love as Jesus loved, we have to take the Lord as our example; especially when it comes to loving the poor. The Son of God's way of loving is well-known, and John spells it out clearly. It stands on two pillars: God loved us first (cf. *1 Jn* 4:10.19), and he loved us by giving completely of himself, even to laying down his life (cf. *1 Jn* 3:16).

Such love cannot go unanswered. Even though offered unconditionally, asking nothing in return, it so sets hearts on fire that all who experience it are led to love back, despite their limitations and sins. Yet this can only happen if we welcome God's grace, his merciful charity, as fully as possible into our hearts, so that our will and even our emotions are drawn to love both God and neighbour. In this way, the mercy that wells up – as it were – from the heart of the Trinity can shape our lives and bring forth compassion and works of mercy for the benefit of our brothers and sisters in need.

2. "This poor man cried, and the Lord heard him" (*Ps* 34:6). The Church has always understood the importance of this cry. We possess an outstanding testimony to this in the very first pages of the Acts of the Apostles, where Peter asks that seven men, "full of the Spirit and of wisdom" (6:3), be chosen for the ministry of caring for the poor. This is certainly one of the first signs of the entrance of the Christian

community upon the world's stage: the service of the poor. The earliest community realized that being a disciple of Jesus meant demonstrating fraternity and solidarity, in obedience to the Master's proclamation that the poor are *blessed*and *heirs* to the Kingdom of heaven (cf. *Mt* 5:3).

"They sold their possessions and goods and distributed them to all, as any had need" (*Acts* 2:45). In these words, we see clearly expressed the lively concern of the first Christians. The evangelist Luke, who more than any other speaks of mercy, does not exaggerate when he describes the practice of sharing in the early community. On the contrary, his words are addressed to believers in every generation, and thus also to us, in order to sustain our own witness and to encourage our care for those most in need. The same message is conveyed with similar conviction by the Apostle James. In his Letter, he spares no words: "Listen, my beloved brethren. Has not God chosen those who are poor in the world to be rich in faith and heirs of the kingdom that he has promised to those who love him? But you have dishonoured the poor man. Is it not the rich who oppress you, and drag you into court? ... What does it profit, my brethren, if a man says he has faith but has not works? Can his faith save him? If a brother or sister is poorly clothed and in lack of daily food, and one of you says to them, 'Go in peace, be warmed and filled", without giving them the things needed for the body; what does it profit? So faith by itself, if it has not works, is dead' (2:5-6.14-17).

3. Yet there have been times when Christians have not fully heeded this appeal, and have assumed a worldly way of thinking. Yet the Holy Spirit has not failed to call them to keep their gaze fixed on what is essential. He has raised up men and women who, in a variety of ways, have devoted their lives to the service of the poor. Over these two thousand years, how many pages of history have been written by Christians who, in utter simplicity and humility, and with generous and creative charity, have served their poorest brothers and sisters!

The most outstanding example is that of Francis of Assisi, followed by many other holy men and women over the centuries. He was not satisfied to *embrace* lepers and give them *alms*, but chose to go to Gubbio to *stay* with them. He saw this meeting as the turning point of his conversion: "When I was in my sins, it seemed a thing too bitter to look on lepers, and the Lord himself led me among them and I showed them mercy. And when I left them, what had seemed bitter to me was changed into sweetness of mind and body" (*Text* 1-3: *FF* 110). This testimony shows the transformative power of charity and the Christian way of life.

We may think of the poor simply as the beneficiaries of our occasional volunteer work, or of impromptu acts of generosity that appease our conscience. However good and useful such acts may be for making us sensitive to people's needs and the injustices that are often their cause, they ought to lead to a true *encounter* with the poor and a *sharing* that becomes a way of life. Our prayer and our journey of discipleship and conversion find the confirmation of their evangelic authenticity in precisely such charity and sharing. This way of life gives rise to joy and peace of soul, because we touch with our own hands the *flesh of Christ*. If we truly wish to encounter Christ, we have to touch his body in the suffering bodies of the poor, as a response to the sacramental communion bestowed in the Eucharist. The Body of Christ, broken in the sacred liturgy, can be seen, through charity and sharing, in the faces and persons of the most vulnerable of our brothers and sisters. Saint John Chrysostom's admonition remains ever timely: "If you want to honour the body of Christ, do not scorn it when it is naked; do not honour the Eucharistic Christ with silk vestments, and then, leaving the church, neglect the other Christ suffering from cold and nakedness" (*Hom. in Matthaeum*, 50.3: PG 58).

We are called, then, to draw near to the poor, to encounter them, to meet their gaze, to embrace them and to let them feel the warmth of love that breaks through their solitude. Their outstretched hand is also an invitation to step out of our certainties and comforts, and to acknowledge the value of poverty in itself.

4. Let us never forget that, for Christ's disciples, poverty is above all a *call to follow Jesus in his own poverty*. It means walking behind him and beside him, a journey that leads to the beatitude of the Kingdom of heaven (cf. *Mt* 5:3; *Lk* 6:20). Poverty means having a humble heart that accepts our creaturely limitations and sinfulness and thus enables us to overcome the temptation to feel omnipotent and immortal. Poverty is an interior attitude that avoids looking upon money, career and luxury as our goal in life and the condition for our happiness. Poverty instead creates the conditions for freely shouldering our personal and social responsibilities, despite our limitations, with trust in God's closeness and the support of his grace. Poverty, understood in this way, is the yardstick that allows us to judge how best to use material goods and to build relationships that are neither selfish nor possessive (cf. *Catechism of the Catholic Church*, Nos. 25-45).

Let us, then, take as our example Saint Francis and his witness of authentic poverty. Precisely because he kept his gaze fixed on Christ, Francis was able to

see and serve him in the poor. If we want to help change history and promote real development, we need to hear the cry of the poor and commit ourselves to ending their marginalization. At the same time, I ask the poor in our cities and our communities not to lose the sense of evangelical poverty that is part of their daily life.

5. We know how hard it is for our contemporary world to see poverty clearly for what it is. Yet in myriad ways poverty challenges us daily, in faces marked by suffering, marginalization, oppression, violence, torture and imprisonment, war, deprivation of freedom and dignity, ignorance and illiteracy, medical emergencies and shortage of work, trafficking and slavery, exile, extreme poverty and forced migration. Poverty has the face of women, men and children exploited by base interests, crushed by the machinations of power and money. What a bitter and endless list we would have to compile were we to add the poverty born of social injustice, moral degeneration, the greed of a chosen few, and generalized indifference!

Tragically, in our own time, even as ostentatious wealth accumulates in the hands of the privileged few, often in connection with illegal activities and the appalling exploitation of human dignity, there is a scandalous growth of poverty in broad sectors of society throughout our world. Faced with this scenario, we cannot remain passive, much less resigned. There is a poverty that stifles the spirit of initiative of so many young people by keeping them from finding work. There is a poverty that dulls the sense of personal responsibility and leaves others to do the work while we go looking for favours. There is a poverty that poisons the wells of participation and allows little room for professionalism; in this way it demeans the merit of those who do work and are productive. To all these forms of poverty we must respond with a new vision of life and society.

All the poor – as Blessed Paul VI loved to say – belong to the Church by "evangelical right" (*Address at the Opening of the Second Session of the Second Vatican Ecumenical Council*, 29 September 1963), and require of us a fundamental option on their behalf. Blessed, therefore, are the open hands that embrace the poor and help them: they are hands that bring hope. Blessed are the hands that reach beyond every barrier of culture, religion and nationality, and pour the balm of consolation over the wounds of humanity. Blessed are the open hands that ask nothing in exchange, with no "ifs" or "buts" or "maybes": they are hands that call down God's blessing upon their brothers and sisters.

6. At the conclusion of the Jubilee of Mercy, I wanted to offer the Church a *World Day of the Poor*, so that throughout the world Christian communities can become an ever greater sign of Christ's charity for the least and those most in need. To the World Days instituted by my Predecessors, which are already a tradition in the life of our communities, I wish to add this one, which adds to them an exquisitely evangelical fullness, that is, Jesus' preferential love for the poor.

I invite the whole Church, and men and women of good will everywhere, to turn their gaze on this day to all those who stretch out their hands and plead for our help and solidarity. They are our brothers and sisters, created and loved by the one Heavenly Father. This *Day* is meant, above all, to encourage believers to react against a culture of discard and waste, and to embrace the culture of encounter. At the same time, everyone, independent of religious affiliation, is invited to openness and sharing with the poor through concrete signs of solidarity and fraternity. God created the heavens and the earth for all; yet sadly some have erected barriers, walls and fences, betraying the original gift meant for all humanity, with none excluded.

7. It is my wish that, in the week preceding the World Day of the Poor, which falls this year on 19 November, the Thirty-third Sunday of Ordinary Time, Christian communities will make every effort to create moments of encounter and friendship, solidarity and concrete assistance. They can invite the poor and volunteers to take part together in the Eucharist on this Sunday, in such a way that there be an even more authentic celebration of the Solemnity of Our Lord Jesus Christ, Universal King, on the following Sunday. The kingship of Christ is most evident on Golgotha, when the Innocent One, nailed to the cross, poor, naked and stripped of everything, incarnates and reveals the fullness of God's love. Jesus' complete abandonment to the Father expresses his utter poverty and reveals the power of the Love that awakens him to new life on the day of the Resurrection.

This Sunday, if there are poor people where we live who seek protection and assistance, let us draw close to them: it will be a favourable moment to encounter the God we seek. Following the teaching of Scripture (cf. *Gen* 18:3-5; *Heb* 13:2), let us welcome them as honoured guests at our table; they can be teachers who help us live the faith more consistently. With their trust and readiness to receive help, they show us in a quiet and often joyful way, how essential it is to live simply and to abandon ourselves to God's providence.

8. At the heart of all the many concrete initiatives carried out on this day should always be *prayer*. Let us not forget that the *Our Father* is the prayer of the poor. Our asking for bread expresses our entrustment to God for our basic needs in life. Everything that Jesus taught us in this prayer expresses and brings together the cry of all who suffer from life's uncertainties and the lack of what they need. When the disciples asked Jesus to teach them to pray, he answered in the words with which the poor speak to our one Father, in whom all acknowledge themselves as brothers and sisters. The *Our Father* is a prayer said in the plural: the bread for which we ask is "ours", and that entails sharing, participation and joint responsibility. In this prayer, all of us recognize our need to overcome every form of selfishness, in order to enter into the joy of mutual acceptance.

9. I ask my brother Bishops, and all priests and deacons who by their vocation have the mission of supporting the poor, together with all consecrated persons and all associations, movements and volunteers everywhere, to help make this *World Day of the Poor* a tradition that concretely contributes to evangelization in today's world.

This new *World Day*, therefore, should become a powerful appeal to our consciences as believers, allowing us to grow in the conviction that sharing with the poor enables us to understand the deepest truth of the Gospel. The poor are not a problem: they are a resource from which to draw as we strive to accept and practise in our lives the essence of the Gospel.

*From the Vatican, 13 June 2017*

Memorial of Saint Anthony of Padua

**Francis**

# പള്ളിക്കൂദാശക്കാലം – ദൈവാനുഭവത്തിന്റെ നിത്യത

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

രക്ഷാകര ചരിത്രത്തിലൂടെയുള്ള നമ്മുടെ വാർഷിക ആത്മീയ തീർത്ഥാടനത്തിന്റെ അവസാനഘട്ടമായ പള്ളിക്കൂദാശക്കാലത്തിലെത്തിയിരിക്കുകയാണല്ലോ നമ്മൾ. ഇതൊരു കൗദാശിക യാത്രയാണ്. അതായത്, അദൃശ്യമായ ദൈവകൃപയ്ക്ക് നമ്മൾ പാത്രീഭൂതരായിത്തീരുന്ന ജീവിതയാത്ര. രക്ഷാകരരഹസ്യങ്ങളെ അനുസ്മരിച്ചും ധ്യാനിച്ചും ആഘോഷിച്ചും അവയുടെ ചൈതന്യത്തിൽ ജീവിച്ചും നടത്തുന്ന യാത്ര. യാത്രയുടെ ലക്ഷ്യം ദൈവസന്നിധിയിലെത്തി നിത്യജീവൻ പ്രാപിക്കുക എന്നതാണ്. ദൈവസ്നേഹത്തിന്റെ അവസാനിക്കാത്ത അനുഭവമാണത്; ദൈവികാനന്ദത്തിന്റെ അനന്തമായ അനുഭവം. അതാണ് ജീവിതവിജയം.

നമ്മുടെ ഈ ജീവിതവിജയത്തിന് ആവശ്യമായ മൂന്നു സർവ്വോത്കൃഷ്ടമായ കൃപകൾ ദൈവം നമുക്കു നൽകുന്നുണ്ട്: വിശ്വാസം, പ്രത്യാശ, സ്നേഹം. വിശ്വാസത്തിനുള്ള പ്രതിഫലമാണ് നിത്യജീവൻ. 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' എന്ന ഈശോയുടെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണിത്. ഈശോയിൽ വിശ്വസിക്കുക എന്നാൽ, ഈശോയെ രക്ഷകനായി അംഗീകരിക്കുക, ദൈവത്തിന്റെ പുത്രനായ മിശിഹായാണെന്ന് ഏറ്റു പറയുക, ഈശോയിൽ ദൈവത്തെ തന്നെയാണ് കാണുന്നതെന്ന് ബോദ്ധ്യപ്പെടുക, ഈശോ നൽകിയ കല്പനകൾ പാലിക്കുക, ഈശോയ്ക്കായി പൂർണ്ണമായി സമർപ്പിക്കുക എന്നാണർത്ഥം.

വിശ്വാസം ദൈവികശക്തിയാണ്; ജീവിതലക്ഷ്യമായ ദൈവത്തിലെത്തിച്ചേരുന്നതിനുള്ള എല്ലാ തടസങ്ങളും നീക്കിക്കളയുന്ന ദൈവകൃപയാണ്. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലയെത്തന്നെ മാറ്റാൻ കഴിയുമെന്നുള്ള ഈശോയുടെ വാക്കുകൾ അതാണ് വ്യക്തമാക്കുന്നത്. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നതാണ് വിശ്വാസം. ഇപ്രകാരമുള്ള വിശ്വാസത്തിനു ലഭിക്കുന്ന പ്രതിഫലമാണ് നിത്യജീവൻ. അതാണ് സ്വർഗ്ഗം, ദൈവത്തോടൊപ്പമുള്ള ജീവിതം. പള്ളിക്കൂദാശക്കാലത്തിന്റെ അർത്ഥമിതാണ്. സ്വർഗ്ഗീയ ജീവിതത്തിന്റെ ഭാഗികമായ അനുഭവം

വിശ്വാസം വഴി ഈ ലോകത്തിൽ വച്ചു തന്നെ നമുക്കു ലഭിക്കുന്നു; അപരിമേയവും അവർണ്ണനീയവുമായ അതിന്റെ പൂർണ്ണത മരണാനന്തരവും.

വിശ്വാസം നമുക്കു പ്രത്യാശ പകരുന്നു. ഈ പ്രത്യാശയാണ് പ്രതിബദ്ധങ്ങളുടെയും ക്ലേശങ്ങളുടെയും പരാജയങ്ങളുടെ നടുവിൽ പോലും മുമ്പോട്ടു പോകാൻ നമുക്കു പ്രചോദനമാകുന്നത്. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നുള്ള ഉറച്ച വിശ്വാസമാണ് പ്രത്യാശയുടെ അടിത്തറ. മരണത്തെപ്പോലും പരാജയപ്പെടുത്തിയ ഈശോമിശിഹാ സർവ്വശക്തനാണെന്നുള്ള ബോദ്ധ്യം ഏതു പ്രതിസന്ധികളിലും നിരാശരാകാതെ ഉറച്ചു നിന്നു മുന്നേറാൻ ശക്തി നൽകും. വിശ്വാസത്തിന്റെ അഭാവമാണ് യൂദാസിനെ നിരാശയിലാഴ്ത്തിയത്. മറിച്ച് വിശ്വാസം പത്രോസിനെ ദാരുണമായ വീഴ്ചയിൽ നിന്ന് മോചിപ്പിച്ചു, അദ്ദേഹം നിരാശനാകാതെ കർത്താവിൽ ആശ്രയിച്ച് പ്രത്യാശയിൽ പരാജയത്തെ അതിജീവിച്ചു. പ്രത്യാശയുടെ പൂർത്തീകരണമാണ് പള്ളിക്കൂദാശക്കാലം സൂചിപ്പിക്കുന്ന സ്വർഗ്ഗീയ ജീവിതം. ഈ ലോകത്തിലെ സാധാരണജീവിതത്തിലും നിരാശരാകാതെയും തളരാതെയും മുന്നേറാൻ നമുക്കു ശക്തി പകരുന്നത് വിശ്വസ്തരായവരുടെ വാക്കുകളും സാന്നിദ്ധ്യവും സഹായങ്ങളുമൊക്കെയാണല്ലോ.

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ അമൂല്യദാനങ്ങളിൽ സർവ്വോത്കൃഷ്ടമായത് സ്നേഹമാണെന്ന് പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു. സർവ്വദൈവകല്പനകളുടെയും സാരം സ്നേഹമാണെന്ന് ഈശോ പഠിപ്പിച്ചു. തന്റെ ശിഷ്യരെ തിരിച്ചറിയുവാനുള്ള മുഖമുദ്ര സ്നേഹമായിരിക്കണമെന്നും ഈശോ പഠിപ്പിച്ചു. വിശ്വാസവും പ്രത്യാശയും ഇല്ലാതാകുമെന്നും സ്നേഹം നിലനിൽക്കുമെന്നും പൗലോസ്ശ്ലീഹാ പഠിപ്പിച്ചു. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പരിസമാപ്തിയും അവയ്ക്കുള്ള പ്രതിഫലവുമാണ് സ്വർഗ്ഗീയ ജീവിതം. അതാകട്ടെ പരിപൂർണ്ണമായ സ്നേഹത്തിന്റെ അനന്തമായ അനുഭവവും. ദൈവം തന്നെയാണല്ലോ ഈ സ്നേഹം. 'ദൈവം സ്നേഹമാണെന്ന്' യോഹന്നാൻശ്ലീഹാ പഠിപ്പിക്കുന്നു. സ്നേഹത്തിന്റെ പൂർണ്ണതയായ ദൈവത്തിലെത്തി ആ സ്നേഹത്തിൽ പങ്കാളിയായി ദൈവത്തോടൊപ്പം നിത്യമായി ജീവിക്കുക എന്ന പരമലക്ഷ്യപ്രാപ്തിയെയാണ് പള്ളിക്കൂദാശക്കാലം സൂചിപ്പിക്കുന്നത്. ഈ ലോകത്തിലായിരിക്കുമ്പോൾത്തന്നെ എത്രമാത്രം സ്നേഹത്തിന്റെ ജീവിതം നയിക്കാൻ സാധിക്കുമോ അത്രമാത്രം സ്വർഗ്ഗീയതയുടെ അനുഭവം നമുക്കുണ്ടാകുന്നു. സ്നേഹം സ്വാർത്ഥരഹിതവും വിശുദ്ധവുമായിരിക്കണം. ദൈവസ്നേഹത്താൽ പവിത്രീകരിക്കപ്പെട്ട സ്നേഹമാണ് ആനന്ദം പകരുന്നതും നിലനിൽക്കുന്നതും. മറ്റുതരത്തിലുള്ള സ്നേഹാനുഭവങ്ങളൊക്കെ താല്ക്കാലികങ്ങളോ കേവലം ലൗകീകവികാരങ്ങളോ ആകാം.

യഥാർത്ഥ സ്നേഹം ഒരു കൂട്ടായ്മാനുഭവമാണ്. കാരണം, അത് എല്ലാവരേയും ഉൾക്കൊള്ളുന്നതാണ്. വിവേചനമോ ചേരിതിരിവുകളോ വിദ്വേഷമോ പകയോ പ്രതികാരമോ ഒന്നും അവിടെ ഉണ്ടാവുകയില്ല. ഏകമന


സ്സോടെ ഐക്യത്തിലുള്ള ജീവിതമാണത്. അപ്രകാരമുള്ള സ്നേഹത്തിന്റെ, കൂട്ടായ്മയുടെ പരിപൂർണ്ണതയാണ് ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ ത്രീയേകദൈവം ത്രിത്വത്തിന്റെ ഈ കൂട്ടായ്മയിലുള്ള പങ്കുചേരലാണ് നമ്മുടെ സ്വർഗ്ഗീയ ജീവിതം. അതിനായാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

ഈ സ്വർഗ്ഗീയകൂട്ടായ്മയുടെ ഭാഗികമായ മുന്നനുഭവം ഈ ലോകത്തിൽ വച്ചു തന്നെ നമുക്കുണ്ടാകണമെന്നും ദൈവം ആഗ്രഹിച്ചു. അതിനുവേണ്ട കാര്യങ്ങളൊക്കെ ദൈവം പല രീതിയിൽ വെളിപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവുമവസാനം തന്റെ പ്രിയപുത്രനായ ഈശോമിശിഹായിലൂടെ അത് പൂർണ്ണമായി വെളിപ്പെടുത്തി. ഈശോയോടൊപ്പമായിരുന്ന ശ്ലീഹന്മാർ അതനുഭവിച്ചു. ആ അനുഭവമാണ് സഭയിലൂടെ തുടരുന്നത്. സഭയോടൊത്ത് ചിന്തിക്കുകയും സഭയോടൊത്ത് ജീവിക്കുകയും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുചേരുകയും ചെയ്യുന്നവർ മരണാനന്തരം സ്വർഗ്ഗീയ കൂട്ടായ്മയിലും പങ്കുചേരും.

ഇക്കാര്യങ്ങളൊക്കെ നമ്മെ അനുസ്മരിപ്പിക്കുകയും ഭാവിയിൽ ദൈവത്തോടൊപ്പം സ്വർഗ്ഗീയകൂട്ടായ്മയിൽ പൂർണ്ണമായി പങ്കുചേരാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ആരാധനാവത്സര കാലഘട്ടമാണ് പള്ളിക്കൂദാശക്കാലം. ദൈവമക്കളുടെ കൂട്ടായ്മയായ സഭ വിശുദ്ധീകരിക്കപ്പെട്ട് ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കപ്പെടും. 'പള്ളിക്കൂദാശ' അഥവാ 'സഭാസമർപ്പണം' എന്നതിന്റെ അർത്ഥമതാണ്. സ്വർഗ്ഗീയ കൂട്ടായ്മയുടെ ഈ ചൈതന്യം നമ്മുടെ എല്ലാ ജീവിതരംഗങ്ങളിലും - കുടുംബം, ഇടവക, സ്ഥാപനങ്ങൾ, ജോലിസ്ഥലങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, വിദ്യാഭ്യാസം, സേവന മേഖലകൾ - എല്ലായിടത്തും സംജാതമാക്കുവാൻ നമുക്കു ശ്രമിക്കാം. അങ്ങനെ ഇഹത്തിൽ വച്ചു തന്നെ സ്വർഗ്ഗം അനുഭവിച്ചു തുടങ്ങുവാൻ ഇടയാകട്ടെ. ദൈവത്തെ പിതാവായും സഭയെ അമ്മയായും സ്വീകരിച്ച് ജീവിക്കുന്നവർക്ക് തീർച്ചയായും ആ അനുഭവം ഈ ലോകത്തിൽത്തന്നെ ലഭിക്കും.

ഈ ലോകത്തിൽ സ്വർഗ്ഗം പടുത്തുയർത്താൻ നമ്മുടെ കർത്താവായ ഈശോമിശിഹാ ഈ പള്ളിക്കൂദാശക്കാലത്തിൽ നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B : *ഈ സർക്കുലർ നവംബർ 5-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

# ബധിരർക്കും മൂകർക്കും വേണ്ടിയുള്ള അജപാലന ശുശ്രൂഷ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദര ന്മാരേ,

ഭിന്നശേഷിക്കാരായ നമ്മുടെ സഹോദരങ്ങൾക്കും മക്കൾക്കും വേണ്ടി നിരവധി സ്ഥാപനങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും സഭ നടത്തുന്നുണ്ട്. നമ്മുടെ അതിരൂപതയിൽത്തന്നെ നൂറിലധികം ഇത്തരം ശുശ്രൂഷാകേന്ദ്രങ്ങളുണ്ട്. എങ്കിലും ഇനിയും നമ്മൾ ശ്രദ്ധിക്കാത്ത ഭിന്നശേഷിക്കാരായ സഹോദരങ്ങൾ നമ്മുടെ അതിരൂപതയിലുണ്ട്. അവരിൽ മൂകരും ബധിരരുമായവർക്ക് ആവശ്യമായ പരിശീലനവും അജപാലനപരമായ ശുശ്രൂഷയും നൽകുന്നതിന് ചില പദ്ധതികൾ നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ അതിരൂപതയിൽ അയ്മനത്ത് (കോട്ടയം) സേവനം ചെയ്യുന്ന ഹോളിക്രോസ് സന്ന്യാസസമൂഹത്തിന്റെ സഹകരണത്തോടെയാണ് അതു നടപ്പിലാക്കുന്നത്. ഇക്കാര്യത്തിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

1837-ൽ ഫ്രാൻസിലെ ഹോളിക്രോസ് എന്ന ഗ്രാമത്തിൽ വാഴ്ത്തപ്പെട്ട ബേസിൽ ആന്റണി മേരി മോറൊ എന്ന വൈദികനാൽ സ്ഥാപിതമായ സന്ന്യാസസമൂഹമാണ് ഹോളിക്രോസ്. 'കുരിശിലാണ് നമ്മുടെ പ്രത്യാശ' എന്ന ആപ്തവാക്യം സ്വീകരിച്ച് പരിശുദ്ധ വ്യാകുലമാതാവിന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യത്തിന് സമർപ്പിക്കപ്പെട്ട സന്ന്യാസസമൂഹമാണിത്. 16 രാജ്യങ്ങളിലായി സേവനനിരതരായിരിക്കുന്ന ഈ സമൂഹം 1974 -ൽ കേരളത്തിൽ ആദ്യമായി അയ്മനത്ത് ഒരു മൈനർ സെമിനാരി സ്ഥാപിച്ചുകൊണ്ട് ചങ്ങനാശേരി അതിരൂപതയിൽ പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസം, ഇടവകശുശ്രൂഷ, സാമൂഹ്യസേവനം എന്നീ സേവന മേഖലകളോടൊപ്പം ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ശുശ്രൂഷയും പ്രത്യേക താല്പര്യത്തോടെ നിർവ്വഹിച്ചുവരുന്നു.

**ബധിര-മൂകർക്കായുള്ള ശുശ്രൂഷ**

സ്കോട്ടിഷ് ഹോളിക്രോസ് വൈദികനായ ഫാ. ഹാരി സ്റ്റേക്ക് CSC ആണ് ബധിര-മൂകർക്കായുള്ള ശുശ്രൂഷയ്ക്ക് ആരംഭം കുറിച്ചത്. ആംഗ്യഭാഷ സ്വായത്തമാക്കിയ അദ്ദേഹം ഇന്ത്യയിൽ പതിറ്റാണ്ടുകളോളം

ഇവർക്കിടയിൽ പ്രവർത്തിച്ചു. അദ്ദേഹത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട് ഫാ. ബിജു ലോറൻസ് മൂലക്കര CSC ഈ ശുശ്രൂഷാ മേഖലയിലേക്ക് കടന്നുവരികയും, ഇപ്പോൾ ഏതാണ്ട് രണ്ടു പതിറ്റാണ്ടായി ബധിര-മൂകർക്കിടയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ആംഗ്യഭാഷയിൽ വിദഗ്ധ പരിശീലനം നേടിയ അദ്ദേഹം ബധിര-മൂകർക്കായി ആംഗ്യഭാഷയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വിശുദ്ധ കുമ്പസാരം, കൗൺസിലിംഗ്, ധ്യാനങ്ങൾ, വ്യക്തിത്വവികസന ക്ലാസ്സുകൾ എന്നിവ നടത്തുകയും ചെയ്യുന്നു.

ഫാ. ഹാരി സ്റ്റേറാക്ക് CSC ബധിര-മൂക ശുശ്രൂഷയിൽ തന്റെ പിൻഗാമിയായി കണ്ടെത്തിയത് ഫാ. ബിജു ലോറൻസിനെയാണ്. 2013-ൽ ഫാ. ഹാരി സ്റ്റേറാക്ക് അന്തരിച്ചതോടെ ഹോളിക്രോസ് സന്ന്യാസസമൂഹത്തിൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത ഏക വൈദികനാണ് ഫാ. ബിജു ലോറൻസ്. 2017 ജൂൺ മാസം മുതൽ അധികാരികളുടെ അനുവാദത്തോടെ മുഴുവൻ സമയവും ബധിര മൂകർക്കായി തന്റെ തുടർന്നുള്ള ജീവിതം മാറ്റിവയ്ക്കാൻ അദ്ദേഹം തീരുമാനിച്ചിരിക്കുകയാണ്.

**പ്രവർത്തനങ്ങൾ**

കോട്ടയം അയ്മനത്ത് 'നവധ്വനി' എന്ന മിനിസ്ട്രി ബധിര-മൂകർക്കായി അച്ചൻ ആരംഭിച്ചിരിക്കുന്നു. അവർക്കായി ധ്യാനങ്ങളും കൗൺസിലിംഗും വിവാഹഒരുക്ക സെമിനാറും യുവജന ധ്യാനവും അദ്ദേഹം നടത്തുന്നു. കൂടാതെ ഇതര മതത്തിലുള്ളവർക്കായി വ്യക്തിത്വവികസന ക്ലാസ്സുകളും കൗൺസിലിംഗും പ്രത്യേകം ക്രമീകരിച്ചിരിക്കുന്നു.

കേരളത്തിലെ നിരവധി വൃദ്ധമന്ദിരങ്ങളിൽ കഴിയുന്ന ബധിര-മൂകരെ ഒരുമിച്ച് ഒരു ഭവനത്തിൽ പാർപ്പിച്ച്, ഈ ശുശ്രൂഷയിൽ പരിചയമുള്ളവരെ അവരുടെ സഹായത്തിനായി നിയോഗിക്കുവാനും ബിജു അച്ചൻ ആഗ്രഹിക്കുന്നു.

2017 ഡിസംബർ 9 ശനിയാഴ്ച അയ്മനത്ത് 'നവധ്വനി' മിനിസ്ട്രിയുടെ ഉദ്ഘാടനം ഞാൻ നിർവ്വഹിക്കുന്നതും ബധിര-മൂകർക്കായി വിശുദ്ധ കുർബാന അർപ്പിക്കുന്നതുമാണ്. 'നവധ്വനി-2017' എന്ന ഈ ബധിര-മൂക സംഗമത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽനിന്നായി ബധിര-മൂകരായുള്ള വിശ്വാസികളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വൈദികരും സിസ്റ്റേഴ്സും അല്മായരും പങ്കെടുക്കുന്നതാണ്. അവരെല്ലാവരെയും ഞാനും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**തുടർന്നുള്ള മൂന്നുമാസത്തെ ശുശ്രൂഷകൾ (നവധ്വനി മിനിസ്ട്രി)**

| | | |
|---|---|---|
| ഡിസംബർ 9,10 | : | ധ്യാനം |
| ഡിസംബർ 21-23 | : | ക്രിസ്മസ് ഒരുക്കധ്യാനം |
| ഡിസംബർ 28-30 | : | കുട്ടികൾക്കുള്ള ധ്യാനം (Std VIII - Plus two) |
| 2018 ജനുവരി 11-13 | : | വിവാഹ ഒരുക്ക സെമിനാർ |


| | | |
|---|---|---|
| ജനുവരി 18-20 | : | വ്യക്തിത്വവികസന ക്യാമ്പ് (ക്രൈസ്തവർക്കും അക്രൈസ്തവർക്കും) |
| ജനുവരി 25-27 | : | മാതാപിതാക്കൾക്കുള്ള സെമിനാർ (ബധിരരുടെ ശ്രവണശേഷിയുള്ള മാതാപിതാക്കൾക്ക്) |
| ഫെബ്രുവരി 1-3 | : | കരിയർ ഗൈഡൻസ് (English) |
| ഫെബ്രുവരി 15-17 | : | നോമ്പ് ഒരുക്ക ധ്യാനം |
| ഫെബ്രുവരി 10 | : | PSC Coaching Class |
| ഫെബ്രുവരി 22-24 | : | വിവാഹ ഒരുക്കസെമിനാർ |
| മാർച്ച് 1-3 | : | പരീക്ഷാ ഒരുക്ക ധ്യാനം |
| മാർച്ച് 8-10 | : | മാതാപിതാക്കൾക്കുള്ള ധ്യാനം |
| മാർച്ച് 15-17 | : | ബധിരരുടെ ശ്രവണശേഷിയുള്ള സഹോദരങ്ങൾക്കായി ധ്യാനം |
| മാർച്ച് 22-24 | : | ഈസ്റ്റർ ഒരുക്ക ധ്യാനം |

'നവധ്വനി' മിനിസ്ട്രിയുടെ സേവനം നമ്മുടെ അതിരൂപതയിലെ എല്ലാ ബധിര-മൂകമക്കൾക്കും ബന്ധപ്പെട്ടവർക്കും ലഭിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും ബധിര-മൂകരുടെ ബന്ധുക്കളും താല്പര്യത്തോടെ ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. ഈ മേഖലയിൽ ശുശ്രൂഷ ചെയ്യാൻ ആവശ്യമായ പരിശീലനം നേടാൻ സേവന സന്നദ്ധരായ ആളുകൾ മുന്നോട്ടുവരുമെന്നും പ്രതീക്ഷിക്കുന്നു.

നമ്മുടെ സഹോദരങ്ങളായ ബധിര-മൂകർക്കുവേണ്ടിയുള്ള 'നവധ്വനി' മിനിസ്ട്രിക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും നേർന്ന് പ്രാർത്ഥിക്കുന്നു. ബഹു. ബിജു ലോറൻസ് മൂലക്കര CSC അച്ചന് ഈ നല്ല ശുശ്രൂഷയുടെ പേരിൽ നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളെല്ലാവരുടെയും മേൽ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ നവംബർ 19-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## FABC യും സഭൈക്യ, മതാന്തര പ്രവർത്തനങ്ങളും ബാങ്കോക്ക് സമ്മേളനം: ഒക്ടോബർ 16–20, 2017

ഏഷ്യൻ ഭൂഖണ്ഡത്തിലെ വിവിധ കത്തോലിക്കാ മെത്രാൻ സമിതികളുടെ ഫെഡറേഷനാണ് FABC (Federation of Asian Bishops' Conference) എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. ഏഷ്യയിലെ സഭയെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങളാണ് FABC യുടെ പരിഗണനയ്ക്കു വിധേയമാകുന്നത്. ഈ ഭൂഖണ്ഡത്തിൽ സഭയുടെ വളർച്ചയ്ക്കുതകുന്ന കാര്യങ്ങൾ, സഭ നേരിടുന്ന വെല്ലുവിളികൾ, സഭൈക്യപ്രവർത്തനങ്ങൾ, മതാന്തര സംഭാഷണങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഏഷ്യൻ ഭൂഖണ്ഡത്തിലെ 19 മെത്രാൻ സമിതികളാണ് FABC -യിൽ ഇപ്പോൾ അംഗങ്ങളായുള്ളത്.


തായ്‌ലന്റിലെ ബാങ്കോക്കിൽ ഒക്ടോബർ 16 മുതൽ 20 വരെ നടന്ന FABC സമ്മേളനം 'സഭൈക്യപ്രവർത്തനങ്ങളും മതാന്തര ബന്ധങ്ങളും' എന്ന വിഷയമാണ് ചർച്ച ചെയ്തത്. ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടിയിരുന്നത് 19 മെത്രാൻ സമിതികളിലെയും സഭൈക്യത്തിനും മതാന്തര സംഭാഷണത്തിനുംവേണ്ടിയുള്ള വിവിധ കമ്മീഷനുകളുടെ ചെയർമാന്മാരും സെക്രട്ടറിമാരുമായിരുന്നു. അതനുസരിച്ച് സീറോമലബാർ സഭാ സിനഡിന്റെ 'എക്യുമെനിസം' കമ്മീഷന്റെ ചെയർമാൻ എന്ന നിലയിൽ ഞാനും സെക്രട്ടറി എന്ന നിലയിൽ റവ ഡോ. ചെറിയാൻ കറുകപ്പറമ്പിലും പങ്കെടുക്കുകയുണ്ടായി. ഇന്ത്യയിൽനിന്ന് ലത്തീൻ സഭയുടെയും (CCBI) ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെയും (CBCI) ബന്ധപ്പെട്ട കമ്മീഷൻ ചെയർമാനും സെക്രട്ടറിയും പങ്കെടുത്തു. കൂടാതെ, ബംഗ്ലാദേശ്, കമ്പോഡിയ, ഹോങ്കോങ്, ഇന്തോനേഷ്യ, മലേഷ്യ, മ്യാൻമാർ (ബർമ്മ), പാക്കിസ്ഥാൻ, ഫിലിപ്പൈൻസ്, ശ്രീലങ്ക, തായ്‌വാൻ, തായ്‌ലന്റ്, വിയറ്റ്നാം എന്നീ രാജ്യങ്ങളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

കത്തോലിക്കാ വിശ്വാസികൾ വളരെ ചെറിയ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളാണ് ഇവയെല്ലാംതന്നെ. മിക്ക സ്ഥലങ്ങളിലും കത്തോലിക്ക

രേക്കാൾ പ്രൊട്ടസ്റ്റന്റ്, പെന്തെക്കോസ്റ്റ് വിഭാഗങ്ങളാണ് അംഗസംഖ്യയിൽ കൂടുതൽ. പരിമിതികളുടെയും പ്രതിസന്ധികളുടെയും നടുവിലും കത്തോലിക്കാ സഭാനേതൃത്വം മറ്റു ക്രൈസ്തവ വിഭാഗങ്ങളുമായും ഇതര മതങ്ങളുമായും സംഭാഷണത്തിലേർപ്പെടാനും കൂട്ടായി പ്രവർത്തിക്കാനും പരമാവധി ശ്രമിക്കുന്നുണ്ട്. ക്ഷമയോടും സ്നേഹത്തോടുംകൂടിയുള്ള സമീപനങ്ങളിലൂടെ കത്തോലിക്കാ സഭയെക്കുറിച്ച് മറ്റുള്ളവർക്കുള്ള അജ്ഞതയും ആശങ്കകളും കുറെയെങ്കിലും ദൂരീകരിക്കാനും കൂടുതൽ അംഗീകാരവും സഹകരണവും ആർജ്ജിക്കാനും ക്രമേണ സാധിക്കുന്നുണ്ട്. ഇപ്രകാരമുള്ള സമ്മേളനങ്ങൾ ആത്മവിശ്വാസം വളർത്താനും വിശ്വാസസാക്ഷ്യം ശക്തിപ്പെടുത്താനും ഏറെ പ്രയോജനകരമാണ്. നമ്മുടെ എല്ലാവരുടെയും പ്രാർത്ഥന ഈ രാജ്യങ്ങളിലെ സഭാപ്രവർത്തനങ്ങൾക്ക് തീർച്ചയായും അനുഗ്രഹപ്രദമാകും.


ഏഷ്യൻ വൻകരയ്ക്ക് ഭൂപടത്തിൽ അനന്യമായ ഒരു സ്ഥാനവും സവിശേഷകതകളുമുണ്ട്. വിവിധ മതങ്ങളുടെ ജന്മഭൂമിയാണ് ഏഷ്യ. അതിനാൽത്തന്നെ ആഴമായൊരു മതാത്മകത ഏഷ്യൻ ജനതയുടെ സവിശേഷതയാണ്. യഹൂദമതം, ക്രിസ്തുമതം, ഇസ്ലാം, ബുദ്ധമതം, ഹിന്ദുമതം, താവോയിസം, കൺഫ്യൂഷ്യനിസം, ജൈനമതം, സിക്കുമതം - ഇവയെല്ലാം ഏഷ്യയുടെ സംഭാവനയാണ്. അതിപുരാതനമായ സംസ്ക്കാരങ്ങൾ വളർന്നു വികസിച്ച മഹത്തായ പാരമ്പര്യങ്ങളുടെ നാടാണ് ഏഷ്യ. ഉന്നതമായ മതാത്മകതയുടെ ആവിഷ്കാരങ്ങളായി രൂപംകൊണ്ട ആശ്രമപ്രസ്ഥാനങ്ങളും സന്ന്യാസജീവിതശൈലികളും ഏഷ്യൻ ആദ്ധ്യാത്മികതയുടെ ഉന്നതഭാവങ്ങളാണ്. ഏഷ്യയുടെ മടിത്തട്ടിൽ ജന്മംകൊണ്ട് ലോകമെങ്ങും വേരുപിടിച്ച് വളർന്ന്, വിവിധ പാരമ്പര്യങ്ങളിലൂടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവവിശ്വാസവും അതിന്റെ ദർശനങ്ങളും ഏഷ്യയ്ക്ക് ലോകത്തിൽ അനന്യമായൊരു സ്ഥാനം നൽകുന്നുണ്ട്. ക്രൈസ്തവികതയുടെ ഉൾക്കാമ്പിൽ ഉറച്ചുനിന്നുകൊണ്ട് വിവിധ ക്രൈസ്തവ വിഭാഗങ്ങളുമായി സൗഹൃദസംഭാഷണത്തിലേർപ്പെടാനും സഭൈക്യപ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാനും നമുക്കു സാധിക്കണം. അതുപോലെ തന്നെ മതവൈവിധ്യങ്ങളുടെ ഈ ഭൂഖണ്ഡത്തിൽ ക്രിയാത്മകമായ മതാന്തര ബന്ധം വളർത്താനും സാഹോദര്യത്തിന്റെയും സഹിഷ്ണുതയുടെയും ചൈതന്യം നിലനിർത്താനും നാം ഉത്സാഹിക്കണം. ഈ പ്രേഷിത ദൗത്യത്തിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ ഭാരതസഭയ്ക്ക് പൊതുവെയും സീറോമലബാർ സഭയ്ക്ക് പ്രത്യേകമായും വലിയ സാധ്യതകളും ചുമതലയുമുണ്ട്. FABC യുടെ നേതൃത്വം ഇക്കാര്യത്തിൽ വലിയൊരു ഉത്തേജനവും വഴികാട്ടിയുമാണ്.

13 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംബന്ധിച്ച ഈ സമ്മേളനത്തിൽ സീറോമലബാർ സഭാ പ്രതിനിധികൾ മാത്രമായിരുന്നു പൗരസ്ത്യസഭാ വിഭാഗത്തിൽപ്പെട്ടത്. തിരുസ്സഭയിലെ പൗരസ്ത്യ-പാശ്ചാത്യ വിഭജനം സംബന്ധിച്ചും തുല്യപ്രാധാന്യമുള്ള വിവിധ വ്യക്തിസഭകളുടെ കൂട്ടായ്മയാണ് തിരുസ്സഭ എന്നതിനെക്കുറിച്ചും വ്യക്തമായ അറിവ് സമ്മേളനത്തിൽ പങ്കെടുത്ത മിക്കവർക്കും ഉണ്ടായിരുന്നില്ല. ആദ്യമായിട്ടാണെന്നു തോന്നുന്നു ഒരു പൗരസ്ത്യസഭയുടെ ഔദ്യോഗിക പങ്കാളിത്തം FABC യുടെ സഭൈക്യ, മതാന്തര സമ്മേളനത്തിൽ ഉണ്ടാകുന്നത്. സീറോമലബാർ സഭയെപ്പറ്റി പലരും ആകാംക്ഷാപൂർവ്വം തിരക്കുകയുണ്ടായി. നമ്മൾ മാർപ്പാപ്പയുടെ കീഴിലാണോ, മാർപ്പാപ്പായെ സഭയുടെ പരമോന്നത തലവനായി അംഗീകരിക്കുന്നുണ്ടോ എന്നൊക്കെ ചിലർ സംശയം ചോദിക്കുകയുണ്ടായി. ഏതായാലും നമ്മുടെ സഭയെക്കുറിച്ചും നമ്മുടെ മാർത്തോമ്മാശ്ലീഹാ പാരമ്പര്യത്തെക്കുറിച്ചും കുറച്ചെങ്കിലും പരിചയപ്പെടുത്താൻ സമ്മേളനം ഉപകരിച്ചു.



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

**ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത**




## I
## Transfers and Appointments

| Rev. Frs. | Relieved | Appointed |
|---|---|---|
| Kadaprakunnil Joseph | | Asst. Dir., Sanjivani, Nedumkunnam |
| Kochelechemkalam Thomas | | Vicar, Kavalam Lisieux |
| Mattam Mathew | | Vice Postulator, Mar Mathew Kavukatt Cause |
| Nadackal Mathew | Kurumpanadom Assumption | |
| Parathanam Thomas | Kavalam St. Joseph’s | |
| Peediyekkal Paul | Chethipuzha Hospital | Jaipur Mission |
| Puthenparampil Thomas | Kavalam Lisieux | Vicar, Kavalam St. Josephs & Asst Bursar CANA, Thuruthy |
| Thannippara Joseph MST | Thrickodithanam | |
| Manelil Saji (Bhadravathy) | | Paro. Vicar, Kurumpanadom Assumption |
| Poovelil Joseph | | Paro. Vicar, Thrickodithanam |

## II
## വൈദിക സമ്മേളനം

ഈ വർഷത്തെ രണ്ടാമത്തെ വൈദിക സമ്മേളനം (Presbyterium) നവംബർ മാസം 21-ാം തീയതി രാവിലെ 10 മണിക്ക് അതിരൂപതാകേന്ദ്ര ത്തിലെ മാർ ജെയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്ത പ്പെടുന്നു. ചങ്ങനാശേരി അതിരൂപതാ വൈദികർ മാത്രം സംബന്ധിക്കേണ്ട സമ്മേളനമാണിത്.

III

C.17/GL126 October 31, 2017

## DECREE

### *Appointment of the*
### Election Commission for the Fifteenth Presbyteral Council

Whereas the present Presbyteral Council of this Archeparchy (Fourteenth Presbyteral Council: 2014-2017) has completed its term, as per article *VIII* - §a of the *Statutes of the Presbyteral Council* (Archeparchy of Changanacherry - 1995), I hereby appoint the following three- member Election Commission to conduct the process of election of the members of the Presbyteral Council.

1. Rev Fr Philip Nelpuraparampil (Convener)
2. Rev Fr Joseph Kuzhiyadiyil
3. Rev Fr Joseph Nedumparampil

The Commission is urged to initiate the process of election without delay and to submit to me the list of the elected members before December 15, 2017.

**† Joseph Perumthottam**
Metropolitan Archbishop of Changanacherry

Fr Tom Puthenkalam
Chancellor

IV

### മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാപദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽ നല്കുന്ന മാർ തെയഡോറിന്റെ കൂദാശക്രമം മംഗളവാർത്താക്കാലം മുതൽ ഓശാന ഞായർ വരെയാണ്

പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ട് മംഗള വാർത്താക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് അഭികാമ്യം.

3. നാലാം ഗ്ഹന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലുന്നതാണ് കൂടുതൽ ഉചിതം.

## V

## ഇടവകകളുടെയും സ്ഥാപനങ്ങളുടെയും അടിയന്തിര ശ്രദ്ധയ്ക്ക്

1961 ലെ ഇൻകംടാക്സ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇപ്പോൾ റിട്ടേൺ സമർപ്പിക്കാത്തതുമായ പള്ളികൾ നിർബന്ധമായും റിട്ടേൺ നൽകേണ്ടതാണ്. സാമ്പത്തികവർഷം അവസാനിക്കുന്ന മാർച്ച് 31-ാം തീയതിയിലെ കണക്കുകൾ ആ വർഷം സെപ്റ്റംബർ 30-ാം തീയതിക്ക് മുമ്പായി റിട്ടേൺ സമർപ്പിക്കേണ്ടതാണ്. അപ്രകാരം റിട്ടേൺ സമർപ്പിക്കാത്ത പള്ളികൾക്കും സ്ഥാപനങ്ങൾക്കും ഇൻകം ടാക്സ് നിയമത്തിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുക ഇല്ല എന്നതിനു പുറമേ, നിലവിലുള്ള രജിസ്ട്രേഷൻ നഷ്ടപ്പെടുവാനും ഇടയാകും.

**റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യമായവ**

1. കഴിഞ്ഞ മൂന്നുവർഷത്തെ പൊതു, കൃഷി കണക്കുകൾ (2014-15, 15-16 16-2017) ആണ്ട് തിരട്ട് ഉൾപ്പെടെയുള്ളത്.

2. പള്ളിയുടെയും കൈക്കാരന്റെയും പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും 01-04-2014 മുതൽ 31-03-2017 വരെയുള്ള കമ്പ്യൂട്ടർ പ്രിന്റഡ് സ്റ്റേറ്റ്മെന്റ്, സ്ഥിരനിരക്ഷേപത്തിന്റെ ഈ കാലത്തുള്ള വിവരങ്ങൾ.

3. പള്ളിയുടെയും നടത്തുകൈക്കാരന്റെയും PAN CARD ന്റെ ഫോട്ടോ കോപ്പി, കൈക്കാരന്റെ ആധാർ കാർഡിന്റെ ഫോട്ടോ കോപ്പി.

ഇൻകംടാക്സ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത പള്ളികൾ ഉടൻതന്നെ രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് മുകളിൽ സൂചിപ്പിച്ച റിക്കാർഡുകൾ സഹിതം വന്ന് അതിരൂ

പതാ സാമ്പത്തിക കാര്യാലയത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**PAN CARD**

എല്ലാ പള്ളികളുടെയും പേരിൽ PAN CARD ഉണ്ടായിരിക്കേണ്ടതാണ്. ഇല്ലാത്ത പള്ളികൾ 01-04-2017 മുതൽ ഇതുവരെയുള്ള ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിന്റെ കമ്പ്യൂട്ടർ പ്രിന്റഡ് സ്റ്റേറ്റ്മെന്റ്, പള്ളിയുടെ സീൽ സഹിതം അതിരൂപത ഓഫീസുമായി ബന്ധപ്പെടുക.

Eg.

St. Thomas Church
Place
Vicar/Kaikkaran

എല്ലാ വികാരിമാർക്കും PAN CARD, ആധാർ നമ്പറുകൾ ഉണ്ടായിരിക്കണം. ബാങ്ക് അക്കൗണ്ടുകളിൽ പള്ളിയുടെ ശരിയായതും പൂർണ്ണമായതുമായ അഡ്രസ്സ് കാണിച്ചിരിക്കണം. വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ പ്രിന്റ് വാങ്ങാവൂ.

☸

# അതിരൂപതാ ബൈബിൾ കൺവൻഷൻ

## 2018 ഫെബ്രുവരി 13 ചൊവ്വ മുതൽ 17 ശനി വരെ പാറേൽപ്പള്ളി മൈതാനിയിൽ

**N.B:** ഈ ദിവസങ്ങളിൽ ചങ്ങനാശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുങ്കുന്നം, തുരുത്തി ഫൊറോനകളിലെ പള്ളികളിൽ ഇടവകധ്യാനം ക്രമീകരിക്കാതിരിക്കുവാൻ ശ്രദ്ധിക്കണമെ.

# പാസ്റ്ററൽ കൗൺസിൽ - പ്രസ്ബിറ്ററൽ കൗൺസിൽ സുവർണ്ണ ജൂബിലി സംഗമവും സിമ്പോസിയവും

## സുവർണ്ണജൂബിലി സംഗമം

ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ സുവർണ്ണ ജൂബിലി സംഗമം 2017 ഒക്ടോബർ 28-ാം തീയതി അസംപ്ഷൻ കോളജ് ഓഡിറ്റോറിയത്തിൽ (മാർ മാത്യു കാവുകാട്ട് നഗർ) സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ കൗൺസിലുകളുടെ പ്രവർത്തനം എപ്രകാരം സീറോമലബാർ സഭയുടെ കൂട്ടായ്മയുടെ ഭാഗമാക്കി മാറ്റാനാകുമെന്ന് ചിന്തിക്കുവാൻ പിതാവ് ഏവവരെയും ആഹ്വാനം ചെയ്തു. പാസ്റ്ററൽ-പ്രസ്ബിറ്ററൽ കൗൺസിലുകളുടെ രൂപീകരണത്തിലും പ്രവർത്തനങ്ങളിലും നിർണ്ണായക പങ്കുവഹിച്ചവരെ കർദ്ദിനാൾ അഭിനന്ദിച്ചു. അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. മനുഷ്യന്റെ മൗലികതയെ മാനിക്കുകയും പൊതുനന്മയെ ലക്ഷ്യംവച്ച് നീങ്ങുന്നതുമായ ശൈലിയാണ് സഭയുടേതെന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞു. മത സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന ഭാരതത്തിന്റെ ശൈലികൾ സ്വാംശീകരിച്ച് മുന്നേറാൻ എല്ലാവർക്കും കഴിയണമെന്നും സങ്കുചിതത്വമല്ല, വിശാലതയിലേക്കാണ് സഭ വിരൽചൂണ്ടുന്നതെന്നും പിതാവ് ചൂണ്ടിക്കാട്ടി. ഡോ. റോസമ്മ ഫിലിപ്പ് (പ്രൊഫസർ, മൗണ്ട് താബോർ ട്രെയിനിംഗ് കോളജ്, പത്തനാപുരം) മുഖ്യപ്രഭാഷണം നടത്തി.

പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിമാരും ഭരണഘടനാശിൽപ്പികളുമായ റവ. ഡോ. ആന്റണി നിരപ്പേൽ, പ്രഫ. കെ.റ്റി സെബാസ്റ്റ്യൻ. ഡോ. സ്കറിയ സഖറിയ, പ്രൊഫ. ജയിംസ് സെബാസ്റ്റ്യൻ, ഡോ. പി. സി അനിയൻകുഞ്ഞ്, പ്രൊഫ. സെബാസ്റ്റ്യൻ വർഗീസ്, പ്രൊഫ. ജോയി ജോസഫ്, ഡോ. റൂബിൾ രാജ്, പ്രൊഫ. ജോസഫ് സാം, ശ്രീ. തോമസ് സെബാസ്റ്റ്യൻ വൈപ്പിശ്ശേരി,

ഡോ. രാജൻ കെ. അമ്പൂരി, അഡ്വ. ജോജി ചിറയിൽ, ശ്രീ. ജോസഫ് മറ്റപ്പറമ്പിൽ എന്നിവരെ അഭിവന്ദ്യ പെരുന്തോട്ടം പിതാവ് സ്മാരകോപഹാരം നൽകിയും അഭിവന്ദ്യ തറയിൽ പിതാവ് പൊന്നാട അണിയിച്ചും സമ്മേളനത്തിൽ ആദരിച്ചു. പരേതരായ മാർ. മാത്യു വട്ടക്കുഴി, ഫാ. ജേക്കബ് നെല്ലിക്കുന്നത്ത്, ശ്രീ. സി.എം ജോൺ ചെറുകര, ശ്രീ. കെ. ജെ മാത്യു കാവാലം എന്നിവർക്കുവേണ്ടി ബന്ധുക്കൾ സ്മാരകോപഹാരം ഏറ്റുവാങ്ങി. ആദരം ഏറ്റുവാങ്ങിയവരുടെ പ്രതിനിധിയായി അഡ്വ. ജോജി ചിറയിൽ പ്രസംഗിച്ചു.

മുൻ സെക്രട്ടറി പ്രൊഫ. സെബാസ്റ്റ്യൻ വർഗീസിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിന് അഭി. മാർ തോമസ് തറയിൽ പിതാവ് സ്വാഗതവും സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് കൃതജ്ഞതയും അർപ്പിച്ചു അതിരൂപത ആന്തം, സീറോ മലബാർസഭ ആന്തം എന്നിവയോടെ ജൂബിലി സംഗമം സമംഗളം പര്യവസാനിച്ചു.

**സുവർണ്ണജൂബിലി സിമ്പോസിയം**

രാവിലെ നടന്ന സുവർണ്ണ ജൂബിലി സിമ്പോസിയം അതിരൂപത സഹായ മെത്രാൻ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. മാണി പുതിയിടം അദ്ധ്യക്ഷത വഹിച്ചു. വിശ്വാസികളും സഭാജീവിതവും സുറിയാനി പാരമ്പര്യത്തിൽ എന്ന വിഷയത്തിൽ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രൊഫസർ റവ. ഡോ. ബേബി വർഗീസ്, അജപാലന സമിതികൾ സ്വത്വബോധത്തിന്റെ സാക്ഷ്യങ്ങൾ എന്ന വിഷയത്തിൽ റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ, അജപാലന രംഗത്തെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിൽ റബർ ബോർഡ് മുൻ ചെയർമാൻ പി.സി. സിറിയക് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. പി.സി. അനിയൻ കുഞ്ഞ്, പ്രഫ. ലീന ജോസ് ടി, സിസ്റ്റർ സുനിത വാഴയിൽ എം.എൽ. എഫ്. എന്നിവർ മോഡറേറ്റർമാരായിരുന്നു. ദീപിക അസോഷ്യേറ്റ് എഡിറ്റർ ശ്രീ. സെർജി ആന്റണി, റവ. ഡോ ജോസ് കൊച്ചുപറമ്പിൽ, ഡോ. സിസ്റ്റർ സുമ റോസ് സി.എം.സി, പ്രഫ. ജയിംസ് സെബാസ്റ്റ്യൻ, പ്രഫ. ജാൻസൺ ജോസഫ്, ഡോ. ജോളി സഖറിയ എന്നിവർ പ്രതികരണങ്ങൾ നടത്തി. എസ്. ബി കോളജ് ഗായകസംഘത്തിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സിമ്പോസിയത്തിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ് സ്വാഗതവും അസി. സെക്രട്ടറി ശ്രീ. ജോസ് മാത്യു നന്ദിയും ആശംസിച്ചു. അതിരൂപത വികാരി ജനറാൾമാരായ മോൺ, ജോസഫ് മുണ്ടകത്തിൽ, മോൺ. ജയിംസ് പാലയ്ക്കൽ, ചാൻസലർ റവ. ഡോ. ടോം പുത്തൻകളം, പ്രൊക്യുറേറ്റർ ഫാ. ഫിലിപ്പ് തയ്യിൽ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളായ വർഗീസ് ആന്റണി, ജോബി പ്രാക്കുഴി, ലാൽസി ജോസഫ്, ഷാജി പോൾ, ടോം ജോസഫ്,

ഡോ. ജോച്ചൻ ജോസഫ്, എബിൻ അലക്സാണ്ടർ, വി.ജെ ലാലി, ജോണിക്കുട്ടി സ്കറിയ, അഡ്വ. ജോർജ് വർഗീസ്, പ്രിൻസ് അറയ്ക്കൽ, സൗമി ജോസഫ്, അഡ്വ. ഡെന്നീസ് ജോസഫ് എന്നിവർ നേതൃത്വം നൽകി.

സുവർണ്ണജൂബിലി പരിപാടികളിൽ 14-ാം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ, മുൻ പാസ്റ്ററൽ കൗൺസിലുകളിലെ അംഗങ്ങൾ, 16 ഫൊറോന കൗൺസിലുകളിലെ അംഗങ്ങൾ, ഇടവക-സംഘടനാ പ്രതിനിധികൾ, ക്ഷണിക്കപ്പെട്ട മറ്റു വ്യക്തികൾ തുടങ്ങിയവർ സംബന്ധിച്ചു.

**ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനം**

പാസ്റ്ററൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനം ഒക്ടോബർ 7-ാം തീയതി സന്ദേശനിലയം മീഡീയാസെന്ററിൽ നടന്നു. ആർച്ച് ബിഷപ്പ് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരിയച്ചനോട് ചേർന്ന് ഫൊറോനയിലെ അജപാലന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായ ശുശ്രൂഷ നൽകാൻ സെക്രട്ടറിമാർക്ക് കഴിയണമെന്ന് പിതാവ് പറഞ്ഞു. വികാരി ജനറാൾ മോൺ. ജോസഫ് മുണ്ടകത്തിൽ അദ്ധ്യക്ഷത വഹിച്ചു.

പിതാവിനോടൊത്ത് ഏകദിന പരിപാടി ഫൊറോനതലത്തിൽ നടത്തുന്നതിനും അഭി. പിതാവിന്റെ ആഹ്വാനമനുസരിച്ച് പഞ്ചവത്സര അജപാലന പദ്ധതി സംബന്ധിച്ച് ചർച്ച നടത്തി റിപ്പോർട്ട് നൽകുന്നതിനും യോഗം തീരുമാനിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ആന്റണി മാത്യൂസ്, ഫൊറോന സെക്രട്ടറിമാരുടെ കൺവീനർ എബിൻ അലക്സാണ്ടർ, ഡോ. ജോച്ചൻ ജോസഫ്, ഷാജി ഉപ്പൂട്ടിൽ, അഡ്വ. ആന്റണി വർഗീസ്, ഇമ്മാനുവൽ മൈക്കിൾ, അഡ്വ. ഡെന്നീസ് ജോസഫ്, ബോബി തോമസ്, തോമസുകുട്ടി മണക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**ഡോ. സോണി കണ്ടങ്കരി (സെക്രട്ടറി)**

**ശ്രീ. ജോസ് ആനിത്തോട്ടത്തിൽ (അസി. സെക്രട്ടറി)**

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

ചങ്ങനാശ്ശേരി അതിരൂപത 14-ാം പ്രസ്ബിറ്ററൽ കൗൺസിൽ അവസാന ഔദ്യോഗിക സമ്മേളനം 2017 ഒക്ടോബർ 24-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ അദ്ധ്യക്ഷതയിൽ അതിമെത്രാസന ഭവനത്തിൽ നടന്നു. സമ്മേളനത്തിൽ സ്വാഗതം ആശംസിച്ച സഹായ മെത്രാൻ മാർ തോമസ് തറയിൽ പിതാവ് സീറോ മലബാർ സഭയ്ക്ക്, ഷംഷാബാദ്, ഹൊസൂർ രൂപതകളുടെ സ്ഥാപനത്തോടെയും ഭാരതമെങ്ങും ലഭിച്ച സ്വയംഭരണാവകാശത്തോടെയും കൈവരുന്ന വളർച്ചയെ പ്രത്യേകം പരാമർശിച്ചു. ഒപ്പം, സീറോ മലബാർ സഭയുടെ പ്രിയപുത്രി സി. റാണി മരിയ ഭാരതത്തിലെ പ്രഥമ വാഴ്ത്തപ്പെട്ട രക്തസാക്ഷിയാകുന്നതിന്റെ സന്തോഷവും പങ്കുവച്ചു. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ വൈദികർ പുലർത്തേണ്ട കൂട്ടായ്മാബോധത്തെപ്പറ്റിയാണ് പ്രധാനമായും സംസാരിച്ചത്. വൈദികർ തമ്മിൽത്തമ്മിലും അതിരൂപത കേന്ദ്രത്തോടും അധികാരികളോടും ഭാവാത്മകബന്ധം വളർത്തിയെടുക്കണം. വിളിയോടു വിശ്വസ്തത പുലർത്തി മാതൃകാജീവിതം നയിക്കുന്ന വൈദികസമൂഹത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ സാധിക്കും, അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി. തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട് സമിതി പാസാക്കുകയും മരണം മൂലം വേർപിരിഞ്ഞുപോയ ബഹു. മാത്യു ഞള്ളത്തുവയലിൽ അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

പതിറ്റാണ്ടുകളായി സീറോ മലബാർ സഭ സ്വപ്നം കണ്ടിരുന്ന അഖില ഭാരത സ്വയംഭരണാവകാശം യാഥാർത്ഥ്യമാകുന്നതിന്റെ സന്തോഷമാണ് വൈദികസമിതിയിൽ പ്രധാനമായും ഉയർന്നു വന്നത്. സഭയ്ക്കിതു സന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും നിമിഷങ്ങളാണെന്നും സഭയുടെ തനിമയും പാരമ്പര്യവും സംരക്ഷിച്ചുകൊണ്ട് അജപാലനവിസ്തൃതിയിൽ ഭാഗഭാക്കാകാനുള്ള ദൗത്യമാണ് സഭയ്ക്കു മുമ്പിലുള്ളതെന്നും വികാരി ജനറാൾ പെരിയ ബഹു. ജയിംസ് പാലയ്ക്കൽ അച്ചൻ അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ സന്നിഹിതനായിരുന്ന ആഗ്രാമിഷൻ കോ-ഓർഡിനേറ്റർ ബഹു. തോമസ് ഏഴിക്കാട് അച്ചൻ മിഷന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും ഭാവിപദ്ധതികളെപ്പറ്റിയും പ്രത്യേകം പരാമർശിച്ചു. കേരളത്തിലെ ഒരു രൂപതയും മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് പ്രേഷിതവേല ചെയ്യുന്ന കാര്യം ചിന്തിക്കുകപോലും ചെയ്യാതിരുന്ന കാലഘട്ടത്തിൽ, 42 വർഷങ്ങൾക്കു മുമ്പ് ആഗ്രാ രൂപതയുമായി നടത്തിയ സൗഹാർദ്ദ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ അഭിവന്ദ്യ പടിയറ പിതാവിന്റെ കാലംമുതൽ ഇന്നുവരെ ചങ്ങനാശ്ശേരി അതിരൂപതയിലെ പ്രിയപ്പെട്ട വൈദികർ നടത്തിയ കഠി

നാദ്ധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമാണ് മിഷന്റെ ഇപ്പോഴത്തെ വളർച്ചയ്ക്കു കാരണമെന്ന് ബഹുമാനപ്പെട്ട അച്ചൻ ഓർമ്മപ്പെടുത്തി. ആദ്യകാല മിഷനറിമാരായ ബഹു. കുരുവിള കൊക്കാട്ട് അച്ചന്റെയും ജോസ് പൂവത്തിങ്കൽ അച്ചന്റെയും മറ്റും നേതൃത്വത്തിൽ ഒന്നുമില്ലായ്മയിൽ നിന്നു തുടങ്ങി ഇപ്പോൾ 13 സ്റ്റേഷനുകളായും വിവിധ ഭാവി പ്രോജക്ടുകളായും മിഷൻ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു വരുന്നു എന്നത് ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് അഭിമാനകരമാണ്. ആഗ്രാമിഷന്റെ വളർച്ചയിലും ഇപ്പോൾ ഷംഷാബാദ് രൂപതയായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഹൈദ്രാബാദ് മിഷന്റെ പുരോഗതിയിലും അഭിവന്ദ്യ പെരുന്തോട്ടം പിതാവ് വഹിച്ച നിസ്തുലമായ പങ്കിനെ വൈദികസമിതി പ്രത്യേകം പ്രശംസിച്ചു.

അഭിവന്ദ്യ പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ, അജപാലന കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള, പഞ്ചവത്സര അജപാലന പദ്ധതിയെപ്പറ്റിയാണ് സമ്മേളനത്തിൽ തുടർന്ന് ചർച്ച നടന്നത്. പ്രധാനമായും ശ്രദ്ധയൂന്നേണ്ട മേഖലകളെപ്പറ്റി സമ്മേളനത്തിന് ദിശാബോധം പകർന്നത് ബഹു. വർഗീസ് താനമാവുങ്കൽ അച്ചനാണ്. ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയുടെ കുരിശുപള്ളിയായ മനയ്ക്കച്ചിറ സെന്റ് ജോസഫ് പള്ളിയും, പാമ്പാടി ദേവമാതാ പള്ളിയും സ്വതന്ത്ര ഇടവകകൾ ആകാനുള്ള ശുപാർശ കൗൺസിൽ അഭിവന്ദ്യ പിതാവിനു സമർപ്പിച്ചു. അഭിവന്ദ്യ പെരുന്തോട്ടം പിതാവ് തന്റെ സമാപന സന്ദേശത്തിൽ 14-ാം വൈദികസമിതി അംഗങ്ങൾക്ക് പ്രത്യേകം നന്ദി പ്രകാശിപ്പിക്കുകയും 15-ാം സമിതിയുടെ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

കഴിഞ്ഞ മൂന്നു വർഷങ്ങളായി പതിനാലാമത് കൗൺസിലിന് ശ്രേഷ്ഠമായ നേതൃത്വവും ദിശാബോധവും നൽകിയ അദ്ധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം പിതാവിനും അകമഴിഞ്ഞ പ്രോത്സാഹനവും പിന്തുണയും നൽകിയ മാർ തോമസ് തറയിൽ പിതാവിനും മാർ ജോസഫ് പവ്വത്തിൽ പിതാവിനും പെരിയ ബഹുമാനപ്പെട്ട വികാരി ജനറാളന്മാർക്കും മറ്റ് കൂരിയ അംഗങ്ങൾക്കും സമ്മേളനങ്ങളിൽ ഉടനീളം ഭാഗഭാക്കായി അതിരൂപതയുടെ ആത്മീയ-അജപാലന പുരോഗതിയ്ക്കായി ഏക മനസ്സോടെ പ്രവർത്തിച്ച ബഹുമാന്യരായ കൗൺസിൽ അംഗങ്ങൾക്കും മാർഗനിർദ്ദേശവും സഹായവും നൽകിയ അതിരൂപതയിലെ പ്രൗഢമായ വൈദികസമൂഹത്തിനും സന്യസ്തർക്കും ദൈവജനത്തിനും കൃതജ്ഞതയുടെ കൂപ്പുകൈ. അതിരൂപതയിൽ സംതൃപ്തമായ കുടുംബമായി ഈശോയുടെ രാജ്യം ലക്ഷ്യമാക്കി മുന്നേറാൻ ദൈവകൃപ എല്ലാവരിലും സമൃദ്ധമായി നിറയട്ടെ എന്നു പ്രർത്ഥിക്കുന്നു.

**ഫാ. ആന്റണി മൂലയിൽ**
സെക്രട്ടറി ☸

# പ്രവാസി അപ്പസ്തോലേറ്റ്

സ്നേഹമുള്ളവരേ,

ഉഴുന്നാലിൽ ബഹു. റ്റോം അച്ചന്റെ മോചനം നമ്മെ ഏവരെയും ദൈവസന്നിധിയിൽ കൂടുതൽ കൃതജ്ഞതയുള്ളവരാക്കി. സഭയുടെയും സമൂഹത്തിന്റെയും പ്രാർത്ഥനയും പ്രയത്നവും ഫലംകണ്ട ദിനമായിരുന്നു അത്. ദൈവത്തിൽ പൂർണ്ണമായി ശരണപ്പെടുവാൻ, വിശ്വാസത്തിൽ ആഴപ്പെടുവാൻ, പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകുവാൻ ഈ സംഭവം എല്ലാ പ്രവാസികളെയും സഹായിക്കട്ടെ.

ഇതിനോടനുബന്ധിച്ച് വെരൂർ സെന്റ് ജോസഫ് ഇടവകയിൽ അർപ്പിക്കപ്പെട്ട വി. കുർബാനയിൽ പങ്കുചേർന്ന എല്ലാ പ്രവാസി കുടുംബങ്ങൾക്കും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, ആരാധനയക്ക് കാർമ്മികത്വം വഹിച്ച ബഹു. തോമസ് പ്ലാപ്പറമ്പിലച്ചനും നന്ദി.

പ്രവാസി കുടുംബാംഗങ്ങൾക്ക് സന്തോഷം നൽകുന്ന പ്രധാന രണ്ടു കാര്യങ്ങൾ.

1. ഫൊറോന ഡയറക്ടർ അച്ചന്മാരുടെ സേവനം.
2. ടൂറിസം മിനിസ്ട്രി.

ഒരോ ഫൊറോനായിലേയും വൈദികരുടെ സമ്മേളനത്തിൽ പ്രവാസി അപ്പസ്തോലേറ്റിന്റെ പ്രവർത്തനങ്ങൾ അതാതു ഫൊറോനകളിൽ നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട ഫൊറോനാ ഡയറക്ടർ അച്ചന്മാർക്ക് ഹൃദ്യമായ സ്വാഗതം.

**LIST OF FORANE DIRECTORS**

| | |
|---|---|
| 1. Alappuzha | - Rev. Fr. Francis Karuvelil |
| 2. Amboori | - Rev. Fr. Joseph Choolaparampil |
| 3. Athirampuzha | - Rev. Fr. Varghese Puthenpurackal |
| 4. Champakulam | - Rev. Fr. Pious Payikattumattom |
| 5. Changanacherry | - Rev. Fr. Thomas Cherupurackal |
| 6. Edathua | - Rev. Fr. Antony Ninaparampil |
| 7. Kollam (Ayoor) Forane | - Rev. Fr. Mathew Kottam |
| 8. Kottayam | - Rev. Fr. George Kappammoottil |
| 9. Kudamaloor | - Rev. Fr. Xavier Puthenkalam |
| 10. Kurumpanadam | - Rev. Fr. Thomas Thekkummury |
| 11. Manimala | - Rev. Fr. Sebastian Mancherikalam |

12. Nedumkunnam - Rev. Fr. Zacharias Kunnakkattuthara
13. Pulinkunnu - Rev. Fr. George Moolamkunnam
14. Thiruvananthapuram - Rev. Fr. George Mannumadom
15. Thrickodithanam - Rev. Fr. Varghese Kalayil

പ്രവാസി അപ്പോസ്റ്റലേറ്റിന്റെ പുതിയ സംരംഭമായി ഒരു Marian Venture Tourism Ministry ആരംഭിച്ചിരിക്കുന്നത് സന്തോഷത്തോടെ അറിയിക്കുന്നു. വിശദ വിവരങ്ങൾ ക്രമേണ അറിയിക്കുന്നതായിരിക്കും.

**ഫാ. ഫ്രാൻസിസ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നവംബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| നവംബർ | 3-5 | ആന്തരികസൗഖ്യധ്യാനം (വെള്ളി 8.00 a.m. മുതൽ ഞായർ 3.00 p.m. വരെ) |
| | 6-8 | വിവാഹ ഒരുക്കധ്യാനം |
| | 8 | നിശാരാധന, അഭിഷേക പ്രാർത്ഥന (6.00 p.m.-10.00 p.m.) |
| | 13-15 | വിവാഹ ഒരുക്കധ്യാനം |
| | 16 | അഖണ്ഡജപമാല (10.00 a.m.-2.00 p.m.) |
| | 17-19 | അതിരൂപതാ അൾത്താരബാലന്മാരുടെ ധ്യാനം |
| | 24-26 | സിസ്റ്റേഴ്സിന്റെ എക്ലേസിയ (വെള്ളി 5.30 p.m. -ഞായർ 3.00 p.m.) |
| | 26-30 | വിശ്വാസാനുഭവധ്യാനം (സെഹിയോൻ ടീം) |

**ഫാ. മാത്യു താന്നിയത്ത്**
9446903631

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

പള്ളിക്കൂദാശാക്കാലം സ്വർഗ്ഗോന്മുഖമായ യാത്ര ചെയ്യുന്ന തീർത്ഥാടകയായ സഭ സ്വർഗ്ഗീയമഹത്വത്തെക്കുറിച്ചുള്ള ധ്യാനത്തിലാണ്. ആരാധനാവത്സരത്തിന്റെ സമാപനഘട്ടത്തിൽ നമ്മുടെ ആത്മീയജീവിതത്തിന്റെ വളർച്ചയോടൊപ്പം വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ വിലയിരുത്തലും നാം നടത്തുക അഭിലഷണീയമാണ്. സഭാത്മകമായ നമ്മുടെ ജീവിത വളർച്ചയെ ആരാധനക്രമ കേന്ദ്രീകൃതമായി വിലയിരുത്തുവാനും നമുക്കു സാധിക്കണം.

വിശ്വാസപരിശീലന വർഷത്തിന്റെ രണ്ടാം ഘട്ടത്തിലേയ്ക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. സൺഡേസ്കൂൾ ബൈബിൾ കലോത്സവം ഫൊറോനതല മത്സരങ്ങൾ പൂർത്തിയായി. നമ്മുടെ പരിശീലനത്തിന്റെ വിവിധങ്ങളായ തലങ്ങൾ നമ്മുടെ ആഭിമുഖ്യങ്ങളെയും നിലപാടുകളെയും കൃത്യമായും പരിശോധിക്കുവാനുള്ള വേദികളാണെന്നതിൽ സംശയമില്ല. കലോത്സവത്തിനായുള്ള ഒരുക്കത്തിന്റെ നാളുകൾ തുടങ്ങി നമ്മൾ സ്വീകരിച്ച നിലപാടുകൾ ആത്മവിമർശനത്തിനും ആത്മശോധനയ്ക്കും വിധേയമാകട്ടെ. CRT സന്ദർശനത്തിന്റെ രണ്ടാം ഘട്ടം നവംബർ - ഡിസംബർ മാസങ്ങളിൽ നടക്കും.

ദുർബലരായ ജനതതിയുടെ കൂട്ടായ്മയായ സഭയ്ക്ക് ആത്മബലം റൂഹായാണ്. റൂഹായിൽ ആശ്രയിച്ചു സ്വർഗ്ഗീയ മഹത്വത്തിന്റെ പ്രഭയിൽ ജീവിക്കുന്ന വിശ്വാസസമൂഹം അന്ധകാരശക്തികളെ അതിജീവിക്കും. വിശ്വാസപരിശീലനം ഈ അതിജീവീതത്തിന്റെ അനുഭവബോധ്യങ്ങളിലേയ്ക്ക് നമ്മെയും നാം പരിശീലിപ്പിക്കുന്നവരെയും നയിക്കട്ടെ. നമുക്കു പ്രാർത്ഥിക്കാം.

"അജപാലകനാം കർത്താവേ
സഭയെ കാത്തു ഭരിക്കേണം
കൃപയുടെ തണലിൽ നീയവളെ
സദയം കാത്തു വളർത്തേണം
അവളണയുന്നു നിന്നരികിൽ
ശരണം നീയെന്നോതുന്നു"

(പള്ളിക്കൂദാശാക്കാലം ഞായർ റംശ)

ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**നവംബർ**

4 ശനി : CLT ക്ലാസ്സ്, ഫൊറോന സെമിനാർ - മണിമല

11 ശനി : CLT ക്ലാസ്സ്, MCC ക്ലാസ്സ്, ഫൊറോന സെമിനാർ - തിരുവനന്തപുരം, SMCC തിരുവനന്തപുരം

18 ശനി : CLT ക്ലാസ്സ്
ഫൊറോന സെമിനാർ - നെടുംകുന്നം

19 ഞായർ : ICS@SANDES - 2.30 PM (സന്ദേശനിലയത്തിൽ)

24,25,26 : SMCC അതിരൂപതാ പ്രതിഭാസംഗമം ക്യാമ്പ്

25 ശനി : CLT ക്ലാസ്സ്

**ഡിസംബർ**

1 വെള്ളി : ഇരുപത്തഞ്ച് നോമ്പാരംഭം

2 ശനി : CLT ക്ലാസ്സ്, MCC ക്ലാസ്സ്

8 വെള്ളി : പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവതിരുനാൾ (ഓഫീസ് അവധി)

9 ശനി : CLT ക്ലാസ്സ്, MCC Class
ഫൊറോന സെമിനാർ - എടത്വാ

**പ്രത്യേക ശ്രദ്ധയ്ക്ക്**

**അതിരൂപതാ ബൈബിൾ കലോത്സവം** അവതരണ മത്സരങ്ങൾ ഡിസംബർ 28, 29 (വ്യാഴം വെള്ളി) തീയതികളിൽ എസ്. ബി. കോളേജിൽ വച്ച് നടത്തപ്പെടും.

**SMCC പ്രതിഭ അതിരൂപതാതല തിരഞ്ഞെടുപ്പ് നവംബർ 24, 25, 26** തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് 24-ാം തീയതി വൈകുന്നേരം 5.00 മുതൽ 26-ാം തീയതി വൈകുന്നേരം 3.00 വരെ. ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ നിർബന്ധമായും പങ്കെടുക്കുക. രജി. ഫീസ് 750 രൂപയായിരിക്കും.

**അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ**

അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ 2018 ജനുവരി 26 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെ ചങ്ങനാശേരി എസ്.ബി. കോളേജിൽ നടത്തപ്പെടുന്നു. അതിരൂപതയിലെ മികച്ച അദ്ധ്യാപകർക്കുള്ള നടയ്ക്കൽ പുരസ്കാര ജേതാക്കളെയും മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെയും സമ്മേളനത്തിൽ ആദരിക്കുന്നതാണ്. അതിരൂപതയിലെ മുഴുവൻ അദ്ധ്യാപകരും കൺവൻഷനിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. രജി ഫീസ്. 80 രൂപ. പങ്കെടുക്കുന്ന അധ്യാപകരുടെ കൃത്യമായ എണ്ണം ജനുവരി 6നു മുമ്പായി സന്ദേശനിലയത്തിൽ രജിസ്റ്റർ ചെയ്യുക. മതാദ്ധ്യാപനരംഗത്തെ ജൂബിലേറിയൻസിന്റെ പേരുവിവരങ്ങൾ ബയോഡേറ്റ, ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെ ഡിസംബർ 31 മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

**സന്ദേശനിലയം ഓൺലൈൻ പ്രോഗ്രാം ICS @ SANDES**

സന്ദേശനിലയത്തിന്റെ വജ്രജൂബിലി വർഷത്തിൽ സന്ദേശനിലയം ഓൺലൈൻ പ്രോഗ്രാമിലൂടെ അതിരൂപതയിലെ സൺഡേസ്കൂളുകളെ സന്ദേശനിലയവുമായി ബന്ധിപ്പിക്കുന്ന ഒരു നൂതന സംവിധാനത്തിനു തുടക്കം കുറിക്കുകയാണ്. ഇതുവഴി അതിരൂപതയിലെ എല്ലാ സൺഡേസ്കൂളുകളുമായി എളുപ്പത്തിൽ 'Data Sharing' അടക്കമുള്ള കാര്യങ്ങൾക്ക് ബന്ധപ്പെടുവാനായി സാധിക്കും. ഇതിന്റെ പ്രാഥമികഘട്ടം പൂർത്തിയായിരിക്കുന്നു. ഈ സംവിധാനത്തിന്റെ പ്രവർത്തനരീതികളെപ്പറ്റി പരിചയപ്പെടുത്തുന്നതിനായി നവംബർ 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് സന്ദേശനിലയം ഹാളിൽ വച്ച് ഒരു ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഇതിൽ പങ്കെടുക്കുന്നവർ കംപ്യൂട്ടർ-ഓൺലൈൻ സംവിധാനങ്ങളെക്കുറിച്ച് അറിവും പരിചയവും ഉള്ളവരായിരിക്കണം. സൺഡേസ്കൂൾ ഹെഡ്മാസ്റ്ററോ അല്ലങ്കിൽ വികാരിയച്ചനും - ഹെഡ്മാസ്റ്ററും ചേർന്ന് തിരഞ്ഞെടുക്കുന്ന ഏറ്റം വിശ്വസ്തരായ അധ്യാപകരിൽ ഒരാളോ ഈ പരിശീലന സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

സന്ദേശനിലയം CRT അംഗമായ സി. ലിസി തെക്കുംമുറി SABS, ചങ്ങനാശേരി അസംപ്ഷൻ കോളേജ് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സി. മേഴ്സി തെക്കുംമുറി SABS എന്നിവരുടെ സഹോദരന്റെയും അതിരൂപത CRT അംഗമായ സി. ആനി തോമസ് സി.എം.സി.യുടെ പിതാവിന്റെയും കൂത്രപ്പള്ളി സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപിക സി. അനിതാ പുതിയിടം SABSന്റെ പിതാവിന്റെയും കുടമാളൂർ സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ലൗലി പ്രകാശ് പകലോമറ്റത്തിന്റെ പിതാവിന്റെയും അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ദേവസ്യാ മാടത്തേറ്റിന്റെ മാതാവിന്റെയും ഫാത്തിമാപുരം ഫാത്തിമമാതാ സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ലില്ലിമ്മയുടെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

ആരാധനാവത്സരത്തിലെ അവസാന കാലമായ പള്ളിക്കൂദാശാക്കാലത്തിലേയ്ക്കു നാം പ്രവേശിച്ചിരിക്കുകയാണ്. കർത്താവിന്റെ വരവിനായി പ്രത്യാശയോടെ നമുക്ക് കാത്തിരിക്കാം. ഒക്ടോബർ മാസം പ്രേഷിതമാസമായി നാം ആചരിച്ചു. സ്വഭാവത്താലേതന്നെ പ്രേഷിതയായ സഭയുടെ മക്കളായ നമ്മുടെ പ്രവർത്തനങ്ങളെല്ലാം ഈ ലക്ഷ്യത്തോടെയാണ് നാം നടത്തേണ്ടത്. പ്രേഷിതമാസാചരണം അവസാനിച്ചുവെങ്കിലും അതിന്റെ ചൈതന്യം നമ്മുടെ ജീവിതത്തിലും കർമ്മരംഗങ്ങളിലും പ്രകാശിതമാക്കണം.

അൾത്താരശുശ്രൂഷികളുടെ മേഖലാതല ക്യാമ്പ് / സെമിനാർ ക്രമീകരിച്ചുവെന്ന് കരുതുന്നു. അതിരൂപതാതല അൾത്താരബാലന്മാരുടെ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി മേഖലാ സെമിനാറിൽ പങ്കെടുത്ത ഒരു കുട്ടിയെ ഓരോ ശാഖയിൽനിന്നും പറഞ്ഞയയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കാരുണ്യനിധി കൂപ്പൺതുക നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ച് അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കുമല്ലോ. പ്രാർത്ഥനയോടെ,

ഈശോയിൽ സ്നേഹപൂർവ്വം

**നിങ്ങളുടെ ജോബിയച്ചൻ**

**ജോസിയച്ചൻ**

**നവംബർ**

| | | |
|---|---|---|
| 12 ഞായർ | : | എക്ലേസിയ ക്വിസ് - മേഖലകളുടെ ലിസ്റ്റ് സമർപ്പിക്കേണ്ട അവസാന തീയതി |
| 13 തിങ്കൾ | : | എക്സിക്യൂട്ടീവ് സഹവാസ ക്യാമ്പ് സന്ദേശനിലയത്തിൽവച്ച് (വൈകുന്നേരം 6.30 മുതൽ രാത്രി 10.00 വരെ) |
| 17-19 | : | അൾത്താര ബാലന്മാരുടെ ക്യാമ്പ് (17, 18, 19 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച്) |
| 30 വ്യാഴം | : | സമ്മാനക്കൂപ്പൺ മേഖലകൾ അതിരൂപതയിൽ ഏല്പിക്കേണ്ട അവസാനതീയതി |

**ഡിസംബർ**

| | | |
|---|---|---|
| 1 വെള്ളി | : | ഇരുപത്തഞ്ചു നോമ്പാരംഭം. (ഈശോയെ സ്വന്തമാക്കാൻ നമുക്കൊരുങ്ങാം) |
| 2 ശനി | : | എക്ലേസിയ ക്വിസ്, മിഷൻ ആന്തം (അതിരൂപതാതലം - സന്ദേശനിലയത്തിൽ വച്ച് ) |
| 4 തിങ്കൾ | : | വി. ഫ്രാൻസിസ് സേവ്യറുടെ തിരുനാൾ പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കുക |
| 8 വെള്ളി | : | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ (ഓഫീസ് അവധി) |

9 ശനി : സംസ്ഥാന വാർഷികം - സംസ്ഥാന കൗൺസിൽ

10 ഞായർ : കൂപ്പൺ നറുക്കെടുപ്പ്

**എക്ലേസിയ ക്വിസ് മത്സരത്തിന്റെ മാർക്കുവിഭജനം ചുവടെ ചേർക്കുന്നു**

**വിഷയം** :

1. സി.എം.എൽ. പഠനഗ്രന്ഥം (25 %)
2. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ സഭയുടെ പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി അദ്ധ്യായങ്ങൾ 3, 4 (20%) പി.ഒ.സി. / ധർമ്മാരാം വിവർത്തനം ഉപയോഗിക്കാം.
3. വി. മത്തായിയുടെ സുവിശേഷം 1 മുതൽ 9 വരെ അധ്യായങ്ങൾ (20%)
4. 2017-18 അതിരൂപത പ്രവർത്തന മാർഗ്ഗരേഖ (7 മുതൽ 10 വരെ പേജുകൾ) (5%)
5. മാർ ജെയിംസ് കാളാശേരിയുടെ ജീവചരിത്രം (15%)
6. മിഷൻലീഗിനെയും മാലിപ്പറമ്പിലച്ചനെയും സംബന്ധിച്ച പൊതുചോദ്യങ്ങൾ - മാർഗ്ഗരേഖ പേജ് 64 - 70 (15%)

അതിരൂപതാ മത്സരത്തിൽ ശാഖയിൽ നിന്നും 4 പേർ അടങ്ങുന്ന ഒരു ടീം മാത്രം പങ്കെടുക്കുക.

1. 5 മുതൽ 7 വരെയുള്ള ക്ലാസ്സിലെ കുട്ടികളിൽ നിന്നും ഒരാൾ
2. 8 മുതൽ 10 വരെയുള്ള ക്ലാസ്സിലെ കുട്ടികൾ നിന്നും ഒരാൾ
3. ജൂണിയർ ഓർഗനൈസേഴ്സിൽ നിന്നും ഒരാൾ (ഹയർ കോഴ്സ് വിദ്യാർത്ഥികൾ)
4. ശാഖാ ജോയിന്റ് ഡയറക്ടർ/ഓർഗനൈസറിൽ നിന്നും ഒരാൾ

**പ്രത്യേകശ്രദ്ധയ്ക്ക്**

പഠനഗ്രന്ഥം 62-ാം പേജിലെ വാക്യം 1927 ഡിസംബർ 21 ന് ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് മെത്രാഭിഷിക്തനായി എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**മിഷൻ ആന്തം**

7 പേരടങ്ങുന്ന ഒരു ടീം. സംഗീത ഉപകരണങ്ങൾ പാടില്ല. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾ മാത്രം പങ്കെടുക്കുക. ടീമിലെ അംഗങ്ങളുടെ എണ്ണം 7 പേരിൽ കുറയുവാനോ കൂടുവാനോ പാടില്ല.

**മിഷൻവോയ്സ് പത്രം**

മിഷൻലീഗ് അംഗങ്ങൾ പ്രാർത്ഥനയ്ക്കായി ദത്തെടുത്തിരിക്കുന്ന മിഷൻ കേന്ദ്രങ്ങളെ സംബന്ധിച്ച് പഠിച്ചും, വിവരങ്ങൾ ശേഖരിച്ചും ശാഖകളിൽ തയ്യാറാക്കുന്ന പത്രം അതിരൂപതാതലത്തിൽ നടത്തുന്ന മത്സരത്തിനായി നവംബർ 19-ാം തീയതിവരെ അതിരൂപതാ ഓഫീസിൽ ഏല്പിക്കാവുന്നതാണ്.

**നിബന്ധനകൾ**

1. ഓരോ ശാഖയും തങ്ങൾ പ്രാർത്ഥനയ്ക്കും, സഹായത്തിനുമായി ദത്തെടു

ത്തിരിക്കുന്ന മിഷൻരൂപതാ (പ്രദേശ) യെപ്പറ്റിയുള്ള പരമാവധി വിവരങ്ങൾ ശേഖരിക്കുക.

2. വെള്ളചാർട്ട് പേപ്പർ രണ്ടായി മടക്കി 4 പേജായി ക്രമീകരിച്ച് പത്രം തയ്യാറാക്കേണ്ടതാണ്.
3. പത്രം കൈയെഴുത്തുപ്രതിയായിരിക്കണം. പ്രിന്റ് ചെയ്തിട്ടുള്ളത് പരിഗണിക്കുന്നതല്ല.
4. വാർത്തകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വെട്ടി ഒട്ടിയ്ക്കാവുന്നതാണ്.
5. പത്രത്തിന് ഉചിതമായ പേരുകൾ നല്കാവുന്നതാണ്.
6. ഒന്നും രണ്ടും മൂന്നും സ്ഥാനത്ത് എത്തുന്ന പത്രങ്ങൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും നല്കുന്നതാണ്.

**ഉണ്ണിയെത്തേടി**

ക്രിസ്തുമസ്സിനൊരുക്കമായ 25 നോമ്പുകാലത്ത് രോഗികളും അനാഥരുമായ കൂട്ടുകാരെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്ന പരിപാടിയാണ് ഉണ്ണിയെത്തേടി. മേഖലകളുടെ നേതൃത്വത്തിലോ ശാഖാതലത്തിലോ സമീപത്തുള്ള കുട്ടികളുടെ ഹോസ്പിറ്റലുകളോ അനാഥാലയങ്ങളോ സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകുന്ന രീതിയിലും ഇത് ക്രമീകരിക്കാവുന്നതാണ്.

**മിഷൻ എലൈവ്**

മിഷൻലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാക്ലാസ്സ് നടത്തി, ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി, അതിരൂപതാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഡിസംബർ 26നു മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കുക.

മിഷൻ എലൈവിൽ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ ഏഴ് ആയിരിക്കണം. സമയം 10 മിനിറ്റ്. വിശദവിവരങ്ങൾക്കായി മാർഗ്ഗരേഖ പേജ് 30, 31 കാണുക.

**പ്രത്യേക അറിയിപ്പുകൾ**

✪ എക്ലേസിയ ക്വിസിന്റെ രണ്ടാം വത്തിക്കാൻ പ്രമാണരേഖയിൽ നിന്നുള്ള ചോദ്യങ്ങൾക്ക് പി. ഒ.സി. വിവർത്തനമോ ധർമ്മാരാം വിവർത്തനമോ ഉപയോഗിക്കാവുന്നതാണ്.

✪ എക്ലേസിയ ക്വിസ്, മിഷൻ ആന്തം-ഓരോടീമിനും 50 രൂപ. രജി. ഫീസ് ഉണ്ടായിരിക്കുന്നതാണ്. ഉച്ചഭക്ഷണം ആവശ്യമുള്ളവർ അതിരൂപതാ ഓഫീസിൽ നവംബർ 20-ാം തീയതിയ്ക്കകം രജി. ചെയ്യേണ്ടതാണ്. ഒരാൾക്ക് 60 രൂപ.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന-അതിരൂപതാ മുൻ ജോയിന്റ് ഡയറക്ടറായിരുന്ന സി. അത്തനാസിയ സി.എം.സി.യുടെ നിര്യാണത്തിൽ മിഷൻലീഗിന്റെ അനുശോചനം അറിയിക്കുകയും പരേതയുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹമുള്ള കുടുംബപ്രേഷിതരേ,

കുടുംബപ്രേഷിത രംഗത്ത് പ്രവർത്തിക്കുന്ന ഓരോരുത്തരും ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നാം പ്രവർത്തിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുകയെന്നതാണ് അത്. നാം നിർവ്വഹിക്കുന്ന ദൗത്യം കർത്താവിന്റെ ദൗത്യമാണ്. ഏൽപ്പിച്ചവൻ കൂടെയുണ്ടാകുവാൻ നിരന്തരം പ്രാർത്ഥിക്കണം. തന്നെയുമല്ല നാം ആർക്കുവേണ്ടി പ്രവർത്തിക്കുന്നുവോ അവരിൽ നാം നിർവ്വഹിക്കുന്ന ദൗത്യം പൂവണിയാൻ ആദ്യന്തം നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണം. നിസ്വാർത്ഥമായ പ്രാർത്ഥനകൾ ഫലമണിയുമെന്നാണല്ലോ തിരുവചനം പഠിപ്പിക്കുന്നത്. ഇടവകയിലാകട്ടെ, കുടുംബങ്ങളിലാകട്ടെ, എവിടെ പ്രവർത്തിച്ചാലും തടസ്സങ്ങളെ തരണംചെയ്ത ദൗത്യം പൂർത്തിയാക്കാൻ പ്രാർത്ഥന നമുക്ക് അത്യന്താപേക്ഷിതം തന്നെയാണ്. പ്രാർത്ഥിച്ച് നമുക്ക് പ്രവർത്തിക്കാം. പ്രാർത്ഥനയിൽ ശക്തിപ്രാപിച്ച് നമുക്ക് മുന്നേറാം.

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

**അതിരൂപതാ കലാമത്സരം**

ചങ്ങനാശേരി അതിരൂപത കലാമത്സരം നവംബർ 11 ശനിയാഴ്ച ചങ്ങനാശ്ശേരി സെന്റ് ആൻസ് ഹൈസ്കൂളിൽ നടക്കുന്നു. രാവിലെ 9 മണിക്ക് കലാമത്സരങ്ങൾ ഉദ്ഘാടനം ചെയ്യുന്നതാണ്. എല്ലാവരെയും സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു.

**അതിരൂപതാ വാർഷികം**

ചങ്ങനാശേരി അതിരൂപത മാതൃ-പിതൃവേദി വാർഷികം ഡിസംബർ 9-ാം തീയതി ശനിയാഴ്ച ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ കാവുകാട്ട് ഹാളിൽ നടക്കുന്നതാണ്. ഓരോ യൂണിറ്റിൽനിന്നും ഇരുപതിൽ കുറയാതെ മാതൃവേദി, പിതൃവേദി അംഗങ്ങൾ പങ്കെടുക്കണം. കലാമത്സരങ്ങൾ, സാക്ഷ്യപേടകം, മികച്ച യൂണിറ്റുകൾ, ഫൊറോനകൾ തുടങ്ങിയവയുടെ സമ്മാനങ്ങളും വിതരണം ചെയ്യുന്നതാണ്.

**വിവാഹ സുവർണ്ണജൂബിലി ദമ്പതികളുടെ സംഗമം**

സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമം ഡിസംബർ 16-ാം തീയതി ശനിയാഴ്ച കത്തീഡ്രൽ പള്ളിയിൽ നടത്തുന്നു. രാവിലെ 10 മണിക്ക് നടക്കുന്ന സംഗമത്തിൽ വിവാഹത്തിന്റെ 50-ാം വാർഷികം ആഘോ

ഷിക്കുന്ന ദമ്പതികൾ എത്തിച്ചേരാൻ ശ്രദ്ധിക്കണം. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ നവംബർ 25-ാം തീയതിക്കകം നല്കാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**സമ്മാനക്കൂപ്പൺ**

മാതൃവേദി-പിതൃവേദി സംഘടനകളുടെ യൂണിറ്റ്, ഫൊറോന,അതിരൂപതാ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമുള്ള ഫണ്ട് ശേഖരണാർത്ഥം സമ്മാനകൂപ്പൺ തയ്യാറാക്കിയിരിക്കുന്നു. നവംബർ 11-ാം തീയതി അതിരൂപതാ മത്സരവേളയിൽ ഫൊറോന പ്രസിഡന്റുമാരും, ആനിമേറ്റർമാരുടെയും ഉത്തരവാദിത്വത്തിൽ അവ കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

**അർദ്ധവാർഷിക പ്രവർത്തനത്തിനുള്ള സമ്മാനങ്ങൾ**

അർദ്ധവാർഷിക റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഈ വർഷത്തെ പ്രവർത്തന മികവിന് 4 യൂണിറ്റുകളെയും 4 ഫൊറോനകളെയും തെരഞ്ഞെടുത്തു.

**സമ്മാനാർഹരായ ഫൊറോനകൾ**:

കുടമാളൂർ, തൃക്കൊടിത്താനം, തിരുവനന്തപുരം, പുളിങ്കുന്ന്.

**സമ്മാനാർഹരായ യൂണിറ്റുകൾ:**

ഇത്തിത്താനം സെന്റ് മേരീസ്, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ്, കുറ്റിക്കോണം ക്രിസ്തുരാജ, പാദുവാപുരം സെന്റ് ആന്റണീസ്.

**പ്രോലൈഫ് ബോധവൽക്കരണം**

പ്രോലൈഫ് ബോധവല്ക്കരണത്തിന്റെ ഭാഗമായി എല്ലാ ഇടവകകളിലൂടെയും നടത്തപ്പെടുന്ന വി. ജിയന്നായുടെ തിരുശേഷിപ്പ് പ്രയാണവും പ്രാർത്ഥനാദിനവും മണിമല, തൃക്കൊടിത്താനം ഫൊറോനകളിൽ നടത്തപ്പെട്ടു. മണിമല ഫൊറോന വികാരി വെരി റവ. ഫാ. ആന്റണി നിരയത്ത്, തൃക്കൊടിത്താനം ഫൊറോന വികാരി വെരി റവ. ഫാ. വർഗീസ് കാലായിൽ, ഫൊറോന ഡയറക്ടർമാരായ റവ. ഫാ. ജോസഫ് കട്ടപ്പുറം, റവ. ഫാ. ജയിംസ് മാളിയേക്കൽ ഫൊറോന കോർഡിനേറ്റർമാരായ ടോമിച്ചൻ പുല്ലങ്കാവിൽ, സീന തോമസ്, ഷാജി പോളയ്ക്കൽ, ലാലി ഇളപ്പുങ്കൽ, മാതൃ-പിതൃവേദി ഭാരവാഹികൾ, പ്രോലൈഫ് പ്രവർത്തകർ തുടങ്ങി പരിപാടികൾക്ക് നേതൃത്വം നല്കിയ എല്ലാവരെയും നന്ദി അറിയിക്കുന്നു.

**ഒക്ടോബർ മാസത്തെ പ്രോഗ്രാമുകൾ**

1 പ്രോലൈഫ് ക്ലാസ്സ് സെന്റ് റീത്താസ് കണ്ണാടി

2 പ്രോലൈഫ് ക്ലാസ്സ്, സെന്റ് റീത്താസ് തകഴി

4 വി. ജിയന്ന ജന്മദിനം - അതിരൂപതാ പ്രോലൈഫ് ലീഡേഴ്സ് കൂട്ടായ്മ - ചാഞ്ഞോടി പള്ളിയിൽ

15 ചമ്പക്കുളം മാതൃ-പിതൃവേദി, പ്രോലൈഫ് ലീഡേഴ്സ് മീറ്റ്

26 പ്രോലൈഫ് ക്ലാസ്-ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് MSW Students

എക്സിബിഷൻ - അസംപ്ഷൻ കോളേജ്

**തിരുശേഷിപ്പ് പ്രയാണം നടക്കുന്ന ഇടവകകൾ**

| | | |
|---|---|---|
| നവംബർ | 4-5 | ചമ്പക്കുളം |
| | 5-6 | കൊണ്ടാക്കൽ |
| | 6-7 | വൈശ്യംഭാഗം |
| | 7-8 | നർബോനപുരം |
| | 8-9 | പൊങ്ങ |
| | 9-10 | തെക്കേക്കര |
| | 10-11 | തോട്ടുവാത്തല |
| | 11-12 | കൂലിപ്പുര ലൂർദ്ദ്മാതാ |
| | 12-13 | ചേന്നങ്കരി |
| | 13-14 | നസ്രത്ത് |
| | 14-15 | തെക്കേക്കര ഈസ്റ്റ് |
| | 15-16 | വടക്കേ അമിച്ചകരി |
| | 16-17 | ഗാഗുൽത്താ |
| | 17-18 | കണ്ടങ്കരി |
| | 18-19 | പുല്ലങ്ങടി |
| | 29-30 | പടഹാരം |
| | 31 | എടത്വാ ഫൊറോനയിലേക്ക് |

## വിവാഹ ഒരുക്കധ്യാനം

"Change the world from your home"

| 2017 നവംബർ | 2017 ഡിസംബർ | 2018 ജനുവരി |
|---|---|---|
| 6,7,8 (Zion) | 4,5,6 (Chry) | 1,2,3 (Chry) |
| 13,14,15 (Zion) | 11,12,13 (Zion) | 12,13, 14 (Chry) |
| 20, 21, 22 (Chry) | 18, 19, 20 (Chry) | 22, 23, 24 (Zion) |
| | 26,27,28 (Zion) | 29, 30, 31 (Chry) |

# യുവദീപ്തി–എസ്.എം.വൈ.എം.

**ഒക്ടോബർ 2 ഉപവാസപ്രാർത്ഥനാദിനം**

ചങ്ങനാശ്ശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2 ഉപവാസപ്രാർത്ഥനാ ദിനമായി ആചരിച്ചു. യൂണിറ്റുകളിൽ രാവിലെ 10 മണിയോടുകൂടി പതാക ഉയർത്തൽ കർമ്മം നടന്നു. തുടർന്ന് ക്ലാസ്സുകൾ, ചർച്ചകൾ, ആരാധന, കുമ്പസാരം, വി. കുർബാന എന്നീ ക്രമത്തിൽ ഉപവാസപ്രാർത്ഥനാദിനം സമാപിച്ചു.

**ബ്ലൈന്റ് വോക്ക്**

ഒക്ടോബർ 12 വേൾഡ് ബ്ലൈന്റ് ഡേ യോട് അനുബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം. ഉം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയും സഹകരിച്ച് ബ്ലൈന്റ് വോക്ക് നടത്തി. സെന്റ് ബർക്കുമാൻസ് സ്കൂളിൽനിന്ന് ആരംഭിച്ച റാലി ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. 100 ൽ പരം കുട്ടികൾ പങ്കെടുത്ത റാലി ചങ്ങനാശേരി മുനിസിപ്പൽ ജംഗ്ഷനിൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറയുടെ സമാപന സന്ദേശത്തോടെ അവസാനിച്ചു.

**ഉത്സവ്-2017 (കലോത്സവം നടത്തി)**

ഒക്ടോബർ 14,15,18,22 തീയതികളിലായി യുവദീപ്തി അതിരൂപതാ കലോത്സവം "ഉത്സവ്-2017"ചങ്ങനാശ്ശേരി എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് നിധിൻ ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് കോർപ്പറേറ്റ് അസിസ്റ്റന്റ് മാനേജർ ഫാ. ജേക്കബ് ചെത്തിപ്പുഴ "ഉത്സവ്-17" ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മാർഗ്ഗനിർദ്ദേശ പ്രസംഗം നടത്തി. ജനറൽ കൺവീനർ മിഥുൻ പി.എം., ബിൽവി ജേക്കബ്, ഷിജോ മാത്യു, ട്രീസാ തോമസ് എന്നിവർ പ്രസംഗിച്ചു. 22-ാം തീയതി നടന്ന സമാപന ചടങ്ങിൽ അതിരൂപത ചാൻസിലർ വെരി. റവ. ഫാ. ടോം പുത്തൻകളം സമ്മാനദാനം നിർവഹിച്ചു.

**മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കിയ ഫൊറോനകൾ**

| | | |
|---|---|---|
| I st | - | തുരുത്തി ഫൊറോന |
| II nd | - | ആലപ്പുഴ ഫൊറോന |
| III rd | - | കുടമാളൂർ ഫൊറോന |

**യുവജന സംഗമം കടയനിക്കാട്, പൊങ്ങ യൂണിറ്റുകളിൽ**

അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറയുടെ നേതൃത്വത്തിൽ പൊങ്ങ, കടയനിക്കാട്, യൂണിറ്റുകളിൽ യുവജനസംഗമം നടത്തി. റവ. ഫാ.

എബ്രഹാം ചങ്ങങ്കേരി, റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**മാന്നാനത്ത് യുവജനസംഗമം**

മാന്നാനം ആശ്രമ ദൈവാലയത്തോടു ബന്ധപ്പെട്ട ധ്യാനകേന്ദ്രത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറയുടെ നേതൃത്വത്തിൽ യുവജന സംഗമം നടത്തി. എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തിവരുന്ന ഈ സംഗമം യുവജനങ്ങൾക്ക് വളരെ ഹൃദ്യമായ അനുഭവമായിരുന്നു.

**ചങ്ങനാശ്ശേരി യൂണിറ്റിൽ യുവജനസംഗമം**

18-10-2017 ബുധനാഴ്ച ചങ്ങനാശേരി കത്തിഡ്രലിൽ യുവജന സംഗമം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. നിബിൻ പഴയമഠം എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**സ്നേഹക്കൂട്**

07-10-2017 ന് ഇരവുചിറ യൂണിറ്റിൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ പണിയുന്ന വീടിന്റെ കല്ലിടീൽ കർമ്മം അഭി. തോമസ് തറയിൽ പിതാവ് നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, ഇരവുചിറ പള്ളി വികാരി റവ. ഫാ. ളൂയിസ് വെള്ളാനിക്കൽ, അതിരൂപതാ പ്രസിഡന്റ് നിഥിൻ ജോസഫ്, ഡെപ്യൂട്ടി പ്രസിഡന്റ് ട്രീസാ തോമസ്, ജനറൽ സെക്രട്ടറി ഷിജോ മാത്യു, ട്രഷറർ മിഥുൻ പി.എം., ലാലിച്ചൻ മറ്റത്തിൽ, ബ്രദർ ടോണി എന്നിവർ പങ്കെടുത്തു.

**നവംബർ**

| | |
|---|---|
| 10,11,12 | ആലപ്പുഴ, ചമ്പക്കുളം ഫൊറോനാ ക്യാമ്പ് |
| 17,18,19 | തുരുത്തി ഫൊറോന ക്യാമ്പ് |
| 26 | സെനറ്റ് (അർദ്ധവാർഷിക റിപ്പോർട്ടവതരണം) |

**ഡിസംബർ**

| | |
|---|---|
| 3 | യുവദീപ്തി ജന്മദിനം |

**ഫാ. ജേക്കബ് ചക്കാത്ര**

**ഡയറക്ടർ**

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹമുള്ള കെ.സി.എസ്.എൽ അംഗങ്ങളേ,

നമ്മുടെ സംഘടനാ പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നുവെന്നു കരുതട്ടെ. സംഘടനയെ കർമ്മനിരതമാക്കാനുള്ള പദ്ധതികൾ നിരന്തരം ആവിഷ്ക്കരിക്കുകയും അതു പ്രവൃത്തിപഥത്തിലെത്തിക്കാൻ സ്കൂൾ തലത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യുന്നതിൽ സന്തോഷമുണ്ട്. നവംബർ 11-ാം തീയതി നടക്കുന്ന അതിരൂപതാ കലോത്സവത്തിനായി നന്നായി ഒരുങ്ങുന്നുണ്ടെന്ന് കരുതട്ടെ. വിജയാശംസകൾ പ്രത്യേകം നേരുന്നു.

**സോണൽ ക്യാമ്പ്**

ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, ആലപ്പുഴ സോണൽ ക്യാമ്പ് നവംബർ3,4,5 തീയതികളിൽ നടക്കും. നവംബർ 3,4,5 തീയതികളിൽ നടക്കും. സ്ഥലം: എസ്. ബി. എച്ച്.എസ്.എസ്. ചങ്ങനാശേരി.

സ്റ്റേറ്റ് മതസരങ്ങളിലേക്കുള്ള മത്സരാർത്ഥികളെ തിരഞ്ഞെടുക്കുന്ന അതിരൂപതാ കലോത്സവത്തിൽ വിജയിക്കുന്നവർ നിർബന്ധമായും സ്റ്റേറ്റ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

കെ.സി.എസ്.എൽ. സംസ്ഥാനതല സാഹിത്യമത്സരത്തിൽ 200 പേരോളം സംബന്ധിച്ചു. എസ്.ബി. ഹയർ സെക്കന്ററിയിൽ ഒക്ടോബർ 14-ാം തീയതി നടന്ന മത്സരത്തിൽ വിവിധ രൂപതകളിൽ നിന്നായി 500-ൽ പരം വിദ്യാർത്ഥികൾ സംബന്ധിച്ചു. അതിരൂപതാ കെ.സി.എസ്.എൽ. പ്രസിഡന്റ് ശ്രീ. ഷൈരാജ് വർഗീസ് വേണ്ടുന്ന ക്രമീകരണങ്ങൾ ചെയ്തിരുന്നു. സാന്നിദ്ധ്യംകൊണ്ടും സഹകരണംകൊണ്ടും സാഹിത്യമത്സരത്തെ സജീവമാക്കിത്തീർത്ത എല്ലാ കെ.സി.എസ്.എൽ. കുടുംബാംഗങ്ങൾക്കും നന്ദിയുടെ നറുമലരുകൾ.

**അഖിലകേരളാ ചാവറ പ്രസംഗമത്സരം** (HSS & HS)

- 2017 നവംബർ 24 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ചങ്ങനാശേരി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ചാണ് മത്സരം നടത്തുന്നത്.
- കേരളത്തിലെ ഹയർ സെക്കണ്ടറി, ഹൈസ്ക്കൂൾ കുട്ടികൾക്ക് പ്രത്യേകം മത്സരം ഉണ്ടായിരിക്കും.
- പ്രസംഗവിഷയം തത്സമയം നല്കുന്നതാണ്. വിഷയം വി. ചാവറയച്ചന്റെ ജീവിതവുമായി ബന്ധപ്പെട്ടവ

  2) ക്രൈസ്തവമൂല്യങ്ങളെ പ്രതിപാദിക്കുന്നവ, 3) വിദ്യാഭ്യാസമേഖലയിൽ പ്രസക്തിയുള്ളവ, 4) ആനുകാലിക പ്രാധാന്യമുള്ളവ
- പ്രസംഗമത്സരത്തിന് 5 മിനിറ്റ് മുമ്പേ വിഷയം നൽകുന്നതാണ്. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും
- ഈ മത്സരത്തിൽ ജാതിമതഭേദമെന്യേ HSS, HS വിഭാഗത്തിലെ എല്ലാ കുട്ടികൾക്കും പങ്കെടുക്കാവുന്നതാണ്. (ആൺ/പെൺ വ്യത്യാസമുണ്ടായിരിക്കുന്നതല്ല).
- ഒരു സ്കൂളിലെ HSS, HS വിഭാഗങ്ങളിൽനിന്ന് ഓരോ കുട്ടികൾക്ക്

പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 50/-രൂപാ.

ഓർക്കുക അതിരൂപതാ കലോത്സവം നവംബർ 11-ന് നടത്തുന്നതാണ്. രജിസ്ട്രേഷൻ അവസാന തീയതി 2017 നവംബർ 3 ശനി 5 p.m. വരെ.

ആശംസകളോടെ,

**ഫാ. ലൈജു കണിച്ചേരിൽ**
അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ**
ഡയറക്ടർ ❁

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ലോഗോസ് ക്വിസ് മത്സരത്തിന്റെ ഭംഗിയായ നടത്തിപ്പിൽ സഹകരിച്ച എല്ലാവർക്കും ഏറെ സ്നേഹത്തോടെ നന്ദി പറയുന്നു. ലോഗോസ് ക്വിസ് മത്സരഫലം തയ്യാറായിട്ടുണ്ട്. ബൈബിൾ അപ്പോസ്തലേറ്റ് ഓഫിസിൽനിന്നും ലഭിക്കുന്നതാണ്. വിജയികൾക്കുള്ള സമ്മാനങ്ങൾ പിന്നീട് നൽകുന്നതായിരിക്കും.

ലിറ്റർജിക്കൽ ക്വിസ് അതിരൂപതാ മത്സരം 2018 ജനുവരി 13-ാം തീയതി രണ്ടാം ശനിയാഴ്ച നടത്തപ്പെടുന്നതാണ്. ഒരു ഇടവകയിൽനിന്നും 3 ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്. ഈ മാസത്തെ സത്യദർശനത്തിൽ ചോദ്യാവലി പ്രസിദ്ധികരിച്ചിട്ടുണ്ട്. ആവശ്യമുള്ളവർ സത്യദർശനത്തിൽനിന്നും ചോദ്യാവലി കോപ്പിയെടുത്ത് ഉപയോഗിക്കാവുന്നതാണ്. ഇടവകതലത്തിൽ മത്സരിക്കുന്നവർ തങ്ങളുടെ ഉത്തരക്കടലാസുകൾ 2017 നവംബർ 26-ാം തീയതിക്കകം പൂരിപ്പിച്ച് ബഹുമാനപ്പെട്ട വികാരിയച്ചനെ ഏൽപ്പിക്കേണ്ടതും അച്ചന്മാർ അതു മൂല്യനിർണ്ണയം നടത്തി ആദ്യ മൂന്നു സ്ഥാനങ്ങൾ ലഭിക്കുന്ന കുടുംബങ്ങളുടെ പേരുവിവരങ്ങൾ ഡിസംബർ 20 നകം അതിരൂപത ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

പ്രാർത്ഥനയോടെ,

**ഫാ. മാത്യു നടയ്ക്കൽ**

## അറിയിപ്പുകൾ

### ലിറ്റർജിക്കൽ ക്വിസ് മത്സര സിലബസ്

ആരാധനക്രമവത്സര കലണ്ടർ 2017 - 50 മാർക്ക്

സത്യദർശനം 2017 - 50 മാർക്ക് (ജനുവരി മുതൽ ഒക്ടോബർ വരെ ലക്കങ്ങൾ)

**ലോഗോസ് ക്വിസ് മത്സരത്തിൽ ഓരോ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കി സംസ്ഥാന മത്സരത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർ.**

എ വിഭാഗം - 1. അലീനാ ജയ്മോൻ ലിറ്റിൽഫ്ളവർ ചർച്ച് ആർപ്പൂക്കര
2. അഗിൻ ജോസഫ് സാവി സെന്റ് ജോസഫ്സ് ഫിൽഗിരി.
3. സുഹിതാ തെരേസ് ലിറ്റിൽഫ്ളവർ ചർച്ച് ആർപ്പൂക്കര

ബി വിഭാഗം - 1. അലൻ ജോസഫ് സെന്റ് മേരീസ് ഇരവുചിറ
2. മിലൻ വർഗ്ഗീസ് ജോസഫ് സെന്റ് മേരീസ് ഇരവുചിറ

3. നിഖിതാ ബിജു സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് നെടുംകുന്നം

സി വിഭാഗം 1. ഡോ. റ്റോണിയാ ജോൺ സെന്റ് ജോസഫ്സ് വെരൂർ

2. ജിനോ ജോർജ്ജ് കുരീക്കാട്, സെന്റ് ജോസഫ്സ് ചമ്പക്കര

3. ബിസ്മി ബോബൻ സെന്റ് ആന്റെണീസ് വൈശ്യംഭാഗം

ഡി വിഭാഗം 1. ജസമ്മ തോമസ് സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് കോട്ടാങ്ങൽ

2. ജസ്സി നിക്സൺ സെന്റ് അൽഫോൻസാ ചാത്തനാട്

3. സിബി എ.സി., സെന്റ് ജോസഫ്സ് വായ്പ്പൂർ

ഇ വിഭാഗം 1. സാലി റോയി ലൂർദ്ദ് ഫൊറോനാപള്ളി തിരുവനന്തപുരം

2. ജസ്സി ജോസ് എസ്.എച്ച്. തിരുവല്ലം

3. മാത്യു പി.സി, സെന്റ് മേരീസ് കൂത്രപ്പള്ളി

എഫ് വിഭാഗം 1. എത്സമ്മ ജോർജ് സെന്റ് ജോസഫ്സ് രാമങ്കരി

2. റോസമ്മ തോമസ് സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം

3. സി. ജൻസി സി.എച്ച്.എഫ്, അസംപ്ഷൻ ചങ്ങനാശ്ശേരി

# ആത്മതാകേന്ദ്രം

**ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ**

ആത്മതാകേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാകേന്ദ്രത്തിലും ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുങ്കുന്നം മദർ തെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിൽ വച്ചും അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചനവിസ്മയ ഹാളിൽ എല്ലാ വെള്ളിയാഴ്ചയും മണിമല ഹോളിഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലീനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സ നടത്തി വരുന്നു.

**ഹോമിയോപതിക് ചികിത്സ വിശദ വിവരങ്ങൾ**

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്.ജി. ബിജു.<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലീനിക്ക് | എല്ലാ രണ്ടും നാലും ശനിയാഴ്ചകളിൽ 2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ്<br>ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെൻ മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തുകയുണ്ടായി. സമ്മേളനത്തിൽ കുട്ടികൾക്ക് 93360/- രൂപയും ന്യൂട്രീഷൻ കിറ്റും വിതരണം ചെയ്തു.

### എ.എ. സമ്മേളനം (ആൽക്കഹോളിക്ക്സ് അനോനിമസ്)

മയക്കുമരുന്നുകളുടെ ഉപയോഗത്തിൽനിന്നും വിമുക്തർക്കും, വിമുക്തി ആഗ്രഹിക്കുന്നവർക്കും വേണ്ടി സമ്മേളനം എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8.30 വരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഫാ. തോമസ് താന്നിയത്തിന്റ നേതൃത്വത്തിൽ നടത്തി വരുന്നു.

### ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യനം** നവംബർ 23 മുതൽ നവംബർ 26 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുളേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല: 0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

---

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: **0481-2411819/8921505386**

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ !!!**

സഭയുടെ സാമൂഹ്യശുശ്രൂഷകർ എന്ന നിലയിലുള്ള ദൈവവിളിയോട് പ്രത്യുത്തരിക്കേണ്ടവരാണ് നാമെല്ലാവരും. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ പങ്കുവയ്ക്കുകയാണ് നമ്മുടെ ദൗത്യം. ദൈവരാജ്യം നീതിയും, സമാധാനവും, പരിശുദ്ധാത്മാവിലുള്ള ആനന്ദവുമാണ്. സമാധാനത്തിന്റെ അടിസ്ഥാനം നീതിയും, നീതിയുടെയും സമാധാനത്തിന്റെയും ഫലം ആനന്ദവുമാണ്. സന്തോഷത്തോടെ, സമാധാനത്തോടെ ജീവിക്കുന്ന ഒരു സമൂഹസൃഷ്ടിയിലാണ് നാം പങ്കാളികളാകുന്നത്.

എന്നാൽ ഇന്ന് അനീതിയും ചൂഷണവും അക്രമവും നിറഞ്ഞ ലോകത്ത് ആനന്ദകരമായ ജീവിതം അസാധ്യമാകുന്നതുപോലെ അനുഭവപ്പെടുന്നു. അധികാരവർഗ്ഗം കച്ചവടതാത്പര്യത്തോടെ വർത്തിക്കുമ്പോൾ (കമ്പോള സംസ്ക്കാരം) പാവപ്പെട്ടവൻ പാർശ്വവൽക്കരിക്കപ്പെടുകയും, അവന്റെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും, അവന്റെ അസ്ഥിത്വം നിസ്സാരവത്ക്കരിക്കപ്പെടുകയും ചെയ്യുന്നു. ഇന്നത്തെ നിയമനിർമ്മാണങ്ങൾ ആരുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനാണ്? കണ്ണുതുറന്ന് നോക്കിയാൽ നമുക്കുചുറ്റും ഈ യാഥാർത്ഥ്യം വ്യക്തമായി കാണാനാവും. പ്രകൃതി വിഭവങ്ങൾപോലും, വ്യവസായ ഭീമന്മാർ തങ്ങളുടെ കുത്തകയാക്കിമാറ്റിയ സാഹചര്യം മനസ്സിലാക്കാൻ കഴിയാത്തവിധം ബൗദ്ധികമായും രാഷ്ട്രീയമായും നമ്മുടെ സമൂഹം വന്ധീകരിക്കപ്പെട്ടതുപോലെയുണ്ട്. വികസനത്തിന്റെ പേരിൽ കയ്യേറ്റംചെയ്യപ്പെടുന്നത് ആരുടെ ഭൂമിയാണ്? ആരുടെയൊക്കെയോ അധികാര-കച്ചവടതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നിയമനിർമ്മാണ/വ്യാഖ്യാനമേഖലകളിൽ നടക്കുന്നുണ്ട് എന്നത് അപകടകരമായ വസ്തുതയാണ്. ഇവിടെയാണ് ജനകീയ കൂട്ടയ്മകളുടെയും, ചെറുകിട സംരംഭങ്ങളുടെയും പ്രസക്തി. സാമ്പത്തിക ഭീമന്മാർക്ക് രാഷ്ട്രത്തിന്റെ വിഭവങ്ങൾ തീറെഴുതികൊടുക്കാതെ ഉത്തരവാദിത്വപൂർവ്വം ഉപയോഗിച്ച് അവയെ സംരക്ഷിച്ച് നിലനിർത്താനും, എല്ലാവരുടെയും വികസനം ഉറപ്പുവരുത്താനുമാണ് നാം ശ്രമിക്കേണ്ടത്. സംഘ-യൂണിറ്റ് തല പ്രവർത്തനങ്ങളുടെ ഊന്നൽ ഇവിടെയായിരിക്കട്ടെ എന്ന് ആശിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പ്

**ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള ബോധവത്ക്കരണവും പരിശീലനവും**

കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് ചാസ് നടപ്പാക്കിവരുന്ന ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി നമ്മുടെ അതിരൂപതയിൽ ശുശ്രൂഷചെയ്യുന്ന സന്യാസിനി സമൂഹങ്ങളിലെ, സാമൂഹ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനുള്ള പരിശീലനപരിപാടി നവംബർ 4 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ചാസ് കേന്ദ്ര ഓഫീസിൽ ക്രമീകരിച്ചിരിക്കുന്നു. കാരിത്താസ് ഇൻഡ്യാ ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി സിബി പൗലോസ്, ഡോ. അഭിരാമി ചെത്തിപ്പുഴ ആശുപത്രി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകും.

**ഗവൺമെന്റ് H.S./H.S.S. സ്കൂളുകളിലെയും CBSE, ICSE സ്കൂളുകളിലെയും അധ്യാപകർക്ക് TOT**

ആശാകിരണം പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് സ്കൂളുകളിലെയും പ്രൈവറ്റ് സ്കൂളുകളിലെയും അധ്യാപകർക്ക് നവംബർ 21 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ TOT ക്രമീകരിച്ചിരിക്കുന്നു.

**JLG സംഗമം**

ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുംകുന്നം, മണിമല മേഖലകളിലെ കർഷകരുടെ JLG സംഗമം നവംബർ 7-ാം തീയതി രാവിലെ 10.30 ന് ചൊവ്വാഴ്ച ചാസ് കേന്ദ്ര ഓഫീസിൽ നടത്തപ്പെടുന്നു. JLG രജിസ്ട്രേഷൻ പുതുക്കാനുള്ളവരും പുതുതായി JLG രൂപീകരിക്കാനാഗ്രഹിക്കുന്നവരും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. ഇൻഡ്യൻ ബാങ്കിലെയും ഗ്രാമീൺ ബാങ്കിലെയും മാനേജർമാർ സംഗമത്തിൽ പങ്കെടുത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

### നവംബർമാസത്തെ യൂണിറ്റ് പരിപാടികൾ

| തീയതി | പരിപാടി | യൂണിറ്റ് |
|---|---|---|
| നവംബർ 1 | കർഷകസംഗമം | കരിമ്പനക്കുളം |
| നവംബർ 3 | സ്വയംതൊഴിൽ പരിശീലനം | പാമ്പാടി |
| നവംബർ 5 | കർഷകസംഗമം | പെരുംകാവ് |
| നവംബർ 11 | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ് | ഏറ്റുമാനൂർ |
| നവംബർ 11 | സ്വാശ്രയസംഘസംഗമം | മൈലാടി |
| നവംബർ 11 | ആശാകിരണം -കാൻസർ ബോധവത്ക്കരണം | ചേപ്പുംപാറ |
| നവംബർ 14 | സ്വാശ്രയസംഘസംഗമം | പഴവങ്ങാടി |
| നവംബർ 16 | സി.ബി.ആർ- സംഘരൂപീകരണം | പായിപ്പാട് |
| നവംബർ16 | ബേക്കറി നിർമ്മാണ പരിശീലനം | പായിപ്പാട് |
| നവംബർ 17 | സ്വാശ്രയസംഘസംഗമം | കുറുമ്പനാടം |

| | | |
|---|---|---|
| നവംബർ 21 | സ്വാശ്രയസംഘസംഗമം | കായൽപ്പുറം |
| നവംബർ 27 | ആശാകിരണം-കാൻസർ ബോധവത്ക്കരണം | കരുവാറ്റ |
| നവംബർ 27 | സ്വാശ്രയസംഘസംഗമം | തോട്ടുവാത്തല |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 ഒക്ടോബർ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 336. രത്നമ്മ ശിവദാസ് | നവജ്യോതി | പുന്നപ്രാ | ആലപ്പുഴ |
| 337. സുശീല രഞ്ജൻ | സ്നേഹദീപം | അറുന്നൂറ്റിപ്പാടം | കുട്ടനാട് |
| 338. ലിസമ്മ തോമസ് | മരിയൻ | മഹേന്ദ്രപുരം | ചങ്ങനാശ്ശേരി |

### (2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 124. സരോജിനി രാജൻ, പൂവമ്പാറ | പനയമ്പാല | നെടുംകുന്നം |
| 125. കെ.വി. ജോസഫ്, കാരുവേലികുന്നേൽ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 126. കെ.വി. മൈക്കിൾ, കൊട്ടാരത്തുപറമ്പ് | പൂന്തോപ്പ് | ആലപ്പുഴ |
| 127. തങ്കമ്മ മാത്യു, പന്നിക്കുഴി | കൂത്രപ്പള്ളി | നെടുംകുന്നം |
| 128. ജെയിംസ് കെ.സി. കണ്ണാലിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 129. മേരിക്കുട്ടി ജോൺ, പൂവത്തുംമൂട്ടിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 130. രേവതി രവീന്ദ്രൻ, കൊല്ലംപറമ്പ് | ചേപ്പുംപാറ | കോട്ടയം |
| 131. ചാക്കോ തോമസ്, പൂവത്തുശ്ശേരി | പഴവങ്ങാടി | ആലപ്പുഴ |
| 132. പി.കെ. മാത്യു, വട്ടമല | ഏറ്റുമാനൂർ | അതിരമ്പുഴ |
| 133. ലൈസാമ്മ വർഗ്ഗീസ്, കരിങ്ങട | പാറേൽ | ചങ്ങനാശ്ശേരി |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 42. ദേവസ്യാ, മുണ്ടുവേലിമുകളേൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 43. അമ്മിണി ജോസ്, തെക്കേതോട്ടത്തിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 44. മിനി ടോമി, മുണ്ടന്താനം | മണ്ണാർകുന്ന് | അതിരമ്പുഴ |
| 45. വൽസമ്മ ജോസഫ്, പാറയ്ക്കൽ | മായം | അമ്പൂരി |
| 46. ബാബു വർഗ്ഗീസ്, മൈലപറമ്പിൽ | മായം | അമ്പൂരി |
| 47. മറിയമ്മ വർഗ്ഗീസ് | പുറക്കാട് | ആലപ്പുഴ |

### (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 ഒക്ടോബർ മാസം 2** കുടുംബങ്ങൾക്ക് ചികിത്സാചെലവായി **8454/-** രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| ബൈജു സേവ്യർ, ചേന്നാട്ടുശ്ശേരി | രാമങ്കരി | 5400 |
| ആന്റണി തോമസ്, കണ്ടത്തിപ്പറമ്പിൽ | കൊടുപ്പുന്ന | 3054 |

**(4) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 ഒക്ടോബർ മാസം 28 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 42 അപേക്ഷകർക്ക് 90,670/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### പുതുപ്പള്ളി SME യിൽ വിദ്യാർത്ഥികൾക്ക് ത്രിദിന ബോധവത്ക്കരണ പരിപാടി

RRTC യുടെ നേതൃത്വത്തിൽ പുതുപ്പള്ളി SME യിലെ രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് ലഹരി ചികിത്സയെക്കുറിച്ച് ത്രിദിന ബോധവത്ക്കരണ പരിപാടി ഒക്ടോബർ 3-5 തീയതികളിൽ നടത്തപ്പെട്ടു. 30 വിദ്യാർത്ഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകി. RRTC ടീം നേതൃത്വം നൽകി.

### പദയാത്ര

ചാസ് സ്ഥാപക പിതാവ് പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ടിന്റെ കബറിടത്തിലേയ്ക്ക് ചാസ് സ്റ്റാഫ് അംഗങ്ങൾ ഒക്ടോബർ 9-ാം തീയതി തീർത്ഥാടന പദയാത്ര നടത്തി. ചാസ് സെൻട്രൽ ഓഫീസിലേയും ഖാദി സെക്ഷനിലെയും കോപ്ടാക്കിലേയും സ്റ്റാഫ് അംഗങ്ങൾ പദയാത്രയിൽ സംബന്ധിച്ചു.

### ദേശഭക്തിഗാന മത്സരം

ചാസ് ഖാദി ഷോറൂമുകളിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് നടത്തിയ ഖാദി സ്പെഷ്യൽ മേളയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി അഖില കേരള ദേശഭക്തിഗാന മത്സരം ഒക്ടോബർ 10 ചൊവ്വാഴ്ച രാവിലെ കോട്ടയം ഖാദി ഭവനിൽ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കലിന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ രാഷ്ട്രദീപിക മാനേജിംഗ് ഡയറക്ടർ മോൺ ഡോ. മാണി പുതിയിടം മത്സരം ഉദ്ഘാടനം ചെയ്തു. ഒൻപത് ടീമുകൾ പങ്കെടുത്തു. പ്ലാസിഡ് വിദ്യാവിഹാർ ചെത്തിപ്പുഴ, ഡോൺ ബോസ്കോ HSS പുതുപ്പള്ളി, സെന്റ് പീറ്റേഴ്സ് HSS കുറുമ്പനാടം എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. കോട്ടയം നഗരസഭാ കൗൺസിലർ ശ്രീ. സാബു പുളിമൂട്ടിൽ വിജയികൾക്ക് കാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

### നാഷണൽ സർവ്വേ സംസ്ഥാനതല ആലോചനായോഗം

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയവുമായി സഹകരിച്ച് മദ്യം മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ച് ചാസ് നടത്തുന്ന സർവ്വേയുടെ സംസ്ഥാ

നതല ആലോചനായോഗം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ പരിശീല നകേന്ദ്രത്തിൽ 16.10.2017 ഉച്ചതിരിഞ്ഞ് മൂന്നിന് കൂടി. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശ്രീ. പി.ബി നൂഹ് IAS അദ്ധ്യക്ഷത വഹിച്ച് സർവ്വേയുടെ വിജയക രമായ നടത്തിപ്പിന് ബന്ധപ്പെട്ടവരുടെ സഹകരണം അഭ്യർത്ഥിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി എസ്. ജലജ സ്വാഗതം ആശംസിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. സർവ്വേയുടെ സാങ്കേതിക സഹായം നൽകുന്ന കോഴിക്കോട് NIMHANS ലെ മന ശാസ്ത്രജ്ഞൻ ഡോ. ഷിബുകുമാർ പദ്ധതി നിർവ്വഹണത്തിന്റെ സാങ്കേതിക വിവരങ്ങൾ പങ്കുവെച്ചു. റീജിയണൽ പ്രോജക്ട് കോ-ഓർഡിനേറ്റർ ഫാ. തോമ സുകുട്ടി താന്നിയത്ത് പദ്ധതി വിശദീകരണം നൽകി. പിന്നീട് പൊതുചർച്ച നടന്നു. എക്സൈസ്, നർക്കോട്ടിക്ക് കൺട്രോൾ ബോർഡ്, ആരോഗ്യവകുപ്പ്, വനം, പോലീസ്, വിദ്യാഭ്യാസം, യുവജനബോർഡ് തുടങ്ങിയ ഡിപ്പാർട്ടുമെന്റ് പ്രതിനിധികൾ നിർദ്ദേശങ്ങൾ പങ്കുവച്ചു. ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി. സാമൂഹ്യനീതി അസി. ഡയറക്ടർ ശ്രീമതി ചന്ദ്രികാദേവി, സ്റ്റേറ്റ് ഓപ്പറേഷൻ മാനേജർ ഡോ. ജോസഫ് എബ്രഹാം, സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാരായ ഫാ. ജെയിംസ് അത്തിക്കളം, ശ്രീ. റ്റി.എം. മാത്യു, ശ്രീ. ജെസ്റ്റിൻ മാത്യു, ജില്ലാ സൂപ്രവൈസേഴ്സ് എന്നിവർ നേതൃത്വം നൽകി.

**ഡയറക്ടർ ബോർഡ് മീറ്റിംഗ്**

ചാസ് ഭരണസമിതിയുടെ പ്രത്യേക സമ്മേളനം അതിരൂപതാ കോൺ ഫ്രൻസ് ഹാളിൽ പ്രസിഡന്റ് റവ. ഡോ. ജോസഫ് മുണ്ടകത്തിലിന്റെ അദ്ധ്യ ക്ഷതയിൽ 2017 ഒക്ടോബർ 21 ന് ചേർന്നു. ചാസ് സെക്രട്ടറി ഫാ. ജോസഫ് കളരിക്കൽ അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. സാമൂ ഹിക സേവനത്തിനു മാതൃക ക്രിസ്തുവാണെന്നും അതുപോലെ പ്രവർത്തി ക്കുവാൻ നമുക്ക് സാധിക്കണമെന്നും അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. മനു ഷ്യന് ലഭ്യമായ എല്ലാ വിഭവങ്ങളിലും പങ്കുവയ്ക്കൽ ഉണ്ടാകണം. സമൃദ്ധി യിൽനിന്നല്ല ഉള്ളതിൽനിന്നുകൊടുക്കുന്നതിലാണ് മഹത്വം കാണാൻ കഴിയു ക. നമ്മുടെ സാക്ഷ്യം മാതൃകാപരമായിരിക്കണമെന്നും മതസൗഹാർദ്ദം അര ക്കിട്ടുറപ്പിക്കുന്നതിലും വളർത്തുന്നതിലും നിലനിർത്തുന്നതിലും ചാസിനാണ് ഏറ്റവും കൂടുതൽ സംഭാവന നൽകാൻ സാധിക്കുകയെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. ശുചിത്വസമൂഹത്തിനുവേണ്ടി വിപുലമായപദ്ധതികൾ ആവിഷ്ക്കരിക്കാനും രോഗചികിത്സക്കപ്പുറം പ്രതിരോധത്തിന് മുൻഗണന നല്കുന്ന പദ്ധതികൾ ആരംഭിക്കാനും നിർദ്ദേശിച്ചു. തുടർന്ന് ചാസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഭാവി പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാ ക്കാൻ തീരുമാനിച്ചു.

## ചാസ് ജനറൽബോഡി മീറ്റിംഗ്

2017 ഒക്ടോബർ 21 ന് ഉച്ചകഴിഞ്ഞ് ചാസ് കോൺഫ്രൻസ് ഹാളിൽ ജനറൽ ബോഡി മീറ്റിംഗ് കൂടി. സെക്രട്ടറി അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് രാവിലെ നടന്ന ഭരണസമിതിയിൽ ചർച്ചചെയ്ത വിഷയങ്ങൾ അവതരിപ്പിച്ചു. പിന്നീട് കഴിഞ്ഞ മൂന്നുമാസക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. മൈക്രോഫിനാൻസ് മേഖലയിൽ പ്രത്യേക സോഫ്റ്റ്വെയർ രൂപപ്പെടുത്തുന്നതിനുള്ള പ്രാരംഭചർച്ചകൾ പെർഫെക്ട് സോഫ്റ്റ് വെയർ സൊലൂഷൻസ് പ്രതിനിധികളുമായി നടത്തി. മദ്യം മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ച് കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയവുമായി സഹകരിച്ച് കേരളത്തിലും ലക്ഷദ്വീപിലും മാഹിയിലും ചാസ് നടത്തുന്ന സർവ്വേയുടെ വിവരങ്ങൾ പങ്കുവച്ചു. ചാസ് മുൻഗണന നല്കി നടപ്പിലാക്കേണ്ട പദ്ധതികളും ചർച്ചചെയ്തു. ശുചിത്വവുമായി ബന്ധപ്പെട്ട പദ്ധതി ശുചിത്വദിനാചരണത്തോടെ നടപ്പാക്കാൻ നിശ്ചയിച്ചു.

### മേഖലവാർത്തകൾ

## സ്വാശ്രയസംഘസംഗമം

**ഐക്കരചിറ** യൂണിറ്റിൽ ഒക്ടോബർ 7 ന് സെന്റ് ജോർജ് പാരീഷ് ഹാളിൽ സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. പി.കെ. കുര്യൻ പണ്ടാരക്കളത്തിൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് അത്തിക്കളം ഉദ്ഘാടനം ചെയ്തു. 'ആശാകിരണം' കാൻസർ സുരക്ഷയെക്കുറിച്ച് ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 59 അംഗങ്ങൾ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**പള്ളാത്തുരുത്തി** യൂണിറ്റിൽ ഒക്ടോബർ 17 ന് സ്വാശ്രയസംഘസംഗമം നടത്തി. കില ട്രെയിനർ ടോംസ് ആന്റണി 'സ്ത്രീകളും മാനസികാരോഗ്യവും' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. മഹിളാസമാജം ഭാരവാഹികൾ നേതൃത്വം നൽകി. 67 പേർ പങ്കെടുത്തു.

## മഹിളാസമാജം രൂപീകരിച്ചു

കുട്ടനാട് മേഖലയിലെ **കായൽപുറം** യൂണിറ്റിൽ ഒക്ടോബർ 9 രാവിലെ 'ഹരിത' മഹിളാസമാജം രൂപീകരിച്ചു. മഹിളാസമാജത്തിന്റെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും കോ-ഓർഡിനേറ്റർ വിശദീകരിച്ചു. ഭാരവാഹികളെ തെരഞ്ഞെടുത്തു.

**മങ്കൊമ്പ്** യൂണിറ്റിൽ സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒക്ടോബർ 9 ന് ഉച്ചകഴിഞ്ഞ് മഹിളാസമാജം രൂപീകരിച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തു.

## ഫാർമേഴ്സ് ക്ലബ് മീറ്റിംഗ്

**ഇരവുചിറ** യൂണിറ്റിന്റെ അഭിമുഖ്യത്തിൽ ഒക്ടോബർ 10 ന് ഫാർമേഴ്സ്

ക്ലബ് മീറ്റിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സുനി ക്ലാസ് നയിച്ചു. 28 അംഗങ്ങൾ പങ്കെടുത്തു. ഭാരവാഹികളായി ശ്രീ. ജോസഫ് കുര്യാക്കോസ് മാന്നൂർ (പ്രസിഡന്റ്), ശ്രീ. കുര്യൻ തോമസ് (സെക്രട്ടറി), ശ്രീ. വർഗീസ് മൂലയിൽ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

**കാർഷികസെമിനാർ**

**പുന്നത്തുറ** യൂണിറ്റിൽ 'ഹരിതാ ഫാർമേഴ്സ് ക്ലബിന്റെ' നേതൃത്വത്തിൽ ഒക്ടോബർ 14 ന് കാർഷികസെമിനാർ സംഘടിപ്പിച്ചു. കൊഴുവനാൽ കൃഷി ഓഫീസർ ശ്രീമതി മിനി ഫിലിപ്പ് കൃഷിരീതികൾ, വളപ്രയോഗം, ജൈവവളക്കൂട്ട് നിർമ്മാണം എന്നിവയെക്കുറിച്ച് ക്ലാസ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. റ്റെജി പുതിയാപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 68 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**JLG സംഗമം**

**എടത്വാ** മേഖലയിലെ നെൽകർഷകർക്ക് കാർഷികവായ്പ ലഭ്യമാക്കുന്നതിന് ഒക്ടോബർ 17 ന് എടത്വാ ബൈസെന്റിനറി ഹാളിൽ കർഷകസംഗമം സംഘടിപ്പിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പോളി തോമസ് ഉദ്ഘാടനം നിർവഹിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോൺ മണക്കുന്നേൽ അദ്ധ്യക്ഷതവഹിച്ചു. ഫാ. ജോസഫ് കളരിക്കൽ ആമുഖ പ്രഭാഷണം നടത്തി. ബാങ്ക് ഓഫ് ബറോഡ അഗ്രിക്കൾച്ചർ ഓഫീസർ ജിബി ജേക്കബ്, ആലപ്പുഴ ജില്ല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സീനിയർ മാനേജർ രാധിക എന്നിവർ പദ്ധതികൾ വിശദീകരിച്ചു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാമിന്റെ നേതൃത്വത്തിൽ യൂണിറ്റിൽ നിലവിലുള്ള 13 JLG കൾ അംഗത്വം പുതുക്കുകയും 9 പുതിയ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**സീനിയർ സിറ്റിസൺസ് സംഗമം**

**പുഴവാത്** യൂണിറ്റിൽ ഒക്ടോബർ 18 ന് സീനിയർ സിറ്റിസൺസ് സംഗമം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. ശ്രീ. സിജു ആലഞ്ചേരി ക്ലാസ് നയിച്ചു. 25 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**'ആശാകിരണം' കാൻസർ ബോധവത്ക്കരണം**

മാന്നില യൂണിറ്റിൽ ഒക്ടോബർ 19 ന് കാൻസർബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 43 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### സ്വാശ്രയ സംഘരൂപീകരണം

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 04.10.2017 | ലോട്ടസ് | കായൽപുറം | 16 |
| 04.10.2017 | കൃപയാൽ | ” | 16 |
| 09.10.2017 | ഫ്രണ്ട്സ് | ഇരവുചിറ | 20 |
| 10.10.2017 | ലിയോറ | കുറുമ്പനാടം | 20 |
| 10.10.2017 | കാരുണ്യ | കൈനടി | 14 |
| 10.10.2017 | സെന്റ് തോമസ് | ” | 11 |
| 10.10.2017 | അനുഗ്രഹ | ” | 18 |
| 10.10.2017 | ഓസാനം | ” | 12 |
| 12.10.2017 | നസ്രത്ത് | തകഴി | 20 |
| 12.10.2017 | അൽഫോൻസാ | ” | 13 |
| 12.10.2017 | കൃപ | ” | 16 |
| 18.10.2017 | മദർതെരേസ | ” | 12 |
| 24.10.2017 | ദീപം | കരുവാറ്റ | 11 |
| 24.10.2017 | പ്രതീക്ഷ | ” | 13 |
| 24.10.2017 | ജ്യോതിസ് | ” | 16 |
| 24.10.2017 | കാരുണ്യ | ” | 12 |
| 24.10.2017 | തേജസ് | ” | 12 |

### പരിശീലനപരിപാടികൾ

| തീയതി | യൂണിറ്റ് | പരിശീലനം | പങ്കെടുത്തവർ |
|---|---|---|---|
| ഒക്ടോബർ 5 | കരിമ്പനകുളം | ബേക്കറി നിർമ്മണം | 24 |
| ഒക്ടോബർ 15 | പാദുവാപുരം | ബേക്കറി നിർമ്മണം | 35 |
| ഒക്ടോബർ 16 | പങ്ങട | ബേക്കറി നിർമ്മണം | 16 |

### തയ്യൽ പരിശീലനം

**ഇത്തിത്താനം** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്വാശ്രയസംഘാംഗങ്ങൾക്കു വേണ്ടി തയ്യൽപരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപുരപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. തോമസ് പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. 30 വനിതകൾ പങ്കെടുക്കുന്ന ക്ലാസിന് പരിശീലക ശ്രീമതി ബിന്ദു സിബി നേതൃത്വം നൽകുന്നു.

# എൽഡേഴ്സ് ഫ്രാറ്റേണിറ്റി

(Ministry for the Senior Citizens & Sick)

**അന്താരാഷ്ട്ര സീനിയർ സിറ്റിസൺസ് ദിനാചരണം മാടപ്പള്ളി ഇടവകയിൽ**

ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര സീനിയർ സിറ്റിസൺസ് ദിനമാണ്. ഈ സുദിനം സമുചിതമായി മാടപ്പള്ളി ഇടവകയിൽ ആചരിച്ചു. ഇടവകയിലെ 200ൽ പരം വന്ദ്യവയോധികർ ഒരുമിച്ചുകൂടി. അനുഗ്രഹപ്രദമായ വാർദ്ധക്യകാല ജീവിതത്തെക്കുറിച്ച് ബഹു. തോമസ് പ്ലാപ്പറമ്പിലച്ചൻ സംസാരിച്ചു. വികാരി ബഹു. ജേക്കബ് ചീരംവേലിൽ അച്ചൻ നേതൃത്വം നൽകി.

**മുട്ടാർ സെന്റ് ജോർജ്ജ് ഇടവകയിൽ എൽഡേഴ്സ് മീറ്റ്**

അന്താരാഷ്ട്ര വയോജനദിനാചരണത്തിന്റെ ഭാഗമായി മുട്ടാർ സെന്റ് ജോർജ് ഇടവകയിൽ വയോജനസംഗമം സംഘടിപ്പിച്ചു. പിതൃവേദി-മാതൃജ്യോതിസ് അംഗങ്ങൾ നേതൃത്വം കൊടുത്ത വയോജനസംഗമത്തിൽ ഇടവകയിലെ മിക്ക വാറും എല്ലാ വന്ദ്യവയോധികരും പങ്കെടുത്തു. ഫാ. തോമസ് പ്ലാപ്പറമ്പിലും എല്ലാ വന്ദ്യവയോധികരും പങ്കെടുത്തു. ഫാ. തോമസ് പ്ലാപ്പറമ്പിലും വികാരി ബഹു. എബ്രാഹം തയ്യിൽ അച്ചനും നേതൃത്വം നൽകി.

**നെടുങ്കുന്നം ഇടവകയിൽ 70 കഴിഞ്ഞവരെ ആദരിച്ചു**

ചെറുപുഷ്പ മിഷൻ ലീഗിന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി നെടുങ്കുന്നം ഇടവകയിലെ 70 വയസ്സ് കഴിഞ്ഞവരെ ആദരിച്ചു. പെരിയ ബഹു. ഫൊറോന വികാരി ഡോ. ജോസഫ് പുതുപ്പറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഇരവുചിറ ഇടവകയിൽ വയോജനവേദി**

ആരംഭിച്ചു ഇടവകയിലെ മുതിർന്ന പൗരന്മാരെ ആദരിക്കുന്നതിനും പ്രായമായവർക്ക് സ്ഥിരമായി ഒരുമിച്ചു കൂടുന്നതിനും അവസരമൊരുക്കിക്കൊണ്ട് വയോജനവേദി രൂപീകരിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**വാത്സല്യം-2017 ശ്രദ്ധേയമായി**

ചങ്ങനാശ്ശേരി എസ്.എച്ച്. ഹയർസെക്കണ്ടറി സ്കൂളിലെ കുട്ടികളുടെ ഗ്രാന്റ് പേരന്റ്സ് സംഗമം-വാത്സല്യം 2017 അഭിനന്ദനം അർഹിക്കുന്നു. ചാൻസിലർ റവ. ഡോ. ടോം പുത്തൻകളം ഉദ്ഘാടനം നിർവ്വഹിച്ചു. മാനേജർ ഫാ. ജോസഫ് മുളവന അദ്ധ്യക്ഷത വഹിച്ചു.

**വെരൂർ ഇടവകയിൽ-സീനിയേഴ്സ് ഉല്ലാസയാത്ര നടത്തി**

അന്താരാഷ്ട്ര വയോജനദിനാചരണത്തിന്റെ ഭാഗമായി വെരൂർ ഇടവകയിലെ 65 വയസ്സ് കഴിഞ്ഞവർക്കുവേണ്ടി ഇടപ്പള്ളി സെന്റ് ജോർജ്ജ് പള്ളി, എറണാകുളം വല്ലാർപാടം പള്ളി എന്നിവിടങ്ങളിലേയ്ക്ക് തീർത്ഥാടനവും കൊച്ചി മെട്രോ ട്രെയിനിൽ ഉല്ലാസയാത്രയും സംഘടിപ്പിച്ചു.

ഇടവകയിൽ പ്രായമായവർക്കുവേണ്ടിയുള്ള ശുശ്രൂഷകൾക്ക് വിളിക്കുക. ഫോൺ: 9495107045.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
ഡയറക്ടർ (9495107045)

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

'കരിസ്മാറ്റിക് നവീകരണത്തിന്റെ കൃപാപ്രവാഹത്തിലായിരിക്കുന്ന നിങ്ങളോരോരുത്തരോടും ഞാൻ അഭ്യർത്ഥിക്കുന്നു: നിങ്ങളുടെ ഇടവകകളിലും സെമിനാറുകളിലും വിദ്യാലയങ്ങളിലുമൊക്കെ "പരിശുദ്ധാത്മാവിലുള്ള നവജീവിത" (Life in the Spirit (LSS)) സെമിനാറുകൾ നടത്തുക. പരിശുദ്ധാത്മാഭിഷേകവും നിങ്ങളുടെ മതബോധനവും അവരുമായി പങ്കുവയ്ക്കുക. ഇത് പരിശുദ്ധാത്മ പ്രവർത്തനത്തിന്റെ ഫലമാണ്. ഇതിലൂടെ യേശുവുമായി ഒരു കണ്ടുമുട്ടൽ നടക്കുകയും ജീവിതത്തിൽ കാതലായ വ്യതിയാനം സംഭവിക്കുകയും ചെയ്യുന്നുണ്ട്.

-ഫ്രാൻസീസ് മാർപ്പാപ്പ

3-ാം ലോക വൈദീകധ്യാനം)

**ഫാത്തിമാ സന്ദേശപ്രയാണം:**

ഫാത്തിമായിൽ പരി. ദൈവമാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ ശതാബ്ദിയാഘോഷങ്ങളുടെ ഭാഗമായി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ (KCBC) നിർദ്ദേശപ്രകാരമുള്ള ഫാത്തിമാ സന്ദേശപ്രയാണം സെപ്റ്റംബർ 30, ഒക്ടോബർ 1,2 തീയതികളിൽ ചങ്ങനാശ്ശേരിയിലെ വിവിധ ദേവാലയങ്ങൾ സന്ദർശിച്ചു. സെപ്റ്റംബർ 30 ശനിയാഴ്ച പാമ്പാടിയിലെ ഗുഡ്ന്യൂസ് ധ്യാനകേന്ദ്രത്തിൽ നിന്നും ഏറ്റുവാങ്ങിയ തിരുസ്വരൂപവുമായി സന്ദേശപ്രയാണം ചങ്ങനാശ്ശേരി അതിരൂപതയിലെ നെടുമണ്ണി, ഫാത്തിമാപുരം (ചങ്ങനാശ്ശേരി), പള്ളിക്കൂട്ടുമ്മ (കുട്ടനാട്), എന്നിവടങ്ങളിലെ ഫാത്തിമാമാതാവിന്റെ നാമധേയത്തിലുള്ള ഇടവകകളിലും, ചങ്ങനാശ്ശേരി പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിലും എത്തുകയുണ്ടായി. ചങ്ങനാശ്ശേരി സോണിൽപ്പെട്ട മല്ലപ്പള്ളി സെന്റ് ഫ്രാൻസിസ് മലങ്കര ദേവാലയം, തിരുവല്ല സെന്റ് ജോൺസ് മലങ്കര കത്തീഡ്രൽ പള്ളി, മല്ലപ്പള്ളി പാലക്കാത്തകിടി ഫാത്തിമാഗിരി ലത്തീൻ ദേവാലയം, തിരുവല്ല, തുകലശ്ശേരി സെന്റ് ജോസഫ് ലത്തീൻ ദേവാലയം എന്നീ ഇടവകകളിൽ സന്ദർശനം നടത്തിയ പ്രയാണം അനേകായിരങ്ങൾക്ക് അനുഗ്രഹപ്രദമാവുകയും മാതാവിന്റെ ഫാത്തിമാ സന്ദേശങ്ങൾ ദൈവജനത്തിന് മുൻപിൽ പുനഃരവതരിപ്പിക്കാൻ അപൂർവ്വ സാഹചര്യം ഒരുക്കുകയും ചെയ്തു.

**ചങ്ങനാശ്ശേരി സോണൽ സേവന സമിതിയുടെ പുനഃസംഘടന**

അടുത്ത രണ്ട് വർഷക്കാലയളവിൽ ചങ്ങനാശ്ശേരിയുടെ നവീകരണത്തിന് നേതൃത്വം വഹിക്കാനുള്ള സേവന സമിതിയെ കണ്ടെത്താനുള്ള പുനഃസംഘ

ടനാ നടപടികൾ നവംബർ 25-ാം തീയതി സന്ദേശ നിലയത്തിലുള്ള മാർത്തോമ്മാ വിദ്യാനികേതനത്തിന്റെ ഓഡിറ്റോറിയത്തിൽവച്ച് നടക്കും. രാവിലെ 8.30 മണിക്ക് ആരംഭിക്കുന്ന പുനഃസംഘടനാ സമ്മേളനത്തിൽ ചങ്ങനാശ്ശേരിയിലെ ക്ഷണിക്കപ്പെട്ട കരിസ്മാറ്റിക് നേതൃനിര ഭാഗഭാഗിത്വം വഹിക്കും.

**മിഷൻ പ്രവർത്തനങ്ങൾ**

ചങ്ങനാശ്ശേരിയുടെ പ്രത്യേക മിഷൻപ്രദേശമായി സിക്കിം സംസ്ഥാനത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. മിഷൻപ്രവർത്തനങ്ങൾക്ക് താത്പര്യമുള്ള അംഗങ്ങൾ ബഹു. ഫാ. മാത്യു താന്നിയത്തച്ചനെയോ (ഡയറക്ടർ) ജയിംസ് എൻ. ജെ. (കോർഡിനേറ്റർ)-നെയോ ബന്ധപ്പെടണം.

**കെ.എ.സി. കോർ ടീം മീറ്റിംഗ്**

ഒക്ടോബർ 5-ാം തീയതി കളമശ്ശേരി എമ്മാവൂസിൽ വച്ച് നടന്ന കേരളാ കരിസ്മാറ്റിക് ഉപദേശക സമിതിയിൽ ചങ്ങനാശ്ശേരിയുടെ പ്രതിനിധിയായി മൂന്ന് പേർ പങ്കെടുത്തു. എല്ലാ ഇടവകകളിലും (Life in the Spirit (LSS)) സെമിനാറുകൾ സംഘടിപ്പിക്കുക, മിഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക എന്നിങ്ങനെ നിരവധി നിർദ്ദേശങ്ങൾ മീറ്റിംഗിൽ ഉയർന്നു വന്നു.

'പരിശുദ്ധാത്മാവിലുള്ള നവജീവിതം' വ്യക്തികളെയും സമൂഹങ്ങളെയും കുടുംബങ്ങളെയും സഭയുടെ ഹൃദയത്തിലേക്കും, കൂദാശാജീവിതത്തിലേക്കും അടുപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ജയിംസ് നടുവിലേപറമ്പിൽ**
(കോർഡിനേറ്റർ)
9495520422

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
9446903631

# ചാരിറ്റി വേൾഡ് ട്രസ്റ്റ്

*കൈകോർക്കുന്ന കാരുണ്യം*

**ചങ്ങനാശ്ശേരി അതിരൂപത**

**ചിങ്ങോലിയുടെ നന്മ-18 ലക്ഷം**

ഹരിപ്പാടിനടുത്ത് ചിങ്ങോലി ഗ്രാമ പഞ്ചായത്ത് 6-ാം വാർഡിൽ താമസിക്കുന്ന സരളാലയന്റെ മകൻ വൃക്കരോഗിയായ അനുകുമാറിന് വേണ്ടി ഗ്രാമം കൈ കോർത്തു. 37 വയസുള്ള അനുകുമാറിന്റെ വൃക്ക മാറ്റി വെയ്ക്കുവാൻ 10 ലക്ഷം രൂപ ആവശ്യമായിരുന്നു. 1000-ൽ പരം ആളുകൾ 2017 ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച 10 മണി മുതൽ 3 മണി വരെയുള്ള 5 മണിക്കൂർ കൊണ്ട് ബക്കറ്റുമായി 3500 ഓളം വീടുകളിൽ ധനശേഖരണത്തിനായി കയറിയിറങ്ങി 18,00,000 രൂപയാണ് സമാഹരിച്ചത്.

**തമിഴ്നാട്ടുകാരനായ ജയനുവേണ്ടി ചിങ്ങവനം**

ചങ്ങനാശേരി പ്രത്യാശ ഇതിനോടകം 89 പഞ്ചായത്തുകളിൽ നിന്നായി 115 വൃക്ക, കരൾ, ഹൃദ്രോഗികളുടെ അവയവ ശസ്ത്രക്രിയക്കായി 19 കോടി രൂപ സമാഹരിച്ചു കൊടുത്തുവെങ്കിലും വേറിട്ട ഒരു കാഴ്ചയാണ് ചിങ്ങവനത്ത് കണ്ടത്. അന്യസംസ്ഥാനക്കാരനും കഴിഞ്ഞ 30 വർഷമായി ചിങ്ങവനത്ത് കൂലി വേല ചെയ്തു ജീവിക്കുന്ന വൃക്കരോഗിയുമായ ജയനെ രക്ഷിക്കാൻ ഒന്നിച്ച കാഴ്ച പ്രത്യാശ ടീം അംഗങ്ങളെ അത്ഭുതപ്പെടുത്തി. കോട്ടയം നഗരസഭയുടെ 36,37,38,39,40 വാർഡുകളിൽ 5 മണിക്കൂർ കൊണ്ട് 10 ലക്ഷം സമാഹരിക്കണമായിരുന്നു. പക്ഷേ വെറും 5 വാർഡുകളിൽനിന്നായി ലഭിച്ചത് 11,15,700 രൂപയാണ്. ചിങ്ങവനം അക്ഷരാർത്ഥത്തിൽ കാരുണ്യത്തിന്റെ ഉൽസവം 2017 ഒക്ടോബർ 15-ാം തീയതി ഞായറാഴ്ച 11 മണി മുതൽ 4 വരെയുള്ള സമയത്ത് ആഘോഷിച്ചു. 500 ൽ പരം ആളുകൾ ഭവനങ്ങൾ കയറിയിറങ്ങി.

**കാരുണ്യസ്പർശം**

രോഗം മൂലം കുടുംബങ്ങൾ ഇല്ലാതാകുന്ന അവസ്ഥയിൽ കാരുണ്യമുള്ള മനുഷ്യർക്ക് നോക്കി നിൽക്കുവാൻ സാധിക്കുകയില്ല. ഈ അവസ്ഥയിൽ ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 25 ക്യാൻസർ രോഗികൾക്കും 25 കിടപ്പു രോഗികൾക്കും പ്രതിമാസം 1000 രൂപ വീതം, മെയ് മാസം വിതരണം ചെയ്തു.

**വിസ്മയമായി ഭിന്ന താളമേളം**

ഭിന്നശേഷിക്കാരായ കുട്ടികളുടെ ബാന്റ്, കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കാനും ആത്മവിശ്വാസം നിറയ്ക്കാനും സ്വയം പര്യാപ്തത നേടാനും

സ്വന്തമായി സമ്പാദിക്കാനും വഴിയൊരുക്കിയത് ജിമ്മി പടനിലം സെന്ററാണ്. ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന ഭിന്നശേഷിക്കാരായ 18 അംഗ സംഘം അവതരിപ്പിച്ച ബാന്റുമേളം സെന്റ് മേരീസ് ചർച്ച് തുരുത്തിയിലും കൈനടി പള്ളിയിലും, എസ്.ഡി.യിലുമാണ് നടന്നത്.

**റെയിൻബോ ക്ലബ്**

ഏഴു നിറമുള്ള മഴവില്ലിന്റെ മനോഹരനിറങ്ങളായി ഭിന്നശേഷിയുള്ള കുട്ടികളുടെ ഏഴു കുടുംബങ്ങൾ ഒന്നിച്ചുചേർന്നുള്ള സംഗമവേദിയാണ് റെയിൻബോ ക്ലബ്. കുറിച്ചി, പുതുച്ചിറ റെയിൻബോ ക്ലബ് മീറ്റിങ്ങുകൾ മിഥുന്റെയും സജീവിന്റെയും ഭവനങ്ങളിൽ നടന്നു. പരസ്പരസഹായം, ആത്മീയ ഉണർവ്, മാനസികോല്ലാസം എന്നീ മേഖലകളിൽ ഊന്നൽ കൊടുക്കുന്ന ഈ ക്ലബുകൾ ഒരു ജനകീയ കൂട്ടായ്മയായി മാറിയിരിക്കുന്നു.

**പാലിയേറ്റിവ് കെയർ-കിടപ്പുരോഗികൾക്കായി**

പാലിയേറ്റിവ് കെയറിന്റെ ആഭിമുഖ്യത്തിൽ ഓണം പ്രമാണിച്ച് കിടപ്പുരോഗികളായവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ഓണക്കിറ്റ് നൽകുകയും ചെയ്തു.

സാന്ത്വനപരിചരണ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ പള്ളിക്കൂട്ടുമ്മ, ചാത്തങ്കരി, മുട്ടത്തുപടി, ചീരഞ്ചിറ, കണ്ണൻച്ചിറ, ചങ്ങനാശേരി, എന്നിവിടങ്ങളിൽ ഹോം കെയർ നടത്തി 10 രോഗികളെ സന്ദർശിച്ചു.

# സെന്റ് തോമസ് സൺഡേസ്കൂൾ പുഴവാത് ചങ്ങനാശ്ശേരി

## 32-ാമത് സണ്ണി വൈശ്യന്റേടം മെമ്മോറിയൽ ഇന്റർ സൺഡേ സ്കൂൾ ക്വിസ് കോമ്പറ്റീഷൻ 2017

പ്രിയ ബഹു: അച്ചാ, സാർ

പുഴവാത് സെന്റ് തോമസ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന **സണ്ണി വൈശ്യന്റേടം** മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ 32-ാമത് ബൈബിൾ ക്വിസ് കോമ്പറ്റീഷൻ **2017 നവംബർ 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00-ന്** പുഴവാത് സെന്റ് തോമസ് പാരീഷ് ഹാളിൽ നടത്തുന്നതാണ്. ചങ്ങനാശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒരു സൺഡേ സ്കൂളിൽനിന്നും മൂന്നുപേർ ഉൾപ്പെട്ട ഒരു ടീമിന് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

### നിബന്ധനകൾ

❖ഒരു സൺഡേസ്കൂളിൽ നിന്നും ഒരു ടീമിന് പങ്കെടുക്കാം. ❖ ഒരു ടീമിൽ - ഒരു സൺഡേ സ്കൂൾ അദ്ധ്യാപകൻ/അദ്ധ്യാപിക (ഒരു ഹയർകോഴ്സ് വിദ്യാർത്ഥി/വിദ്യാർത്ഥിനി-1 മുതൽ 10 വരെ ക്ലാസുകളിൽ നിന്ന് ഒരു വിദ്യാർത്ഥി/വിദ്യാർത്ഥിനി) ❖ഹയർകോഴ്സ് വിഭാഗത്തിൽ നിന്ന് മത്സരാർത്ഥികൾ ഇല്ലെങ്കിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ നിന്ന് ഒരാളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്. ❖പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നവംബർ 15 മുമ്പായി ഹെഡ്മാസ്റ്ററുടെയോ കൺവീനറിന്റെയോ പക്കൽ പേര് രജിസ്റ്റർ ചെയ്യണം. ❖ മത്സരത്തിൽ പങ്കെടുക്കാനെത്തുമ്പോൾ (നവം. 26) ബഹു. വികാരിയച്ചന്റെയോ/സൺഡേ സ്കൂൾ ഡയറക്ടറിന്റെയോ സാക്ഷ്യപത്രം, രജിസ്ട്രേഷൻ ഫീ ആയി 50 രൂപ നൽകേണ്ടതാണ്. ❖ വൈദിക വിദ്യാർത്ഥികളോ സന്യാസിനികളോ മത്സരത്തിൽ പങ്കെടുക്കുവാൻ പാടില്ല.

### വിഷയങ്ങൾ

1. **സംഖ്യയുടെ പുസ്തകം (22 മുതൽ 36 വരെ അദ്ധ്യായങ്ങൾ) 25%**
2. **വി. മത്തായിയുടെ സുവിശേഷം (1 മുതൽ 9 വരെ അദ്ധ്യായങ്ങൾ) 25%**
3. **വെളിപാട് പുസ്തകം (4 മുതൽ 9 വരെ അദ്ധ്യായങ്ങൾ) 25%**
4. **അങ്ങേയ്ക്കു സ്തുതി (ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രിക ലേഖനം 4-ാം അദ്ധ്യായം) 25%**

അങ്ങയുടെ എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കളരിക്കൽ** (ഡയറക്ടർ)

**ബിജു തോപ്പിൽ** (ഹെഡ്മാസ്റ്റർ)
9447573065

**സജോ ജോസഫ് മാളിയേക്കൽ**
(കൺവീനർ) 7025175265

### സമ്മാനങ്ങൾ

**1-ാം സമ്മാനം - 5000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**2-ാം സമ്മാനം - 4000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**3-ാം സമ്മാനം - 3000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**4-ാം സമ്മാനം - 2000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**
**5-ാം സമ്മാനം - 1000 രൂപാ ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റും**

# ജീവകാരുണ്യനിധി ട്രസ്റ്റ്

ഈശോയിൽ സ്നേഹമുള്ളവരേ,

'കളർ എ ഹോം' 2016-ലെ ക്രിസ്തുമസ്സിനു നടത്തിയ ധനശേഖരണത്തിൽ ഇടവക സമാഹരിച്ച തുകയും അതിരൂപതയിൽ നിന്നും ഇടവകക്ക് ലഭിച്ച പ്രോത്സാഹനധനവും ആകെ തുകയുടെ ശതമാനവും ഫൊറോന അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു. ഇടവകയിൽ സൂക്ഷിച്ചിട്ടുള്ള 60% ഉം കളർ എ ഡ്രീം അക്കൗണ്ടിൽ ഇടവകയുടെ പേരിൽ അടച്ച 10% ഉം അതിരൂപതയിൽ നിന്നും അനുവദിച്ച പ്രോത്സാഹനതുകയും ഉൾപ്പെടുന്നതാണ് ഇടവകക്ക് ആകെ ലഭിച്ച തുക.

**ഫാ. മാത്യു നടക്കൽ** — കുടുംബകൂട്ടായ്മ

**ഫാ. ഗ്രിഗറി ഓണംകുളം** — സെക്രട്ടറി

| ഇടവക | ആകെ സമാഹരിച്ച തുക | പ്രോത്സാഹന ധനം | ആകെ നേട്ടം | നേട്ടം ശതമാനത്തിൽ |
|---|---|---|---|---|
| **ആലപ്പുഴ** | | | | |
| ആറാട്ടുവഴി | 73250 | 15000 | 65950 | 90% |
| അറുനൂറ്റുംപാടം | 55520 | 9000 | 47320 | 85% |
| ആര്യാട് | 52125 | 10000 | 46475 | 89% |
| ചാത്തനാട് | 18530 | 4000 | 16118 | 87% |
| കൈനകരി | 46340 | 10000 | 42304 | 91% |
| കൈതവന | 37537 | 12000 | 38022 | 101% |
| കുട്ടമംഗലം | 17200 | 5000 | 16320 | 95% |
| മണ്ണഞ്ചേരി | 21150 | 4000 | 18805 | 89% |
| മുഹമ്മ | 116635 | 18000 | 98975 | 85% |
| പള്ളാത്തുരുത്തി | 46910 | 8000 | 40646 | 87% |
| പഴവങ്ങാടി | 260820 | 45000 | 227571 | 87% |
| പൂന്തോപ്പ് | 140000 | എടുത്തതാണ് | 110000 | 79% |
| പുന്നമട | 55480 | 10000 | 48836 | 88% |
| പുറക്കാട് | 61995 | 9000 | 52397 | 85% |
| പുത്തനങ്ങാടി | 66050 | 30000 | 75630 | 115% |
| തത്തംപള്ളി | 346668 | 100000 | 308000 | 89% |
| **അമ്പൂരി** | | | | |
| അമ്പൂരി | 95710 | 20,000 | 80926 | 85% |
| മായം | 21995 | 5,000 | 20395 | 93% |
| രാജഗിരി | 9715 | 4,000 | 9715 | 100% |
| തേക്കുപാറ | 14135 | 5,000 | 13475 | 95% |
| വാവോട് | 32000 | 6,000 | 28200 | 88% |

| ഇടവക | ആകെ സമാഹരിച്ച തുക | പ്രോത്സാഹന ധനം | ആകെ നേട്ടം | നേട്ടം ശതമാനത്തിൽ |
|---|---|---|---|---|
| അതിരമ്പുഴ | | | | |
| ആറുമാനൂർ | 52110 | 13000 | 49477 | 95% |
| അതിരമ്പുഴ | 570300 | 70000 | 469210 | 82% |
| അതിരമ്പുഴ ലിസ്യൂ | 25000 | 6000 | 23500 | 94% |
| ഏറ്റുമാനൂർ | 306884 | 100000 | 314819 | 103% |
| കട്ടച്ചിറ | 48540 | 8000 | 41124 | 85% |
| കോട്ടക്കപ്പുറം | 96341 | 15000 | 82439 | 86% |
| മണ്ണാർകുന്ന് | 76600 | 21000 | 74600 | 97% |
| നാൽപാത്തിമല | 127320 | 23000 | 112142 | 88% |
| പള്ളിക്കുന്ന് | 62800 | 14000 | 57680 | 92% |
| പുന്നത്തുറ | 73111 | 15000 | 67636 | 93% |
| തെള്ളകം | 225000 | എടുത്തതാണ് | 195000 | 87% |
| വെട്ടിമുകൾ | 96450 | 32000 | 99450 | 103% |
| ചമ്പക്കുളം | | | | |
| ചമ്പക്കുളം | 398610 | 83000 | 338110 | 85% |
| ചേന്നംകരി സെന്റ് ജോസഫ്സ് | 62515 | 15000 | 58509 | 94% |
| കണ്ടങ്കരി | 52400 | 8000 | 44440 | 85% |
| കൊണ്ടാക്കൽ | 69969 | 15000 | 63969 | 91% |
| നർബോനപുരം | 137300 | 20000 | 136705 | 100% |
| നസ്രത്ത് (നെടുമുടി) | 55515 | 15000 | 53015 | 95% |
| പടഹാരം | 23150 | 5000 | 20890 | 90% |
| പൊങ്ങ | 85875 | 13000 | 73125 | 85% |
| പുല്ലങ്ങടി | 36723 | 8000 | 33534 | 91% |
| തെക്കേക്കര (സെന്റ് ജോൺസ്) | 83655 | 15000 | 73558 | 88% |
| വടക്കേ അമിച്ചകരി | 51500 | 8000 | 43900 | 85% |
| വൈശ്യംഭാഗം | 68885 | 12000 | 59885 | 87% |
| ചങ്ങനാശ്ശേരി | | | | |
| കത്തീഡ്രൽ | 415000 | 130000 | 420500 | 101% |
| ചീരംചിറ | 100000 | 17000 | 87000 | 87% |
| ചെത്തിപ്പുഴ | 505970 | 100000 | 454179 | 90% |
| ളായിക്കാട് | 88376 | 13000 | 74826 | 85% |
| മനക്കച്ചിറ | 59100 | 10000 | 50460 | 85% |
| പറാൽ | 25340 | 4000 | 21738 | 86% |
| പാറേൽ | 391016 | 100000 | 373701 | 96% |
| പെരുന്ന കിഴക്ക് | 3750 | 1000 | 3250 | 87% |
| പുഴവാത് | 15000 | 4000 | 13000 | 87% |

| ഇടവക | ആകെ സമാഹരിച്ച തുക | പ്രോത്സാഹന ധനം | ആകെ നേട്ടം | നേട്ടം ശതമാനത്തിൽ |
|---|---|---|---|---|
| വാഴപ്പള്ളി വെസ്റ്റ് | 53350 | 10000 | 47350 | 89% |
| വെരൂർ | 447840 | 100000 | 412704 | 92% |
| വെട്ടിത്തുരുത്ത് | 11955 | 5000 | 13173 | 110% |
| എടത്വാ | | | | |
| അമ്പലപ്പുഴ | 18325 | 3000 | 15805 | 86% |
| എടത്വാ | 493975 | 70000 | 415783 | 84% |
| കരുമാടി | 44950 | 10000 | 41555 | 92% |
| കരുവാറ്റ | 67150 | 12000 | 59005 | 88% |
| കേളമംഗലം | 14130 | 3000 | 12878 | 91% |
| കിഴക്കേ മിത്രക്കരി | 25000 | 4000 | 21500 | 86% |
| കൊടുപ്പുന | 27100 | 5000 | 24100 | 89% |
| മഹേന്ദ്രപുരം | 7500 | 3000 | 7500 | 100% |
| മരിയാപുരം | 77925 | 15000 | 69547 | 89% |
| മുട്ടാർ ഐ. സി ചർച്ച് | 16910 | 5000 | 16646 | 98% |
| മുട്ടാർ ഓൾഡ് | 75020 | 15000 | 67520 | 90% |
| നിരണം | 10000 | 8500 | 8500 | 85% |
| പച്ച - ചെക്കിടിക്കാട് | 113881 | 20000 | 99717 | 88% |
| പാണ്ടി | 44205 | 10000 | 40523 | 92% |
| പുതുക്കരി | 102795 | 21500 | 87177 | 85% |
| തകഴി | 30000 | 5000 | 26000 | 87% |
| കൊല്ലം | | | | |
| അനക്കുളം | 4000 | 5000 | 5000 | 125% |
| അഞ്ചൽ | 29400 | 5000 | 25140 | 86% |
| ആര്യങ്കാവ് | 55560 | 16000 | 51336 | 92% |
| ചെറുകടവ് | 2500 | 3000 | 3000 | 120% |
| ഇടപ്പാളയം | 18550 | 11000 | 23630 | 127% |
| കൊല്ലം | 65600 | 10000 | 55600 | 85% |
| കൊട്ടാരക്കര | 14600 | 3000 | 12760 | 87% |
| കുളത്തൂപ്പുഴ | 2900 | 1000 | 2740 | 94% |
| മീങ്കുളം | 25150 | 5000 | 22000 | 87% |
| പത്തനാപുരം | 9650 | 4000 | 9790 | 101% |
| പഴയരൂർ | 1870 | 2000 | 2000 | 107% |
| ഫിൽഗിരി | 29900 | 7000 | 26940 | 90% |
| പുനലൂർ | 63300 | 10000 | 53980 | 85% |
| വെഞ്ചെമ്പ് | 15000 | 6000 | 15000 | 100% |

| ഇടവക | ആകെ സമാഹരിച്ച തുക | പ്രോത്സാഹന ധനം | ആകെ നേട്ടം | നേട്ടം ശതമാനത്തിൽ |
|---|---|---|---|---|
| കോട്ടയം | | | | |
| അരുവിക്കുഴി | 101545 | 18000 | 89095 | 88% |
| അയർകുന്നം | 80730 | 13000 | 69430 | 86% |
| ചേപ്പുംപാറ | 130590 | 19000 | 110350 | 85% |
| കൊല്ലാട് | 127320 | 20000 | 108890 | 86% |
| കൂരോപ്പട | 82120 | 20000 | 77270 | 94% |
| പാമ്പാടി | 25770 | 5000 | 22962 | 89% |
| പങ്ങട | 27050 | 7000 | 25820 | 95% |
| പുതുപ്പള്ളി | 89700 | 14000 | 76320 | 85% |
| താഴത്തങ്ങാടി | 22100 | 7500 | 22760 | 103% |
| വടവാതൂർ | 143750 | 22000 | 122405 | 85% |
| കുറുമ്പനാടം | | | | |
| അസ്സംഷൻ | 59330 | 10,000 | 51095 | 86% |
| ഇരവുചിറ | 82050 | 15,000 | 72230 | 88% |
| കുറുമ്പനാടം | 358800 | 55,000 | 306130 | 85% |
| മാടപ്പള്ളി | 30000 | 50,000 | 71000 | 237% |
| മാമ്മൂട് | 30500 | എടുത്തതാണ് | 5000 | |
| മാന്നില | 73120 | 15,000 | 66120 | 90% |
| രാജമറ്റം | 37560 | 7,000 | 33030 | 88% |
| തോട്ടക്കാട് | 75000 | 27,000 | 72000 | 96% |
| കുടമാളൂർ | | | | |
| ഐക്കരച്ചിറ | 128110 | 18000 | 106866 | 83% |
| ആർപ്പൂക്കര ചെറുപുഷ്പം | 71205 | 17000 | 66843 | 94% |
| ചീപ്പുങ്കൽ | 12130 | 2000 | 10278 | 85% |
| ചെങ്ങളം | 25050 | 5000 | 22530 | 90% |
| കിളിരൂർ | 57800 | 10000 | 50180 | 87% |
| കുടമാളൂർ | 401760 | 100000 | 341056 | 85% |
| കുമരകം നവ നസ്രത്ത് | 96257 | 50000 | 117254 | 122% |
| കുമരകം വടക്കുംകര | 65180 | 16000 | 55108 | 85% |
| കുമാരനല്ലൂർ | 85750 | 13000 | 72950 | 85% |
| മുടിയൂർക്കര | 216125 | 46000 | 197288 | 91% |
| പാറമ്പുഴ | 87500 | 25000 | 85500 | 98% |
| വില്ലൂന്നി | 175730 | 35000 | 157938 | 90% |
| മണിമല | | | | |
| ചുങ്കപ്പാറ | 15880 | 6000 | 17116 | 108% |
| കരിക്കാട്ടൂർ | 43815 | 10000 | 40289 | 92% |

| ഇടവക | ആകെ സമാഹരിച്ച തുക | പ്രോത്സാഹന ധനം | ആകെ നേട്ടം | നേട്ടം ശതമാനത്തിൽ |
|---|---|---|---|---|
| കരിമ്പനക്കുളം | 64710 | 13000 | 57830 | 89% |
| കോട്ടാങ്കൽ | 38976 | 10000 | 36476 | 94% |
| കുളത്തൂർ | 35660 | 7000 | 31660 | 89% |
| മണിമല ഓൾഡ് | 82625 | 19000 | 76775 | 93% |
| പെരുങ്കാവ് | 16281 | 5000 | 16269 | 100% |
| വള്ളംചിറ | 10030 | 2000 | 9018 | 90% |
| നെടുംകുന്നം | | | | |
| ചമ്പക്കര | 50000 | 11000 | 46000 | 92% |
| കൂത്രപ്പള്ളി | 250183 | 55000 | 230110 | 92% |
| മല്ലപ്പള്ളി | 24430 | 5000 | 21430 | 88% |
| മുണ്ടത്താനം | 25276 | 5000 | 22676 | 90% |
| നെടുമണ്ണി | 132040 | 20000 | 112428 | 85% |
| നെടുംകുന്നം | 276600 | എടുത്തതാണ് | 235100 | 85% |
| പനയമ്പാല | 25880 | 5000 | 23113 | 89% |
| പുളിക്കകവല | 67975 | 15000 | 62285 | 92% |
| പുന്നവേലി | 7500 | 3000 | 7500 | 100% |
| പുതുശ്ശേരി | 39500 | 10000 | 37200 | 94% |
| താഴത്തുവടകര | 27190 | 5000 | 23814 | 88% |
| വായ്പൂർ ന്യൂ | 53440 | 12000 | 46064 | 86% |
| വായ്പൂർ ഓൾഡ് | 44721 | 10000 | 41321 | 92% |
| വെട്ടിക്കൽപുരയിടം | 5915 | 3000 | 6615 | 112% |
| പുളിങ്കുന്ന് | | | | |
| കണ്ണാടി - സെന്റ് ജോസഫ്സ് | 25665 | 5000 | 22899 | 89% |
| കണ്ണാടി - സെന്റ് റീത്താസ് | 56670 | 12000 | 48002 | 85% |
| കാവാലം - സെന്റ് തെരേസാസ് | 336012 | 50000 | 285208 | 85% |
| കായൽപുറം - സെന്റ് ജോസഫ്സ് | 105250 | 17000 | 90675 | 86% |
| മാമ്പുഴക്കരി | 40100 | 7000 | 35060 | 87% |
| മണലാടി | 32000 | 10000 | 32200 | 101% |
| മിത്രക്കരി | 78175 | 17500 | 66405 | 85% |
| മങ്കൊമ്പ് | 46315 | 10000 | 41789 | 90% |
| പള്ളിക്കൂട്ടുമ്മ | 32255 | 8000 | 30353 | 94% |
| പുളിങ്കുന്ന് | 267736 | 50000 | 238236 | 89% |
| പുന്നക്കുന്നത്തുശ്ശേരി | 60350 | 12000 | 54210 | 90% |
| രാമങ്കരി | 50030 | 13000 | 43018 | 86% |
| വെളിയനാട് - സെന്റ് സേവ്യേഴ്സ് | 36820 | 7000 | 32592 | 89% |

| ഇടവക | ആകെ സമാഹരിച്ച തുക | പ്രോത്സാഹന ധനം | ആകെ നേട്ടം | നേട്ടം ശതമാനത്തിൽ |
|---|---|---|---|---|
| തിരുവനന്തപുരം | | | | |
| മണ്ണന്തല | 225230 | 36000 | 193661 | 86% |
| പേരൂർക്കട | 105600 | 18000 | 92600 | 88% |
| പൊങ്ങമ്മൂട് | 23700 | 8000 | 24200 | 102% |
| ശ്രീകാര്യം - ഇമ്മാവൂസ് | 73570 | 19000 | 70142 | 95% |
| തിരുമല | 30800 | 10000 | 31560 | 102% |
| തിരുവല്ലം | 59451 | 9000 | 50616 | 85% |
| വട്ടിയൂർക്കാവ് | 52700 | 8000 | 44700 | 85% |
| വിതുര | 5850 | 2000 | 5510 | 94% |
| തൃക്കൊടിത്താനം | | | | |
| അടൂർ | 6600 | 2000 | 6140 | 93% |
| അയിരൂർ | 8600 | 3000 | 8150 | 95% |
| ചാഞ്ഞോടി | 162965 | 30000 | 143779 | 88% |
| ഫാത്തിമാപുരം | 142311 | 15000 | 114618 | 81% |
| കൊടിനാട്ടുകുന്ന് | 92500 | 21000 | 79500 | 86% |
| കുന്നന്താനം | 35530 | 10000 | 34030 | 96% |
| മുണ്ടുപാലം | 60000 | 9000 | 51000 | 85% |
| നാലുകോടി | 301640 | 110000 | 320985 | 106% |
| നെടുമൺ | 3900 | 4000 | 4000 | 103% |
| പായിപ്പാട് | 125301 | 33000 | 120681 | 96% |
| തിരുവല്ല (മുത്തൂർ) | 100800 | 25000 | 95560 | 95% |
| തൃക്കൊടിത്താനം | 428588 | 100000 | 399153 | 93% |
| തുരുത്തി | | | | |
| ഇത്തിത്താനം | 156000 | 37000 | 146000 | 94% |
| കൈനടി | 60000 | 10000 | 52000 | 87% |
| കാവാലം - സെന്റ് ജോസഫ്സ് | 17450 | 5000 | 16470 | 94% |
| കുറിച്ചി | 167500 | 25000 | 142250 | 85% |
| പയറ്റുപാക്ക | 5060 | 2000 | 5063 | 100% |
| പൊടിപ്പാറ | 118425 | 22000 | 103055 | 87% |
| തുരുത്തി | 340000 | 60000 | 298000 | 88% |
| വടക്കേക്കര | 114350 | എടുത്തതാണ് | 94350 | 83% |

**DCMS ചങ്ങനാശേരി അതിരൂപത കമ്മറ്റിയുടെ വിവിധ പരിപാടികൾ**

**1. വിനോദയാത്ര**

DCYL നേതൃത്വത്തിൽ തിരുവനന്തപുരം, കോവളം മുതലായ സ്ഥലങ്ങളിൽ വിനോദയാത്ര നടത്തി.

**2. ജെസ്റ്റിസ് സൺഡേ**

25-09-2017 എറണാകുളം റിന്യൂവൽ സെന്ററിൽ DCMS സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ജെസ്റ്റിസ് സൺഡേ ആചരണം നടന്നു. ചങ്ങനാശേരി അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**3. എക്സിക്യൂട്ടീവ്**

07-10-2017 DCVS ന്റെ എക്സിക്യൂട്ടീവ് യോഗം അതിരൂപത ഓഫീസിൽ കൂടി. വിവിധ വിഷയങ്ങളിൽ ചർച്ച നടത്തി.

**4. ലീഡർഷിപ്പ് ക്യാമ്പ്**

K.C.B.C. SC/ST BC കമ്മീഷന്റെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി കണ്ണൂരിൽ ഹെയ്റോസ് സെന്ററിൽ ലീഡർഷിപ്പ് ക്യാമ്പ് ഒക്ടോബർ 21, 22 തീയതികളിൽ നടന്നു. ഫാ. ബാബു പോൾ ക്ലാസ്സുകൾ നയിച്ചു. ചങ്ങനാശേരിയിൽനിന്നും 10 യുവജനങ്ങളും ഒരു ആനിമേറ്ററും പങ്കെടുത്തു.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# കത്തോലിക്കാ കോൺഗ്രസ്

**ചങ്ങനാശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളെ തെരെഞ്ഞെടുത്തു.**

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചങ്ങനാശ്ശേരി അതിരൂപത കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളുടെ നേതൃസംഗമം നടത്തി. ഇന്നത്തെ കാലഘട്ടത്തിൽ AKCCക്ക് പുതിയ ദിശാബോധം വേണമെന്നും കൂടുതൽ ഉണർവോടെ പ്രവർത്തിക്കണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു.സഭയോട് ചേർന്ന് നിൽക്കുന്ന ശക്തമായ അൽമായ നേതൃത്വം ഉണ്ടാകണമെന്ന് പിതാവ് ആവശ്യപ്പെട്ടു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ, പ്രൊഫ. പി.സി . അണിയൻകുഞ്ഞ്, അഡ്വ. ജോജി ചിറയിൽ എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു. നേതൃസംഗമത്തെ തുടർന്ന് അഭിവന്ദ്യ പിതാവ് താഴെ പറയുന്നവരെ 2017-2020 പ്രവർത്തന വർഷത്തേയ്ക്കുള്ള ഭരണസമിതിയുടെ ഭാരവാഹികളായി നിയമിച്ചു

**പ്രസിഡന്റ്**: ശ്രീ. വർഗീസ് ആന്റണി കളത്തിൽ

**ജനറൽ സെക്രട്ടറി**: ശ്രീ. രാജേഷ് ജോൺ നന്തികാട്ട്

**ട്രഷറർ**: ശ്രീ. സിബിച്ചൻ മുക്കാടൻ

**കേന്ദ്ര വർക്കിംഗ് കമ്മിറ്റി മെമ്പർമാർ**: അഡ്വ. പി.പി. ജോസഫ്, ശ്രീ. തങ്കച്ചൻ പൊന്മാങ്കൽ

**വൈസ് പ്രസിഡന്റുമാർ**: ശ്രീ. സൈബി അക്കര, ശ്രീ. ജോയി പാറപ്പുറം, ശ്രീമതി ആനീസ് ജോർജ് കോടിക്കൽ, ശ്രീമതി അച്ചാമ്മ യോഹന്നാൻ കുന്നുതറഭവൻ

**സെക്രട്ടറിമാർ**: ശ്രീ. ജോസ് തോമസ് പാലത്തിനാൽ, ശ്രീ. ജോർജ്കുട്ടി മുക്കം, ശ്രീ. ടോണി ജെ. കോയിത്തറ, ശ്രീ. ജോസ് വെങ്ങാന്തറ, ശ്രീ. ടോം കയ്യാലകം, ശ്രീ. ബാബു വള്ളപ്പുര.

**എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ**: ശ്രീ. സണ്ണിച്ചൻ നടുവിലെപറമ്പിൽ, ശ്രീ. ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ, ശ്രീ. ദേവസ്യ പുളിയ്ക്കാശേരി, ശ്രീ. ഷെയ്ൻ ജോസഫ് കാരക്കൽ, ശ്രീമതി ഷീന ജോജി വട്ടപ്പറമ്പ്, ശ്രീ. സോജൻ തോമസ്,

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)
**ശ്രീ. ടോമി ഇളംതോട്ടം** (പ്രസിഡന്റ്)
**ശ്രീ. ജാൻസൻ ജോസഫ് പുതുപ്പറമ്പിൽ** (ജന. സെക്രട്ടറി)
**ശ്രീ. ബാബു വള്ളപ്പുര** (ട്രഷറർ)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ പ്രാർത്ഥനയുടെ ശക്തി വളരെ പ്രകടമായ ഒന്നാണ്. അതുകൊണ്ടുതന്നെയാണല്ലോ, പ്രാർത്ഥനയോടുകൂടി, നമ്മുടെ ഓരോ കാര്യങ്ങൾക്കും തുടക്കം കുറിക്കുന്നത്. 'ഫാദർ ടോം ഉഴുന്നാലിന്റെ മോചനം പ്രാർത്ഥനയുടെ ശക്തിയാലാണെന്ന് നാം നേരിട്ടറിഞ്ഞ കാര്യമാണല്ലോ. അതുപോലെതന്നെ സിസ്റ്റർ റാണി മരിയയെ വാഴത്തപ്പെട്ട രക്തസാക്ഷിയായി നവംബർ 4ന് സഭ പ്രഖ്യാപിക്കുന്നതും, നമ്മുടെ പ്രവർത്തനങ്ങൾ ദൈവതിരുമുമ്പിൽ വിലപ്പെട്ടതാണ് എന്നുള്ളതിന്റെ തെളിവായി അക്ഷരാർത്ഥത്തിൽ കണക്കാക്കാവുന്നതാണല്ലോ. വീണ്ടും ഡയാനാ രാജകുമാരിക്ക് പാവങ്ങളെ സഹായിക്കണമെന്ന ചിന്ത നല്കിയതും മദർ തെരേസായുമായുള്ള കണ്ടുമുട്ടലാണെന്ന വെളിപ്പെടുത്തലും  നമ്മെ ഒരു നോക്ക് ചിന്തിപ്പിക്കുന്നതിന് വഴിയൊരുക്കുന്നു. ജീവകാരുണ്യപ്രവർത്തികൾ മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണെന്ന സെന്റ് വിൻസെന്റ് ഡി പോളിന്റെ പരാമർശവും ഇവിടെ കൂടുതൽ പ്രസ്താവ്യമാണ്.

**തീരുമാനമെടുക്കൽ**

നമ്മുടെ ഓരോ പ്രവർത്തനങ്ങളും ഫലപ്രദമായി വിലയിരുത്തിയും തിരുത്തലുകൾ വരുത്തിയും ഏകോപിച്ചു മാത്രമേ മുമ്പോട്ടു കൊണ്ടുപോകാവൂ. പൂർണ്ണമായി നടപ്പാക്കി എന്ന തോന്നലുണ്ടായാൽതന്നെയും, അതിന്റെ പിന്നീടുള്ള വിജയവും, പരാജയവും ഒരുപോലെ കണ്ട്, വേണ്ടിവന്നാൽ തുറന്നമനസ്സോടെ ഒരു ആശയവിനിമയം നടത്തിയേ പ്രവർത്തിയ്ക്കുകയുള്ളൂ. പ്രസിഡന്റിന്റെ തീരുമാനത്തിന് അപ്പുറത്തേയ്ക്ക് ഒരു ചിന്തയുടെ ആവശ്യമില്ലെന്ന് വിശ്വസിക്കുന്നത് തെറ്റായ ഒരു പ്രവണതയാണ്. അതുവളരെ ആപൽക്കരമായ ഒരു മനോഭാവംകൂടിയാണ്. ഏതൊരു തീരുമാനങ്ങളും പരസ്പര സഹകരണത്തോടും, തുറന്നമനസ്സോടും, സത്യസന്ധമായും മാത്രമേ തുടർ നടപടിയ്ക്ക് വിധേയമാക്കാവൂ. ഇതാണ് ആധുനീക മാനേജ്മെന്റിന്റെ പിതാവായ പീറ്റർ ഡ്രക്കർ നമ്മെ ഓർമ്മിപ്പിക്കുന്നത്.

**രഹസ്യപ്പിരിവ്**

രഹസ്യപ്പിരിവിനെക്കുറിച്ച് ചിന്തിയ്ക്കുമ്പോഴൊക്കെ 2 കോറന്തിയോസ് 8-ാം അദ്ധ്യായം 2 മുതൽ 4 വരെയുള്ള വാക്യങ്ങളാണ് എനിക്ക് ഓർമ്മ വരുന്നത്. "ക്ലേശങ്ങളുടെ തീവ്രമായ പരീക്ഷയിൽ അവരുടെ സന്തോഷാധിക്യവും, കൊടിയ ദാരിദ്ര്യവും ഉദാരതയുടെ സമ്പത്തായി കരകവിഞ്ഞൊഴുകി. അവർ തങ്ങളുടെ കഴിവനുസരിച്ചും, അതിൽ കവിഞ്ഞും തുറന്നമനസ്സോടെ ദാനംചെയ്തെന്നും സാക്ഷ്യപ്പെടുത്താൻ എനിക്ക് സാധിക്കും. വിശുദ്ധരെ ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യത്തിൽ തങ്ങളെക്കൂടി ഭാഗഭാക്കാക്കണമെന്ന് അവർ തങ്ങളോട് തീവ്രമായി അപേക്ഷിച്ചു. ഇതു ഞങ്ങൾ പ്രതീക്ഷിച്ചതുപോലെ ആയിരുന്നില്ല, പ്രത്യുതാ ആദ്യംതന്നെ അവർ തങ്ങളെത്തന്നെ കർത്താവിനും, ദൈവഹിതമനുസരിച്ച് ഞങ്ങൾക്കും സമർപ്പിച്ചു. അനുസരിച്ച് തീത്തോസ് നിങ്ങളുടെ ഇടയിൽ ആരംഭിച്ചിട്ടുള്ള കാരുണ്യപ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ

ഞങ്ങൾ അവനോട് അഭ്യർത്ഥിച്ചു. നിങ്ങൾ എല്ലാ കാര്യങ്ങളിലും, വിശ്വാസത്തിലും, പ്രഭാഷണത്തിലും വിജ്ഞാനത്തിലും സമ്പൂർണ്ണമായ ഉത്സാഹത്തിലും, ഞങ്ങളോടുള്ള സ്നേഹത്തിലും മികച്ചു നില്ക്കുന്നതുപോലെ ഈ കാരുണ്യപ്രവർത്തനങ്ങളിലും മികച്ചുനിൽക്കുവിൻ. ഞാൻ നിങ്ങളോടു കല്പിക്കുകയില്ല, നിങ്ങളുടെ സ്നേഹം യാഥാർത്ഥമാണെന്നു മറ്റുള്ളവരുടെ ഉത്സാഹത്തിലൂടെ തെളിയിക്കുകയാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിട്ടും നിങ്ങളെ പ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നനാകാൻ വേണ്ടിത്തന്നെ. ഒരു വർഷംമുമ്പ് നിങ്ങൾ അഭിലഷിക്കാനും പ്രവർത്തിക്കാനും തുടങ്ങിയ ഈ കാര്യം ഇപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുന്നത് ഉത്തമമായിരിക്കുമെന്നു ഞാനുപദേശിക്കുന്നു. നിങ്ങൾ ആഗ്രഹത്താൽ പ്രകടിപ്പിച്ച സന്നദ്ധത നിങ്ങളുടെ കഴിവനുസരിച്ച് പ്രവർത്തിയിലും പ്രകടിപ്പിക്കുവിൻ. താല്പര്യത്തോടെയാണു നല്കുന്നതെങ്കിൽ ഒരുവന്റെ കഴിവനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കും. കഴിവില്ലായ്മ കണക്കാക്കേണ്ടതില്ല. മറ്റുള്ളവർ കഷ്ടപ്പെടരുതെന്നും, നിങ്ങൾ കഷ്ടപ്പെടണമെന്നുമല്ല ഞാൻ കണക്കാക്കുന്നത്. അവരുടെ സമൃദ്ധിയിൽനിന്ന് നിങ്ങളുടെ കുറവുകൾ നികത്തപ്പെടുന്നതിന്, തങ്ങളുടെ ഇപ്പോഴത്തെ സമൃദ്ധിയിൽനിന്ന് അവരുടെ കുറവുനികത്തണമെന്നും അപ്രകാരം സമത്വമുണ്ടാകണമെന്നുമാണ്". അങ്ങനെ നിങ്ങളുടെ സമൃദ്ധിയിൽനിന്ന് മറ്റുള്ളവരുടെ കുറവുനികത്തുവാൻ സമ്മേളന സമയത്തെ രഹസ്യപ്പിരിവിന് കൂടുതൽ പ്രാധാന്യം കൊടുക്കുക: "എഴുതപ്പെട്ടിരിക്കുന്നതുപോലെ അവൻ വാരി വിതറി. അവൻ ദരിദ്രർക്കു ദാനം ചെയ്തു. അവന്റെ നീതി എന്നന്നേക്കും നിലനില്ക്കും (2 കോറി: 9-9).

2016-17 പ്രവർത്തന വർഷത്തെ 83 സി.സി.കളുടെ ദേശീയ ശരാശരിയിൽ രഹസ്യപ്പിരിവിന് ചങ്ങനാശേരിക്കു 4-ാം സ്ഥാനമാണുള്ളത്. അതായത് ഓരോ ആഴ്ചയിലും ചങ്ങനാശേരിയിലെ ഓരോ പ്രവർത്തകാംഗങ്ങളും 53 രൂപ 15 പൈസ വീതം രഹസ്യപ്പിരിവായി നല്കുന്നു. ഒന്നാം സ്ഥാനം എറണാകുളത്തിനും (71.11). ഇവിടെ നമ്മുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മികവേകുവാൻ നമ്മെത്തന്നെ ഉദാഹരണമാക്കിക്കൊണ്ട് ഉദാരമനസോടെ ഓരോ ആഴ്ചയിലും അവരുടെ വിഹിതം രഹസ്യപ്പിരിവിലൂടെ നല്കുവാൻ ശ്രമിക്കുക.

## സി.സി. മീറ്റിംഗ്

നമ്മുടെ അടുത്ത സി.സി. മീറ്റിംഗ് ഈ മാസം (നവംബർ) 11ന് 0930 സൊസൈറ്റി ഓഫീസിൽ കൂടുന്നതാണ്. രണ്ടു മാസത്തിൽ ഒരിക്കൽ രണ്ടാം ശനിയാഴ്ച നടക്കുന്ന മീറ്റിംഗിൽ അറിയിപ്പുകൾ ലഭിച്ചില്ലെങ്കിൽ തന്നെയും സ്നേഹത്തോടെ ഓർമ്മിച്ച് സംബന്ധിക്കുവാൻ മറക്കാതിരിക്കുക. എ.സി. പ്രസിഡന്റുമാരും സി.സി. ഭാരവാഹികളും മറക്കാതെ നവംബർ 11 ലെ മീറ്റിംഗിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരു നല്ല പ്രവർത്തന മാസം ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി.സി. പ്രസിഡന്റ്

# ഫ്രാൻസിസ്ക്കൻ അല്മായസഭ

"സമാധാനം - സൗഭാഗ്യം"

പ്രിയ സഹോദരരെ,

ക്രൂശിതനായ ഈശോയെ സ്വന്തം ജീവിതത്തിൽ അനുകരിച്ച്, അനുഭവിച്ച് ലോകം രണ്ടാം ക്രിസ്തു എന്നു വിളിച്ച അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുനാളും, ഫ്രാൻസിസ്ക്കൻ അല്മായ സഭ ചങ്ങനാശേരി അതിരൂപതാ വാർഷികവും SFO ശതോത്തര സുവർണ്ണ ജൂബിലിയുടെ ആരംഭവും 2017 ഒക്ടോബർ 18-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ സമുചിതമായി ആചരിച്ചു. രാവിലെ വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗ്ഗീയ പ്രവേശനാനുസ്മരണ പ്രാർത്ഥന (Transitus) ക്കു ശേഷം ഫൊറോനാ വികാരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ തിരുനാൾ കൊടിയേറ്റു നടത്തി. തുടർന്ന് മനോഹരമായി അലങ്കരിച്ച പാരീഷ് ഹാളിൽ ഭരണങ്ങാനം അസ്സീസി പ്രസ്സ് മാനേജർ റവ. ഫാ. അലക്സാണ്ടർ കിഴക്കേക്കടവിൽ OFM.Cap. "കുടുംബജീവിതം ഫ്രാൻസിസ്ക്കൻ പാതയിൽ" എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. 11.45 ന് വാർഷിക SFO വാർഷിക പൊതുസമ്മേളനം അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. SFO അതിരൂപതാ സ്പിരിച്ച്വൽ അസിസ്റ്റന്റ് റവ. ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap. സ്വാഗതം ആശംസിച്ചു. അതിരൂപതാ സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ചങ്ങനാശേരി അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് SFO അതിരൂപതാ വാർഷികവും, ശതോത്തര സുവർണ്ണജൂബിലി ആരംഭവും ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. തുടർന്ന് ജൂബിലി ലോഗോ പ്രകാശനം ചെയ്യുകയും SFO യിൽ 50 വർഷക്കാലം സ്തുത്യർഹമായി സേവനം ചെയ്ത സീനിയർ അംഗം കിഴക്കേവീട്ടിൽ കെ.എം. ചാക്കോച്ചനെ പൊന്നാട അണിയിച്ച് ആദരിച്ചു. ഫാത്തിമാപുരം ഭ്രാതൃത്വാംഗവും SFO അതിരൂപതാ കൗൺസിലറുമായ ശ്രീ. പി.എ. ജോസഫ് പുന്നയ്ക്കൽ മാതൃകാ ഡ്രൈവർ എന്നനിലയിൽ സ്റ്റേറ്റ് അവാർഡിന് അർഹനായതിൽ അദ്ദേഹത്തെയും പൊന്നാട അണിയിച്ച് ആദരിച്ചു. ഇരുവർക്കും മെമ്മന്റോയും നല്കി. തുടർന്ന് ഫൊറോനാ വികാരി വെരി റവ. പാ. ജേക്കബ് അഞ്ചുപങ്കിൽ മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, റവ. സിസ്റ്റർ ഗൊരേത്തി FCC, സി.റ്റി. തോമസ് ചിറയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വാർഷിക പരിപാടിയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച തൃക്കൊടിത്താനം ഫൊറോനാ ഭ്രാതൃത്വത്തിന്

ഒന്നാം സമ്മാനമായ ട്രോഫിയും ക്യാഷ് പ്രൈസും, രണ്ടാം സമ്മാനം എടത്വാ ഫൊറോനാ ഭ്രാതൃത്വത്തിനും റവ. ഫാ. ജോമോൻ ആശാംപറമ്പിൽ വിതരണം ചെയ്തു. സമ്മേളനത്തിന് അതിരൂപതാ വൈസ് പ്രസിഡന്റ് പ്രമോദ് പി. ജോസഫ് പുതുപ്പറമ്പിൽ കൃതജ്ഞത അർപ്പിച്ചു. ഉച്ചക്ക് സ്നേഹവിരുന്നിനു ശേഷം 2.15 ന് കോട്ടയം സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിന്റെ വൈസ് പ്രൊവിൻഷ്യാൾ വെരി റവ. ഫാ. ജോർജ്ജ് ആന്റണി OFM.Cap. ന്റെ മുഖ്യ കാർമ്മികത്വത്തിൽ തിരുനാൾ കുർബാനയും തുടർന്ന് വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണവും നടത്തി. തിരുനാളും SFO വാർഷികവും സ്നേഹപൂർവ്വം ഏറ്റെടുത്തു ഭംഗിയായി നടത്തിയ ബഹു. ഫൊറോനാ വികാരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ, കൊച്ചച്ചൻ റവ. ഫാ. ജോബിൻ ആനക്കല്ലുങ്കൽ, ഭ്രാതൃത്വ പ്രസിഡന്റ് മാമ്മൻ എബ്രഹാം പുന്നാംഞ്ചിറ, കുറുമ്പനാടം റീജണൽ പ്രസിഡന്റ് എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് SFO ഭ്രാതൃത്വ ഭാരവാഹികൾ, ഇടവകയിലെ കൈക്കാരന്മാർ മറ്റു സംഘടനാഭാരവാഹികൾ, SFO ഭ്രാതൃത്വാംഗങ്ങൾ, ബഹു. എഫ്. സി.സി. സിസ്റ്റേഴ്സ് എന്നിവർക്ക് SFO അതിരൂപതാ കുടുംബത്തിന്റെ അനുമോദനങ്ങളും നന്ദിയും അറിയിക്കുന്നു.

## SFO അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ്

SFO അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ് 2017 നവംബർ 10-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കാവാലം സെന്റ് തോമസ് ആശ്രമത്തിൽ കൂടുന്നു. അതിരൂപതാ ഭാരവാഹികൾ, റീജണൽ പ്രസിഡന്റുമാർ, റീജണൽ ഭാരവാഹികൾ, ഭ്രാതൃത്വ പ്രസിഡന്റുമാർ എന്നിവർ പങ്കെടുക്കണം. ഒരുവർഷം നീണ്ടു നിൽക്കുന്ന SFO ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പിനെക്കുറിച്ചായിരിക്കും മുഖ്യ അജണ്ട. എല്ലാ അംഗങ്ങളും കൃത്യസമയത്ത് എത്തി മീറ്റിംഗിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

## നവംബർ 19 വി. എലിസബത്തിന്റെ തിരുനാൾ

ഫ്രാൻസിസ്കൻ വിശുദ്ധാരാമത്തിലെ വിശുദ്ധയും ഫ്രാൻസിസ്കൻ അല്മായ സഭയുടെ മദ്ധ്യസ്ഥയുമായ ഹംഗറിയിലെ വി. എലിസബത്തിന്റെ തിരുനാൾ നവംബർ 19-നാണ്. ഈ വിശുദ്ധയുടെ ജീവിതത്തെ ആഴത്തിൽ പഠിക്കുകയും ധ്യാനിക്കുകയും ആ ചൈതന്യം നമ്മുടെ ജീവിതത്തിൽ പകർത്തുവാനും ശ്രമിക്കാം. അന്നേദിവസം അംഗങ്ങൾ വി. കുർബാനയിൽ പങ്കെടുത്ത് SFO യെ സമർപ്പിച്ച് പ്രാർത്ഥിക്കുക.

## നിര്യാതയായി

തൃക്കൊടിത്താനം ഫൊറോന ഭ്രാതൃത്വത്തിലെ സജീവ അംഗമായിരുന്ന

കോച്ചേരി അന്നമ്മ കുര്യൻ (കുഞ്ഞമ്മ-76) നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേതയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലുകയും അനുശോചനം അറിയിക്കുകയും ശവസംസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്തു. പരേതക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമേ!

ഫ്രാൻസിസ്ക്കൻ അല്മായ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളും നവംബർ 1-ാം തീയതി വളരെ വിലപ്പെട്ട ദിനമാണല്ലോ. കേരളത്തിൽ ഫ്രാൻസിസ്കൻ മൂന്നാം സഭയ്ക്ക് തുടക്കം കുറിക്കുകയും ക്ലാരസഭ, ആരാധനസഭ, എന്നിവയ്ക്ക് സ്ഥാപക ദൗത്യം നിർവ്വഹിക്കുകയും 1868 ൽ കുറുമ്പനാടം പള്ളിയിൽ പാലാക്കുന്നേൽ മത്തായി മറിയം വല്യച്ചനിൽ നിന്നും ഫ്രാൻസിസ്ക്കൻ മൂന്നാംസഭയുടെ സഭാവസ്ത്രവും, ചരടും സ്വീകരിച്ചതിന്റെ (150 വർഷം) ശതോത്തര സുവർണ്ണ ജൂബിലിക്കു കുറുമ്പനാടത്തുവെച്ച് തിരിതെളിഞ്ഞിരിക്കുകയാണ്. ഈ ജൂബിലി വർഷത്തെ നമുക്ക് ഈശോയുടെ തൃക്കരങ്ങളിലേക്ക് സമർപ്പിക്കാം. കുടുംബജീവിതവും താപസജീവിതവും സ്വജീവിതത്തിൽ സമന്വയിപ്പിച്ച് വിശുദ്ധിയുടെ വലിയ ചൈതന്യമായ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചനെന്ന പുണ്യാത്മാവായഅല്മായ പ്രേഷിതനെ അൾത്താരയിൽ വണങ്ങുന്നതിന് ഇടയാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. ജൂബിലി വർഷത്തിന്റെ ആഘോഷങ്ങളിൽ നമുക്കു പങ്കെടുക്കാം.

സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM.Cap.
SFO അതിരൂപതാ Spiritual Assistant

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയത്തിന്റെ ഒക്ടോബർ മാസത്തെ മീറ്റിംഗ് പ്രസിഡന്റ് തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷ തയിൽ പാറേൽ ലീജിയൻ ഹാളിൽ 08-10-2017 ഉച്ചകഴിഞ്ഞ് കൃത്യം രണ്ടരയ്ക്ക് നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന, ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് നിയമഗ്രന്ഥം C. 19ന്റെ 14-ാം ഭാഗം ജ്ഞാനവായന നടത്തി. എന്തു സാഹചര്യം തന്നെ ആയി രുന്നാലും സമ്മേളനത്തിൽ ജപമാലയോ ലീജിയന്റെ ക്രമപ്രകാരമുള്ള തെരേസ്സ പ്രാർത്ഥനകൾ ഒന്നും ഉപേക്ഷിക്കുവാൻ പാടില്ല. മനുഷ്യ ശരീരത്തിൽ വായു എത്രകണ്ട് ആവശ്യമാണോ അത്രകണ്ട് ആവശ്യമാണ് ലീജിയൻ സമ്മേളന ത്തിന് ജപമാല. ദൈവാലയ ഭക്തകൃത്യങ്ങളിൽ ലീജിയൻ പ്രാർത്ഥനകൾ ചൊല്ലിയാൽ തന്നെയും പ്രസീദിയം പ്രാർത്ഥനാ യോഗങ്ങളിൽ അവ മുഴുവ നായും ചൊല്ലുവാൻ കടപ്പെട്ടിരിക്കുന്നു. ഇതൊക്ക ആയിരുന്നു ജ്ഞാനവായന മുഖ്യസാരം.

കൂത്രപ്പള്ളി കൂരിയാ ഭാരവാഹികളും ചങ്ങനാശ്ശേരി കമ്മീസിയം ആയി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള 25 പ്രസീദിയങ്ങളിൽ 19 പ്രസീദിയങ്ങളെ പ്രതിനിധീ കരിച്ച് 41 ഭാരവാഹികൾ സന്നിഹിതരായിരുന്നു. വന്നിരുന്ന എല്ലാ സൈനിക രേയും വത്സമ്മ കൂട്ടുമ്മേൽ (വൈസ് പ്രസിഡന്റ്) മാതാവിന്റെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

സെക്രട്ടി ജെമിനി സുരേഷ് കണ്ണമ്പള്ളി സെപ്റ്റംബർ മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി എത്സമ്മ കോട്ടപ്പുറം കഴിഞ്ഞ മാസത്തെ വരവു ചിലവു കണക്കുകൾ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കി. പ്രസിഡന്റ് അതിൽ ഒപ്പുവെച്ചു.

തുടർന്ന് സൈനിക ജപശൃംഖല ചൊല്ലിയശേഷം എല്ലാവരും സ്വസ്ഥാന ങ്ങളിൽ ഇരുന്നു. പിന്നീട് പ്രസിഡന്റ് ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ചും നടത്താനിരിക്കുന്ന ജപമാലറാലിയുടെ വിജയത്തിനുവേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി.

ചീരഞ്ചിറ, ചെത്തിപ്പുഴ, പൂമറ്റം, തൃക്കൊടിത്താനം, വാഴപ്പള്ളി, പാറേൽ എന്നീ സ്ഥലങ്ങളിൽ നടന്ന സെപ്റ്റംബർ സമ്മേളനം ഒരു വിലയിരുത്തൽ ചർച്ച നടന്നു. എല്ലാം സൈനികരും അതിൽ സജീവമായി പങ്കെടുത്തു. സമ്മേളനം

നടത്തിയ എല്ലാ പ്രസീദിയങ്ങളും കമ്മീസിയത്തിൽ തങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചു.

ജപമാല റാലിയുടെ നോട്ടീസ് എല്ലാവർക്കും കൊടുത്തുവിടുകയും കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുകയും ചെയ്തു. ഒക്ടോബർ 22-ാം തീയതി ജപമാല റാലി വെരൂർ പള്ളിയിൽ നിന്നും പാറേൽ തീർത്ഥാടന കേന്ദ്രത്തിലേക്ക് നടത്തി. മരിയ ഭക്തർ എല്ലാവരും സജീവമായി പങ്കെടുത്തു. വെരൂർ പള്ളിയിൽ ജപമാല റാലിക്ക് മുന്നോടിയായി ആമുഖ സന്ദേശം ബഹു. ചാക്കോ കുഴിപ്പള്ളി അച്ചൻ നൽകി. സമാപന സന്ദേശം പാറേൽ തീർത്ഥാടന കേന്ദ്രത്തിൽ പെരിയ ബഹു. ജെയിംസ് പാലയ്ക്കൽ അച്ചൻ നൽകി. ജപമാല റാലിയിൽ പങ്കെടുക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഫാ. ജോജോ പുതുവേലിൽ നന്ദി അർപ്പിച്ചു. ചെറിയ ഒരു സ്നേഹവിരുന്നു സൽക്കാരത്തിനു ശേഷം അവസാന ജപവും ചൊല്ലി അംഗങ്ങൾ പരസ്പരം സ്തുതിയും കൊടുത്ത് സ്വഭവനങ്ങളിലേക്കു പോയി.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ.**
കണ്ണമ്പള്ളി (സെക്രട്ടറി)

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: യുഗാന്തജീവിതശുശ്രൂഷകൻ

**(തിരുവചനഭാഗം: മർക്കോ 13,1-37)**

വി. മർക്കോസിന്റെ സുവിശേഷത്തിലെ യുഗാന്തപ്രഭാഷണമാണ് ഈ വചനഭാഗം. വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും ഏറ്റം ബുദ്ധിമുട്ടുള്ള ഒരു സുവിശേഷഭാഗമാണിത്. ബി. സി. രണ്ടാം നൂറ്റാണ്ടിനും എ. ഡി. രണ്ടാം നൂറ്റാണ്ടിനുമിടയ്ക്ക് നിലവിലിരുന്ന വെളിപാടു സാഹിത്യശൈലിയിലാണ് ഈ യുഗാന്തപ്രഭാഷണം എഴുതപ്പെട്ടിരിക്കുന്നത്. മതമർദ്ദനത്തിൽനിന്നുളവായ വിശ്വാസപ്രതിസന്ധിയിൽ പ്രത്യാശയും ശക്തിയും പകരുന്നതിനുവേണ്ടി രൂപംകൊണ്ട സാഹിത്യശൈലിയാണ് വെളിപാടു സാഹിത്യശൈലി. പീഡാനുഭവവിവരണത്തിനുമുമ്പ് ഈശോ ശിഷ്യന്മാർക്കു നല്കുന്ന വിടവാങ്ങൽ സന്ദേശമാണ് ഉള്ളടക്കം. ക്രിസ്തീയജീവിതം അവശ്യം യുഗാന്ത്യോന്മുഖജീവിതമാണ്. അപ്രകാരമുള്ള ജീവിതത്തിൽ അനുഭവപ്പെടാവുന്ന പരീക്ഷണങ്ങളെയും സഹനങ്ങളെയുംപറ്റിയുള്ള മുന്നറിയിപ്പും മിശിഹായുടെ പുനരാഗമനംവരെ വിശ്വസ്തമായി പ്രത്യാശാപൂർവം കാത്തിരിക്കാനുള്ള ആഹ്വാനവുമാണ് ഈ പ്രഭാഷണം നല്കുന്നത്.

ഈ പ്രഭാഷണത്തിൽ അഞ്ചു ഭാഗങ്ങളാണുള്ളത്: 1. ദൈവാലയനാശത്തെപ്പറ്റിയുള്ള പ്രവചനം (13,1-2); മതപീഢനത്തെക്കുറിച്ച് (13,3-13); 3. യുഗാന്തത്തെക്കുറിച്ച് (13,14-23); 4. മനുഷ്യപുത്രന്റെ ആഗമനത്തെപ്പറ്റി (14,24-31); 5. സദാ ജാഗരൂകരായിരിക്കാനുള്ള ആഹ്വാനം (13,32-37).

### 1. പുരോഹിതൻ: ദൈവാലയ കേന്ദ്രീകൃത ശുശ്രൂഷകൻ

*"ഈശോ ദൈവാലത്തിൽനിന്നു പുറത്തുവന്നപ്പോൾ, ശിഷ്യന്മാരിൽ ഒരുവൻ പറഞ്ഞു: ഗുരോ, നോക്കൂ, എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ! അവൻ പറഞ്ഞു: ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിൽമേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടും" (13,1-2).*

ദൈവാലയത്തിൽനിന്ന് ഈശോ പുറത്തുവന്നപ്പോൾ ശിഷ്യന്മാരിൽ ഒരുവൻ യഹൂദമതത്തിന്റെ ഏകകേന്ദ്രമായിരുന്ന ദൈവാലയത്തിന്റെ വലിയ കല്ലുകളും വിസ്മയകരമായ സൗധങ്ങളും ഈശോയെ ചൂണ്ടിക്കാണിച്ചു. മറുപടിയായി ഈ മഹാസൗധങ്ങൾ കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകരുന്ന സമൂലനാശ

ത്തെപ്പറ്റി ഈശോ പ്രവചിച്ചു. ഇതുവരെ ഈശോ ദൈവാലയകേന്ദ്രീകൃതമായിട്ടാണ് തന്റെ ശുശ്രൂഷ നിർവഹിച്ചത്. ദൈവാലയത്തിൽ ക്രമമായി പോവുകയും അവിടെ പഠിപ്പിക്കുകയും ചെയ്യുന്ന പതിവ് ഈശോയ്ക്കുണ്ടായിരുന്നു. തന്റെ പിതാവിന്റെ ഭവനമെന്ന് ദൈവാലയത്തെ അവിടുന്നു വിശേഷിപ്പിച്ചു (യോഹ 2,16). അവിടെനിന്നും ഈശോ പുറത്തേക്കു പോകുന്നത് ദൈവാലയത്തെ നാശത്തിനു കൈവിടുന്നതിന്റെ സൂചനയാണ്. പഴയനിയമദൈവജനത്തിന്റെ പ്രതീക്ഷകൾ പൂർത്തിയാക്കിക്കൊണ്ട് അവരുടെ മദ്ധ്യേ കടന്നുവന്ന മിശിഹായെ പൂർണമായും തിരസ്കരിച്ചതിന്റെ ഫലമായി അവർ ദൈവജനമല്ലാതായിത്തീരുന്നു എന്നതിന്റെ സൂചനയാണ് ഈശോയുടെ പുറത്തുപോകലും ദൈവാലയനാശത്തെക്കുറിച്ചുള്ള പ്രവചനവും. ജറുസലേമിനെയും ദൈവാലയത്തെയും നോക്കി കരഞ്ഞ ഒലിവുമലയിലിരുന്നുകൊണ്ടാണ് ഈശോ ഈ പ്രവചനം നടത്തുന്നത് (ലൂക്കാ 19,41-44).

പഴയ ദൈവാലയത്തിന്റെയും ദൈവജനത്തിന്റെയും സ്ഥാനത്ത് അന്ത്യോന്മുഖമായ പുതിയ ദൈവാലയവും ദൈവജനവും സ്ഥാപിക്കപ്പെടുന്നു എന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്. ഉത്ഥിതനായ മിശിഹാതന്നെയാണ് പുതിയ ദൈവാലയം (യോഹ 2,19). മിശിഹായാകുന്ന പുതിയ ദൈവാലയ കേന്ദ്രീകൃതമായ ആരാധനയാണ് പിതാവിനെ സത്യത്തിലും അരൂപിയിലും ആരാധിക്കുന്ന യഥാർത്ഥ ആരാധന (യോഹ 4,23-24). അപ്രകാരമുള്ള ആരാധകരായ പുതിയ ദൈവജനത്തിനു രൂപം കൊടുക്കേണ്ടവനാണ് പുരോഹിതൻ. ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാശുശ്രൂഷയിലൂടെയാണ് പുരോഹിതൻ പുതിയ ദൈവജനത്തിനു രൂപം കൊടുക്കേണ്ടത്. ഇപ്രകാരം പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായി, യഥാർത്ഥ ആരാധകരുടെ സമൂഹമായി, സഭയെ കെട്ടിപ്പടുക്കുന്ന ശുശ്രൂഷയാണ് പുരോഹിതൻ നിർവഹിക്കേണ്ടത്.

### 2. പുരോഹിതൻ: രക്തസാക്ഷിത്വം വരിക്കാൻ തയ്യാറുള്ള ശുശ്രൂഷകൻ

*“അവർ നിങ്ങളെ ഏല്പിച്ചുകൊടുക്കാൻ കൊണ്ടുപോകുമ്പോൾ എന്തു പറയണം എന്നു വിചാരിച്ച് ഉത്ക്കണ്ഠാകുലരാകേണ്ട. ആ സമയത്തു നിങ്ങൾക്കു ലഭിക്കുന്നതെന്തോ അതു സംസാരിക്കുവിൻ. നിങ്ങളല്ല, പരിശുദ്ധാത്മാവായിരിക്കും സംസാരിക്കുക. സഹോദരൻ സഹോദരനെയും പിതാവു പുത്രനെയും മരണത്തിന് ഏല്പിച്ചുകൊടുക്കും. മക്കൾ മാതാപിതാക്കന്മാരെ എതിർക്കുകയും അവരെ വധിക്കുകയും ചെയ്യും. എന്റെ നാമത്തെപ്രതി നിങ്ങളെ എല്ലാവരും ദ്വേഷിക്കും. അവസാനംവരെ സഹിച്ചു നില്ക്കുന്നവൻ രക്ഷ പ്രാപിക്കും” (13,11-13).*

ഈ സുവിശേഷഭാഗത്ത് വിശ്വാസികൾക്കു വരാനിരിക്കുന്ന ക്ലേശങ്ങളെപ്പറ്റിയാണ് ഈശോ പ്രവചനരൂപേണ പറയുന്നത്. അതോടൊപ്പം ഉപദേശവും നിർദ്ദേശവും വാഗ്ദാനവും നല്കുന്നുണ്ട്: “ജാഗരൂകരായിരിക്കുവിൻ” എന്ന താക്കീത് ആവർത്തിച്ചു പറയുന്നുണ്ട്. എന്തെല്ലാം ഭീഷണികൾ ആരിൽനിന്നുണ്ടായാലും മിശിഹായുടെ ശിഷ്യന്മാർ അതിലൊന്നും ഭയപ്പെടാതെ അവരുടെ കടമ നിർവഹിക്കണം. സുവിശേഷം സർവരാജ്യങ്ങളിലും പ്രസംഗിക്കുകയാണ്

അവരുടെ ദൗത്യം. യഹൂദരുടെയും വിജാതീയരുടെയും ന്യായപീഠത്തിനു മുമ്പിൽ നില്ക്കേണ്ടി വരുമ്പോൾ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള അവസരം ശിഷ്യർക്കു ലഭിക്കും. മിശിഹായുടെ ശിഷ്യന്മാരാകയാൽ അവർക്കു ധാരാളം സഹിക്കേണ്ടിവരുമെന്നാണ് മർക്കോസ് സുവിശേഷകൻ തന്റെ വായനക്കാരെ അറിയിക്കുന്നത്. സഹനത്തിന്റെ അവസ്ഥയായിരുന്നു റോമിൽ ക്രൈസ്തവർക്കുണ്ടായിരുന്നത്. ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നത് അപകടകരമായ ഒരു കാര്യമായി തീരുമെന്ന മുന്നറിയിപ്പാണ് ഈശോ നല്കുന്നത്. ഈശോയിൽ വിശ്വസിക്കുന്നുവെന്നതിന്റെ പേരിൽമാത്രം ലോകം അവരെ വെറുക്കുമെന്നും നിരവധി ക്ലേശങ്ങൾ അവർക്കു സഹിക്കേണ്ടിവരുമെന്നുമാണ് ഇവിടെ മുൻകൂട്ടി പറയുന്നത്.

ഇപ്രകാരം സഹനങ്ങളുണ്ടാകുമ്പോൾ ഉൽക്കണ്ഠാകുലരാകേണ്ട എന്നു പറഞ്ഞ് ഈശോ ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയാണ്. ഈശോയുടെ നാമത്തിന് സാക്ഷ്യം വഹിക്കുന്നതിന്റെ പേരിൽ ന്യായാധിപസംഘത്തിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടുമ്പോൾ എന്തു പറയണമെന്നതിനെക്കുറിച്ച് വേവലാതിപ്പെടേണ്ട എന്നാണ് ഈ വാക്യങ്ങളിൽ ഉറപ്പുകൊടുക്കുന്നത്. പരിശുദ്ധാത്മാവ് വേണ്ടവിധം അവരെ ശക്തിപ്പെടുത്തും എന്ന ഉറപ്പാണ് ഈശോ നല്കുന്നത്. പരിശുദ്ധാത്മാവ് മനുഷ്യാതീതമായ ശക്തിയാണ്. ലൂക്കായുടെ സുവിശേഷത്തിൽ സുവിശേഷസാക്ഷ്യത്തിനായി ശിഷ്യരെ പറഞ്ഞുവിടുമ്പോൾ ഈശോ പറയുന്നു: "ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). ഇപ്രകാരം പരിശുദ്ധാത്മാവാകുന്ന ശക്തി ധരിച്ച്, രക്തസാക്ഷിത്വമുൾപ്പെടെയുള്ള സഹനങ്ങളെ നേരിട്ട് സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ പുരോഹിതൻ തയ്യാറാകണം. അപ്രകാരം ഏതു ജീവിതസാഹചര്യങ്ങളിലും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ തന്റെ ഇടവകാസമൂഹത്തെ പുരോഹിതൻ ഒരുക്കുകയും വേണം.

### 3. പുരോഹിതൻ: മാനസാന്തരത്തിന് ആഹ്വാനം ചെയ്യുന്ന ശുശ്രൂഷകൻ

"*ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭം മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും ഇനിയൊരിക്കലും ഉണ്ടാകാത്തതുമായ കഷ്ടതകൾ ആ ദിവസങ്ങളിൽ ഉണ്ടാകും. കർത്താവ് ആ ദിവസങ്ങൾ ചുരുക്കിയില്ലായിരുന്നെങ്കിൽ ഒരുവനും രക്ഷപെടുകയില്ലായിരുന്നു. എന്നാൽ, തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി അവിടുന്ന് ആ ദിവസങ്ങൾ ചുരുക്കി*" (13,19-20).

ജറുസലേമിന്റെ നാശം സംഭവിക്കുമ്പോൾ അതിനിരയാകാതെ ഓടി രക്ഷപെടണമെന്നാണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. സോദോം-ഗൊമോറ ദൈവകോപത്താൽ നശിപ്പിക്കപ്പെടുന്നതിനു മുമ്പ് ലോത്തും കുടുംബവും പലായനം ചെയ്തതുപോലെ, ദൈവത്തിന്റെ ആലയം അശുദ്ധമാക്കിയതുകൊണ്ടുണ്ടാകുന്ന ദൈവശിക്ഷയിൽനിന്ന് രക്ഷപെടുവാൻവേണ്ടി പലായനം ചെയ്യണമെന്നാണ് ഇവിടെ പറയുന്നത്. യുഗാന്തപ്രഭാഷണമെന്ന നിലയിൽ ഇത് അടുത്ത വാക്യങ്ങളിൽ വിവരിക്കുന്ന മനുഷ്യപുത്രന്റെ ആഗമനത്തോടു കൂട്ടിവായിക്കേണ്ട ഒന്നാണ്. മനുഷ്യപുത്രന്റെ ആഗമനത്തെ അറിയിക്കുന്ന അടയാളങ്ങളായി

ഇവയെ കണക്കിലെടുക്കണം. "അത്തിമരത്തിൽനിന്നു പഠിക്കുവിൻ. അതിന്റെ കൊമ്പുകൾ ഇളതായി തളിർക്കുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. അതുപോലെതന്നെ ഇക്കാര്യങ്ങൾ സംഭവിക്കുന്നതു കാണുമ്പോൾ അവൻ സമീപത്ത്, വാതിൽക്കൽ എത്തിയിരിക്കുന്നുവെന്ന് ഗ്രഹിച്ചുകൊള്ളുക" (13,28-29). പ്രകൃതിയുടെ അടയാളങ്ങൾ തിരിച്ചറിയുവാൻ കഴിവുള്ള മനുഷ്യൻ ദൈവം തരുന്ന രക്ഷാകര അടയാളങ്ങൾ തിരിച്ചറിയുന്നവനാകണം.

പ്രകൃതി ദുരന്തങ്ങളും അനിഷ്ട സംഭവങ്ങളുമൊക്കെ മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായി കാണണമെന്നുള്ള ഒരു സന്ദേശമാണ് ഇവിടെ നല്കുന്നത്. ക്രൈസ്തവജീവിതം അവശ്യം മനുഷ്യപുത്രന്റെ വരവിനെ കാത്തിരിക്കുന്ന അന്ത്യോന്മുഖജീവിതമാണെങ്കിൽ, രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണായകമായിത്തീരുന്ന ആ സംഭവത്തിന് മാനസാന്തരത്തിലൂടെ ഒരുങ്ങുവാൻ ദൈവം തരുന്ന അടയാളങ്ങളാണ് പ്രകൃതിദുരന്തങ്ങളും അനിഷ്ടസംഭവങ്ങളും. ലൂക്കായുടെ സുവിശേഷത്തിൽ ഇതു വ്യക്തമായി പറയുന്നുണ്ട്. ഗലീലിയാക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ സംഭവവും, സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു പതിനെട്ടുപേർ കൊല്ലപ്പെട്ട സംഭവവും മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായിരുന്നു. ഈ ദുരന്തങ്ങൾക്കിരയായവർ മറ്റുള്ളവരെക്കാൾ പാപികളല്ലായിരുന്നു എന്ന് ഈശോ അവിടെ വ്യക്തമായി പറയുകയും എല്ലാവരെയും മാനസാന്തരത്തിന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ട്: "അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13,3.5). അതുകൊണ്ടു ദുരന്തങ്ങളെ മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള, മാനസാന്തരപ്പെട്ട ജീവിതത്തിനുള്ള, ആഹ്വാനങ്ങളായി കാണുവാൻ പുരോഹിതനു കഴിയണം; അപ്രകാരം കാണുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

### 4. പുരോഹിതൻ: രണ്ടാമാഗമനാനുഭവമുള്ള ശുശ്രൂഷകൻ

"*അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്ത്വത്തോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും. അപ്പോൾ, അവൻ ദൂതന്മാരെ അയയ്ക്കും. അവർ ഭൂമിയുടെ അതിർത്തികൾ മുതൽ ആകാശത്തിന്റെ അതിർത്തികൾ വരെ നാലു ദിക്കുകളിലുംനിന്ന് അവരെ തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിപ്പിച്ചുകൂട്ടും*" (13,26-27).

മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെപ്പറ്റിയാണ് ഈ സുവിശേഷഭാഗം പരാമർശിക്കുന്നത്. ലോകാവസാനവുമായി ബന്ധപ്പെടുത്തിയാണ് രണ്ടാമാഗമനത്തെ അവതരിപ്പിക്കുന്നതെന്ന പ്രതീതിയാണ് ഇവിടെയുള്ളത്. പ്രവചിക്കപ്പെട്ട നാശത്തിനു ശേഷമേ ദൈവത്തിന്റെ ഇടപെടൽ ഉണ്ടാവുകയുള്ളൂ എന്നാണ് ഈ വചനഭാഗം അർത്ഥമാക്കുന്നത്. ദാനിയേൽ 7,13-14 നെ ആസ്പദമാക്കിയുള്ള പ്രസ്താവനയാണിത്. മനുഷ്യപുത്രൻ മേഘങ്ങളിൽ എഴുന്നള്ളി വരുന്നതിനെപ്പറ്റിയാണ് ദാനിയേലിന്റെ പുസ്തകത്തിൽ പറയുന്നത്. മനുഷ്യപുത്രനായ ഈശോയുടെ യുഗാന്ത്യത്തിലെ മഹത്ത്വപൂർണമായ ആഗമനം

ദൈവത്തിന്റെ വിജയം വിളിച്ചോതുന്നതായിരിക്കും. ദൈവത്തിന്റെ രക്ഷയെപ്പറ്റിയുള്ള പ്രത്യാശയും കാത്തിരിപ്പും ആദിമക്രൈസ്തവരുടെ ജീവിതത്തിൽ ആനന്ദവും ആവേശവും പകർന്നിരുന്നു. ആധുനിക മനുഷ്യന്റെ പ്രത്യാശയും കാത്തിരിപ്പും കൂടുതൽ കൂടുതൽ സാമ്പത്തിക വികസനത്തിനും ഭൗമികപറുദീസായുടെ നിർമ്മാണത്തിനുംവേണ്ടിയാണ്. ഈ പശ്ചാത്തലത്തിൽ മിശിഹാശിഷ്യർ വീണ്ടെടുക്കേണ്ടത് ദൈവത്തിന്റെ രക്ഷാകരമായ ഭാവിയെപ്പറ്റിയുള്ള തീക്ഷ്ണമായ പ്രത്യാശയും സന്തോഷനിർഭരമായ കാത്തിരിപ്പുമാണ്.

ലോകാവസാനവുമായി ബന്ധപ്പെട്ടുള്ള മിശിഹായുടെ നിർണായകമായ രണ്ടാമാഗമനം വ്യക്തികളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമാകുന്നത് അവരുടെ മരണസമയത്താണ്. എന്നാൽ ഈ രണ്ടാമാഗമനാനുഭവം മരണസമയത്തിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ല. ഇത് മാമ്മോദീസാനുഭവത്തിൽ ആരംഭിക്കുന്നതാണ്. മാമ്മോദീസായിൽ നാം ഉത്ഥിതനായ മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളായിത്തീരുന്നു. മിശിഹായുടെ ഉത്ഥാനത്തോടുകൂടി രണ്ടാമാഗമനത്തിനു തുടക്കം കുറിച്ചുവെങ്കിൽ, ഉത്ഥിതനായ മിശിഹായുടെ രണ്ടാമാഗമനാനുഭവം നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതിന് തുടക്കംകുറിക്കുന്നത് മാമ്മോദീസായിലാണ്. പിന്നീട് കൂദാശാസ്വീകരണവേളകളെല്ലാം ഈ രണ്ടാമാഗമനാനുഭവം നവീകരിക്കപ്പെടുന്ന സന്ദർഭങ്ങളാണ്. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് പരിശുദ്ധ കുർബാനാനുഭവമാണ്. അപ്രകാരം പരിശുദ്ധ കുർബാനാനുഭവത്തിൽ കേന്ദ്രീകൃതമായ കൂദാശാജീവിതത്തിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും രണ്ടാമാഗമനാനുഭവം നവീകരിച്ചുകൊണ്ടു ജീവിക്കുന്ന വ്യക്തികൾക്കാണ് മരണസമയത്തുള്ള രണ്ടാമാഗമനാനുഭവം നിത്യമായ രക്ഷയുടെയും സന്തോഷത്തിന്റെയും അനുഭവമായിത്തീരുന്നത്. അപ്രകാരം മിശിഹായുടെ രണ്ടാമാഗമനം അനുഭവിക്കുവാൻ കുർബാനയർപ്പിക്കുന്ന പുരോഹിതനു കഴിയണം. കുർബാനയിൽ പങ്കെടുക്കുന്നവരെ പുരോഹിതൻ അപ്രകാരം പരിശീലിപ്പിക്കുകയും വേണം.

**5. പുരോഹിതൻ: ജാഗരൂകനായ ശുശ്രൂഷകൻ**

"*എന്നാൽ, ആ ദിവസത്തെക്കുറിച്ചോ ആ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലുള്ള ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ. ശ്രദ്ധാപൂർവം ഉണർന്നിരിക്കുവിൻ. സമയം എപ്പോഴാണെന്ന് നിങ്ങൾക്കറിവില്ലല്ലോ. വീടുവിട്ടു ദൂരേയ്ക്കു പോകുന്ന ഒരുവൻ സേവകർക്ക് അവരവരുടെ ചുമതലയും കാവൽക്കാരന് ഉണർന്നിരിക്കാനുള്ള കല്പനയും നല്കുന്നതുപോലെയാണ് ഇത്*" (13,32-33).

ശ്രദ്ധാലുക്കളായിരിക്കുവിൻ, ജാഗരൂകരായിരിക്കുവിൻ എന്ന താക്കീത് നല്കിക്കൊണ്ടാണ് ഈ വചനഭാഗം (13,32-37) ആരംഭിക്കുന്നതും അവസാനിക്കുന്നതും. മനുഷ്യപുത്രന്റെ ആഗമനത്തിന്റെ ദിവസമോ മണിക്കൂറോ അജ്ഞാതമായതുകൊണ്ടാണ് ഈ താക്കീതിനു പ്രാധാന്യമേറുന്നത്. ഈ വചനഭാഗത്ത് ഒരുപമകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വീട്ടുടമസ്ഥൻ പുറത്തുപോയിക്കഴിയുമ്പോൾ അദ്ദേഹത്തിന്റെ തിരിച്ചുവരവിന്റെ സമയം അറിയാത്തതുകൊണ്ട് വാതിൽക്കാവൽക്കാരൻ എപ്പോഴും ജാഗരൂകനായിരിക്കേണ്ടതിന്റെ ആവശ്യക

തയാണ് ഈ ഉപമയിലൂടെ എടുത്തുകാണിക്കുന്നത്. ദൈവത്തിന്റെ യുഗാന്ത ഇടപെടലിനെക്കുറിച്ച്, അഥവാ മിശിഹായുടെ രണ്ടാമാഗമനദിവസത്തെക്കുറിച്ചും മണിക്കൂറിനെക്കുറിച്ചും പിതാവായ ദൈവത്തിനല്ലാതെ മറ്റാർക്കും, സ്വർഗത്തി ലുള്ള ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ എന്നു പറയുന്നത് മനസ്സിലാക്കാൻ പ്രയാസമാണ്. ഒരുപക്ഷേ, മനുഷ്യാവതാരം ചെയ്ത അവസ്ഥ യിൽ ഈശോ പാപമൊഴികെ മനുഷ്യന്റെ എല്ലാ പരിമിതികളും സ്വീകരിച്ചു എന്നതായിരിക്കാം അതിന്റെ കാരണം. ഏതായാലും ഈ അജ്ഞത നിരന്തരം ജാഗരൂകരായിരിക്കേണ്ടതിന്റെ ആവശ്യകതയെ വർദ്ധിപ്പിക്കുന്നു.

ഉപമയിലെ യാത്രയ്ക്കു പോകുന്ന മനുഷ്യൻ ഉത്ഥിതനായ ഈശോയാണ്. യാത്രയ്ക്കു പോകുന്നയാൾ ചുമതല ഏല്പിക്കുന്ന ദാസന്മാർ മിശിഹാശിഷ്യ രുമാണ്. അവർ ജാഗ്രത പാലിക്കേണ്ടത് അവരെ ഏല്പിച്ച ജോലികൾ കൃത്യ മായി നിർവഹിച്ചുകൊണ്ടാണ്. അദ്ദേഹം ഏതു സമയത്തു തിരിച്ചെത്തിയാലും, ഏല്പിച്ച ദൗത്യം ഏറ്റെടുത്തവർ കർമ്മനിരതരായി കാണണമെന്നാണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. മിശിഹാ ശിഷ്യന്മാരെ ഏല്പിച്ച ദൗത്യം സുവിശേഷപ്രഘോ ഷണമാണ്. ഓരോ ക്രൈസ്തവനും സുവിശേഷപ്രഘോഷണദൗത്യം നിർവ ഹിക്കുവാൻ വിളിക്കപ്പെട്ടവനും അയയ്ക്കപ്പെട്ടവനുമാണ്. പ്രത്യേകിച്ച് പുരോ ഹിതർ സുവിശേഷപ്രഘോഷണത്തിനായി നിയോഗിക്കപ്പെട്ടവരാണ്. വി. പൗലോ സ്ശ്ലീഹായുടെ വാക്കുകളിൽ ഓരോ പുരോഹിതനും 'ദൈവത്തിന്റെ സുവിശേ ഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുവാൻ വിളിക്കപ്പെട്ടവനും നിയോഗിക്കപ്പെ ട്ടവനുമാണ്' (റോമാ 15,16). പുരോഹിതന്റെ ത്രിവിധ ദൗത്യങ്ങൾ സുവിശേഷ പ്രഘോഷണദൗത്യത്തിന്റെ ത്രിവിധ വശങ്ങളാണ്: സുവിശേഷം പഠിപ്പിക്കുക (പ്രബോധനദൗത്യം), സുവിശേഷത്തിനനുസൃതമായി ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുക (അജപാലനദൗത്യം), സുവിശേഷം ആഘോഷിക്കുന്നതിന് നേതൃത്വം നല്കുക (വിശുദ്ധീകരണദൗത്യം). ഈ ദൗത്യനിർവഹണത്തിൽ കൃത്യമായി ഏർപ്പെട്ടുകൊണ്ട് ജാഗ്രതയുള്ള ജീവിതം നയിക്കുവാൻ പുരോഹി തനു കഴിയണം.

**ജീവിതസൂചിക**

1. ദൈവാലയകേന്ദ്രീകൃതമായും പരിശുദ്ധ കുർബാന കേന്ദ്രീകൃതമായും ജീവി ക്കുന്ന സഭാസമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കു ന്നുണ്ടോ?
2. രക്തസാക്ഷിത്വത്തിനുപോലും തയ്യാറായി സുവിശേഷസാക്ഷ്യം വഹിക്കു വാൻ എന്റെ സമൂഹത്തെ ഞാൻ ഒരുക്കുന്നുണ്ടോ?
3. ദുരന്തങ്ങളെ മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായി തിരിച്ചറിഞ്ഞ് മാന സാന്തരപ്പെടാൻ ഞാൻ ജനങ്ങളെ സഹായിക്കുന്നുണ്ടോ?
4. മിശിഹായുടെ രണ്ടാമാഗമനത്തിന്റെ അനുഭവം ഏതെല്ലാം വിധത്തിലാണ് എന്റെ സഭാജീവിതത്തിൽ ഞാൻ ഉൾക്കൊള്ളുന്നത്?
5. ഏതെല്ലാം വിധത്തിലാണ് ഉണർവിന്റെ ജീവിതം നയിച്ച് കർത്താവിന്റെ വര വിനായി ഞാൻ ഒരുങ്ങുന്നത്?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**സെപ്റ്റംബർ**

26 രാവിലെ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് പടിക്കൽ നടന്ന മദ്യവിരുദ്ധ ധർണ്ണയിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് CBCI സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പങ്കെടുക്കാനായി ബാംഗ്ലൂരിലേക്ക് യാത്ര തിരിച്ചു.

27-29 CBCI സ്റ്റാന്റിംഗ് കമ്മിറ്റി ബാംഗ്ലൂർ.

30. രാവിലെ അതിരമ്പുഴയിൽ നടന്ന ഫൊറോന യുവജന കൺവൻഷനിൽ സംസാരിച്ചു. പുന്നത്തുറ പള്ളിയിൽ നടന്ന ഫൊറോന യുവജന കൺവൻഷനിൽ സംസാരിച്ചു. പുന്നത്തുറ പള്ളിയിൽ സൺഡേസ്കൂൾ കുട്ടികൾക്കായി നടന്ന സെമിനാറിൽ സംസാരിച്ചു. പുന്നത്തുറ പള്ളിയിൽ വി. കുർബാന അർപ്പിച്ചു. പുന്നത്തുറ ഇടവകയിലെ കണ്ണോങ്കൽ മറിയത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പുന്നത്തുറയിൽ കോട്ടയം അതിരൂപതയിലെ വെള്ളാപ്പള്ളി ഇടവകാംഗമായ മുണ്ടുപാലത്തിങ്കൽ അബ്രാഹാത്തിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് കുറുമ്പനാടം ഫൊറോന പള്ളിയിൽ സംഘടിപ്പിച്ച ഫൊറോന യുവജന കൺവൻഷന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് കുറുമ്പനാടം ഇടവകാംഗമായ മണലിൽ ജോർജുകുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ വീട്ടിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

**ഒക്ടോബർ**

1 വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ചെത്തിപ്പുഴ പള്ളിയിൽ സുവർണ്ണജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

2-6 ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ പങ്കെടുത്തു.

2 പുന്നമട ഇടവകയിലെ കണ്ടത്തിൽ ജോസഫിന്റെ ചരമദിനാചരണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് വില്ലൂന്നി പള്ളിയിൽ സി. അത്തനാസ്സ്യ സി. എം.സിയുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

4 കുമരകം വടക്കുംകര ഇടവക കല്ലറയ്ക്കൽ ത്രേസ്യാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

5 എസ്.ബി. കോളേജിൽ വിൻസെന്റ് ഡി പോളിന്റെ ആഭിമുഖ്യത്തിൽ നടന്ന ഫുഡ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ സെക്രട്ടറി, ശ്രീ. ലാലിച്ചൻ മറ്റത്തിലിന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

6 രാവിലെ അരമന ചാപ്പലിൽ വി. കുർബാനയർപ്പിച്ച് ഡീ. തോമസ് വേങ്ങാശ്ശേരിക്ക് മ്ശംശാനപട്ടം നൽകി. ഉച്ചഴിഞ്ഞ് കുറുമ്പനാടം ഇടവകയിൽ ഇളമ്പളശ്ശേരി കുഞ്ഞച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് തെക്കുമുറി ബഹു. സോണിയച്ചന്റെ സഹോദരന്റെ

മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. സി. ജെസ്‌ലി സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം മേജർ സെമിനാരിക്കാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

7 രാവിലെ ആലപ്പുഴ ആറാട്ടുവഴി പള്ളിയിൽ പൂവേലിൽ ബഹു. ജോസഫ് അച്ചന് പൗരോഹിത്യ പട്ടം നൽകി. പുന്നപ്ര കോളേജ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് പാലിയേറ്റീവ് കെയറിന്റെ അതിരൂപതാതല ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. എസ്.ബി.എച്ച്.എസ്.എസ്. ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

8 മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. അയർക്കുന്നം ഇടവകയിൽ ത്രേസ്യായുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

9–13 ബഹു. വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. വൈദികരുമായി സംസാരിച്ചു.

9 കാവുകാട്ടു പിതാവിന്റെ ചരമവാർഷികാചരണത്തിന്റെ ഭാഗമായി കത്തീഡ്രൽ കബറിട പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പാസ്റ്ററൽ കൗൺസിലിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

10 യുവദീപ്തി-എസ്.എം.വൈ.എം. കലോത്സവ ലോഗോ പ്രകാശനം ചെയ്തു.

11 തുരുത്തി ഇടവകയിൽ പാലാത്ര കടവിൽ ജോസഫ് ഫിലിപ്പിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം വഹിച്ചു.

12 വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് രാവിലെ സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. ജന്മദിനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ക്രിസോസ്റ്റം തിരുമേനിയെയും, നവതി ആഘോഷിക്കുന്ന പാലാ രൂപത മുൻ മെത്രാൻ അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിനെയും അരമനയിൽ സ്വീകരിച്ചു, അവരോടൊപ്പം ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

13 ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു; ചരിത്ര കമ്മീഷന്റെ (Historical Commission) സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം, നിരണം സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികളുമായി സംസാരിച്ചു.

14 ശനിയാഴ്ച രാവിലെ പുന്നത്തുറ പള്ളിയിൽ വി. കുർബാനയർപ്പിച്ച്, ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് തുരുത്തി ഫൊറോനാ പള്ളിയിൽ നടന്ന ഫൊറോനയിലെ പാരീഷ് കൗൺസിൽ അംഗങ്ങളുടെ ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് നവീകരിച്ച ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ദൈവാലയ പുനർകൂദാശ ചെയ്തു സന്ദേശം നൽകി.

15 രാവിലെ പുന്നപ്ര ദനഹാലയയിൽ വി. കുർബാനയർപ്പിച്ച് പുതുതായി സ്ഥാപിച്ച സോളാർ പാനൽ ആശീർവ്വദിച്ചു. പൂന്തോപ്പ് ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന പാരീഷ് ഹാളിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. ഹൈസ്കൂളിൽ നടന്ന എ.കെ.സി.സി. ഇലക്റ്ററൽ കോളേജിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി. 47 അംഗ കമ്മറ്റിയുടെ തിരഞ്ഞെടുപ്പിൽ സാക്ഷ്യം വഹിച്ചു. വൈകുന്നേരം FABC യിൽ പങ്കെടുക്കേണ്ടതിനായി ബാങ്കോക്കിലേയ്ക്കു യാത്ര തിരിച്ചു.

16-20 FABC @ Bangkok, Thailand

21 രാവിലെ കത്തീഡ്രൽ ഇടവകാംഗമായ ജെമിനി ഷാജി ഒളശ്ശയുടെ വീടു വെഞ്ച രിച്ചു. ചാസിന്റെ ജനറൽബോഡി സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകൾക്കായി നടത്തപ്പെട്ട സാഹിത്യശില്പശാ ലയിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് പെരുന്ന ഈസ്റ്റ് ഇടവകയിലെ മുകുന്ദംകേരി മാത്തുക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥി ച്ചു. തുടർന്ന് വൈകുന്നേരം കൊല്ലം-ആയൂർ ഫൊറോനയിലെ കുളത്തുപ്പുഴ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

22 ഇടപ്പാളയം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം തിരു വനന്തപുരം ലൂർദ്ദ് മാതാ എഞ്ചിനീയറിംഗ് കോളേജിന്റെ പുതിയ ഭരണസമിതി യുടെ പ്രഥമയോഗത്തിൽ പങ്കെടുത്തു.

23. രാവിലെ പുന്നക്കുന്നം ഇടവകയിൽ സിമിത്തേരി പള്ളിയിൽ വി. കുർബാന യർപ്പിച്ച ശേഷം പുതുതായി ദൈവാലയം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

24 രാവിലെ പാലാ ചേർപ്പുങ്കൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് അതി രൂപതാകേന്ദ്രത്തിൽ സമ്മേളിച്ച പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെ ടുത്തു. ഉച്ചകഴിഞ്ഞ് മീഡിയാ വില്ലേജിൽ നടന്ന മീഡിയാ ഫെസ്റ്റിവലിൽ പങ്കെ ടുത്ത്, ഗായിക കെ.എസ്. ചിത്രക്ക് ഈ വർഷത്തെ മീഡിയാ അവാർഡ് സമ്മാ നിച്ചു. വൈകുന്നേരം കുറിച്ചി മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ചു സംസാരിച്ചു.

25 രാവിലെ വെട്ടിത്തുരുത്ത് ഇടവകാംഗം മുണ്ടുപറമ്പിൽ ജയമ്മയുടെ മൃതദേഹ ത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുമരങ്കരി എട്ടടിച്ചിറയിൽ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പഞ്ചവത്സര അജപാലനപദ്ധ തി കമ്മറ്റിയുടെ പ്രഥമ യോഗത്തിൽ സംബന്ധിച്ചു.

# മാർ തോമസ് തറയിൽ

**ഒക്ടോബർ**

1-4 റോമിൽ നടന്ന ന്യൂ ബിഷപ്പ്സ് കോൺഫറൻസിൽ പങ്കെടുത്തു.

5 എസ്.ബി. കോളേജ് വിൻസെൻ്റ് ഡീ പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന അഗാപ്പേ ഫുഡ്ഫെസ്റ്റ് ഉദ്ഘാടനം ചെയ്തു. യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ സെക്രട്ടറി, ശ്രീ. ലാലിച്ചൻ മറ്റത്തിലിന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു.

6 കുന്നന്താനം സെഹിയോനിൽ ബ. വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ബ. സോണി തെക്കുമുറി അച്ചന്റെ ജ്യേഷ്ഠന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. Major Seminarians' Gathering ൽ പങ്കെടുത്തു.

7 നവീകരിച്ച പുല്ലങ്ങടി ഹോളി ഫാമിലി ദൈവാലയത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസഅർത്ഥിനികൾക്ക് തിരുവസ്ത്രം നൽകി. സന്ദേശനിലയത്തിൽ പാലിയേറ്റിവ് കെയറിന്റെ ഉദ്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

8 തക്കല സെന്റ് മാത്യു ഇടവക തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ റാസ കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. കുന്നന്താനം സെഹിയോനിൽ വൈദികരുടെ വാർഷികധ്യാനം ആരംഭിച്ചു.

9 ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മാർ മാത്യൂ കാവുകാട്ടു പിതാവിന്റെ ചരമവാർഷികദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10 കുറുമ്പനാടം എഫ്. സി. സി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 തിരുനാളിനോടനുബന്ധിച്ച് കാവാലം വി. അമ്മത്രേസ്യാ ഇടവകദൈവാലയത്തിൽ കൊടിയേറ്റ് നടത്തുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

12 ജന്മദിനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ക്രിസോസ്റ്റം തിരുമേനിയെയും, നവതി ആഘോഷിക്കുന്ന പാലാ രൂപത മുൻ മെത്രാൻ അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിനെയും അരമനയിൽ സ്വീകരിച്ചു, അവരോടൊപ്പം ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു.

13 ഫാത്തിമാ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പാളയം കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ആഘോഷമായ വി. കുർബാനയിൽ പങ്കെടുത്തു.

14 തിരുവനന്തപുരം ലൂർദ്ദ് ഇടവകയിലെ സിവിൽ സർവ്വീസ് അക്കാഡമി വിദ്യാർത്ഥികൾക്കു ക്ലാസെടുത്തു. ഗവൺമെന്റ് ചീഫ് സെക്രട്ടറിയെ സന്ദർശിച്ചു. തിരുവനന്തപുരം ലൂർദ്ദ് ഇടവകയിൽ നടന്ന ലൂർദ്ദ് വിമൺസ് അസോസിയേഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. അമ്പൂരി ഫൊറോനായിലെ പ്രീസ്റ്റ് കോൺഫറൻസിൽ പങ്കെടുത്തു.

15 കിള്ളിയിൽ ജോൺപോൾ ദൈവപരിപാലനഭവനിൽ വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. കൊല്ലം ഫിൽഗിരിയിൽ നടന്ന ഗ്രാന്റ് പേരന്റ്സ് മീറ്റിംഗിൽ പങ്കെടുത്തു.

16 ഇത്തിത്താനം ആയുഷ്യ കോൺവെന്റിൽ വി. കുർബാനയർപ്പിക്കുകയും സന്ദേശം

നൽകുകയും ചെയ്തു. കോതമംഗലം രൂപതയിൽ നടന്ന റീജിയണൽ ബിഷപ്പ്സ് കോൺഫറൻസിൽ പങ്കെടുത്തു

17 ചുങ്കപ്പാറ ഇടവകയിൽ വി. കോച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

18 ബഹു. സി. അത്തനേഷ്യായുടെ ചരമദിനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുറുമ്പനാടം ഫൊറോനാ ദൈവാലയത്തിൽ നടന്ന ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ ശതോത്തര രജതജൂബിലി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ട്രാഡയുടെ ആഭിമുഖ്യത്തിൽ നടന്ന മദ്യവിരുദ്ധ സെമിനാർ ഉദ്ഘാടനം ചെയ്തു. യുവദീപ്തി യുടെ ആഭിമുഖ്യത്തിൽ നടന്ന ബ്ലൈൻഡ് വോക്ക് ഉദ്ഘാടനം ചെയ്തു. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു.

19 തെള്ളകം സെന്റ് ഫ്രാൻസിസ് തിയളോജിക്കൽ സെമിനാരിയിൽ വൈദികാർത്ഥി കൾക്ക് ചെറുപട്ടങ്ങൾ നൽകി. കുറവിലങ്ങാട് മർത്ത്മറിയം ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു.

20 ബ. സെബാസ്റ്റ്യൻ പാലാത്തറ അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ദൈവാലയ ത്തിൽ കാർമ്മികത്വം വഹിച്ചു. മൈലാടി വിൻസെൻഷ്യൻ സെമിനാരിയിൽ വി.കുർബാ നയർപ്പിച്ച് സന്ദേശം നൽകി.

21 കുരിശുംമൂട് സെന്റ് ജോസഫ് കോളേജിൽ ഇന്റർ കോളേജ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കിടങ്ങറ സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. ആലപ്പുഴ കരുണാലയം എസ്.ഡി. കോൺവെന്റിൽ പാലിയേറ്റിവ് കെയർ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫാത്തിമാപുരം ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി.

22 മിഷൻ സൺഡേയോടനുബന്ധിച്ച് കേശവദാസപുരം ഇടവകയിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി. തിരുവനന്തപുരത്ത് ജപമാല പ്രദക്ഷിണത്തിൽ പങ്കെ ടുത്തു സംസാരിച്ചു.

23 ഇത്തിത്താനം ആശാഭവനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24 കുറുമ്പനാടം ജീവോദയ കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

## മാർ ജോസഫ് പവ്വത്തിൽ

**ഒക്ടോബർ**

6 Major Seminarians' Gathering ൽ പങ്കെടുത്ത് സന്ദേശം നൽകി.

7 ആറാട്ടുവഴി ലൂർദ്ദ്മാതാ പള്ളിയിൽ ഡീ. ജോസഫ് പൂവേലിയുടെ തിരുപ്പട്ടസ്വീകരണ ത്തിൽ വചസന്ദേശം നൽകി. സന്ദേശനിലയത്തിൽ പാലിയേറ്റീവ് കെയർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

9 കത്തീഡ്രൽ പള്ളിയിൽ മാർ മാത്യു കാവുകാട്ടു പിതാവിന്റെ അനുസ്മരണത്തോടനു ബന്ധിച്ച് വചനസന്ദേശം നൽകി.

10 മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു

12 ജന്മദിനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ക്രിസോസ്റ്റം തിരുമേനിയെയും, നവതി ആഘോഷിക്കുന്ന പാലാ രൂപത മുൻ മെത്രാൻ അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിനെയും അരമനയിൽ സ്വീകരിച്ചു, അവരോടൊപ്പം ഉച്ചഭക്ഷണത്തിൽ പങ്കുചേർന്നു.

# ENGAGEMENTS

**2017 NOVEMBER**

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1 **3.30 p.m.** House Blessing @ Karukachal

**6.30 p.m.** Monthly Recollection of Rev Fathers @ Archbishop's House

2 **6.30 a.m.** Qurbana @ Punnathura

**2.30 p.m.** Course Inauguration @ Amala, Parel

**6.30 p.m.** Monthly Gathering of Regent Brothers @ Archbishop's House

3 **11.00 a.m.** Qurbana @ Kurumbanadom F. Church

2.30 p.m. - 3.30 p.m. Visitors' Day

**5.30 p.m.** Annual Retreat @ Laikkadu

**6.30 p.m.** DFC Changanacherry Forane camp @ CANA, Thuruthy

4 **11.00 a.m.** Requiem Mass for Rev. Sr. Litty LSDP @ Kunnamthanam

**2.30 p.m.** Koottayama Leaders Meet @ Thathampally

**4.00 p.m.** Presbytery Blessing @ Holy Family, Thathampally

5 **6.30 a.m.** Pastoral Visit @ Kalavoor, Alleppey

**4.00 p.m.** Golden Jubilee Celebration @ Kottackappuram

6 **2.30 p.m.** Science Congress @ SBHSS

7 Engaged

8 **9.30 a.m.** Episcopal Ordination, Rev. Fr Joseph Pamplany @ Thalasserry

9 **4.00 p.m.** Convent Blessing @ Kurumbanadom

10 **10.30 a.m.** Carmel Mount Convention Inauguration @ Chethipuzha

11 **10.00 a.m.** Forane *Pradhinidhi Yogam* @ Changanacherry Cathedral

**11.15 a.m.** MST Jubilee Celebration @ Pastoral Centre

11 **12 p.m.** Prayer for the Dead @ Marth Mariam Church, Thuruthy

**2.30 p.m.** Jubilee Celebration of Rev. Fr Abraham Mupparathara

12 **9.30 a.m.** Fr. John Pottedam Memorial Media Room Blessing & Message @ Punnathura

**2.00 p.m.** Episcopal Ordination of Rev. Fr Sebastian Vaniyapurackal @ Kanjirappally

13 **6.00 p.m.** Inter Department Meet @ Archbishop's House

14 **10.30 a.m.** Gathering of Parish Priests of Rev Brothers @ Kurichy Seminary

15 **2.45 p.m.- 4 p.m.** Visitors' Day

16 **10.00 a.m.** Batch Gathering (2014-2015,2012-2013 Ordination Batches)

**2.00 p.m.** Jubilee Concluding Gathering @ Denahalaya

17 **6.30 p.m.** Monthly Visit @ Niranam Seminary

18 **2.00 p.m.** Episcopal Ordination of Rev Fr Tony Neelankavil @ Thrissur

19 **6.30 a.m.** Pastoral Visit @ Padaharam

**6.00 p.m.** Convention Inauguration @ St. Joseph's Church, Karumady

20 **2.45 p.m.- 4 p.m.** Visitors' Day

**6 p.m.** Presbytery Blessing @ Nedumkunnam

**7 p.m.** Addressing Forane Priest Conference @ Nedumkunnam

21 **9.30 a.m.** Presbyterium

**3.00 p.m.** Reception to Rev. Fr Tom Uzhunnalil @ Cathedral

22 **2.00 p.m.** Episcopal Ordination of Rev. Fr Sebastain Pozholiparambil @ Hosur

23 **10.00 a.m.** Batch Gathering (2013-2014 Ordination Batch)

**6.00 p.m.** Home Day @ Niranam Seminary

24 **2.30 p.m.** Final Profession Ceremony @ FDSHJ, Punnavely

**6.00 p.m.** Ecclesia Inauguration @ Kunnamthanam

25- 29 Visit to Ujjain and Satna Seminaries

30 **12.15 p.m.** Camp for the differently abled @ Asha Bhavan

**2.15 p.m.** Vestition @ CMC Ithithanam

**4.30 p.m**. *Qurbana*, Presbytery Blessing @ Nedumanny

# ENGAGEMENTS

# 2017 NOVEMBER

**Mar Thomas Tharayil**
**Auxiliary Bishop**

1-2 Seminar @ Ruhalaya, Ujjain
3 Symposium @ JDV, Pune
4-5 Beatification Ceremony of Sr Rani Maria @ Indoor
6 **2.30 p.m.** Visitors' Time
7 **9.30 a.m.** Class @ Danahalaya
8 Episcopal Ordination of Rev. Fr Joseph Pamplany @ Thalasserry
9 **9.00 a.m.** Convocation @ MOC Mannanam
**2.00 p.m.** Ordination of Dn. Dinoy Kuruppacherry O.F.M. Cap.
10 **11.30 a.m.** *Qurbana* @ Kudamaloor
**4.30 p.m.** Chempaksserry Shrine Blessing
11 **10.00 a.m.** Diocesan Day @ Thuckalay
**6.00 p.m.** *Qurbana* @ Kilimala SMMI Convent
12 **9.00 a.m.** Parish Day @ Karimpanakulam
**2.00 p.m.** Episcopal Ordination of Rev. Fr Sebastian Vaniyapurackal @ Kanjirappally
13 **4.00 p.m.** *Qurbana* @ Mannanam
14 Engaged
15 **2.30 p.m.** Visitors' Time
**6.30 p.m.** Class @ Minor Seminary
16 **9.00 a.m.** Silver Jubilee @ Danahalaya
**6.30 p.m.** Convention @ Karumady
17 **5.00 p.m.** *Qurbana* @ Mannarkunnu
18 **6.30 a.m.** *Qurbana* @ Priest home
Episcopal Ordination @ Thrissur
19 **10.15 a.m.** Parish Day @ Parel
**4.00 p.m.** *Qurbana* and *Idavakadinam* @ Meenkulam
20 **11.00 a.m.** @ SB College
**4.00 p.m.** *Qurbana* @ Nedumkunnam
21 Presbyterium
22 Episcopal Ordination of Rev. Fr Sebastain Pozholiparambil @ Hosur
23 @ Chaithanya, Thellakom

**2.30 p.m.** @ Kattachira School
**6.00 p.m.** Home Day @ Niranam Seminary
24 **5.00 p.m.** *Thirunal Qurbana* @ Ettumanoor
25 **11.00 a.m.** Marriage @ Kurumpanadam St. Antony's
**2.00 p.m.** FCC Vestition @ Cathedral
**6.00 p.m.** Ecclesia @ Kunnamthanam
26 **9.00 a.m.** *Raza* @ Ayoor
**3.45 p.m.** Idavakadinam @ Nalpathimala
**5.30 p.m.** *Qurbana* @ Kumarakam Nazareth
27-Dec 2 Etawah Mission

## ENGAGEMENTS 2017 NOVEMER

**Mar Joseph Powathil**
**Archbishop Emeritus**

11 Jubilee Celebration @ Kiliroor Church
12 Episcopal Ordination of Rev. Fr Sebastian Vaniyapurackal @ Kanjirappally
16 Jubilee @ Danahalaya
21 Presbyterium
23 Homeday @ Niranam Seminary